2010 നവംബർ
ഹി.ശ 1389 - നുബുവ്വത്ത്
1431 ദുൽഖഅദ് - ദുൽഹജ്ജ്
പുസ്തകം 82 ലക്കം 11
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ് - അതിക്രമികൾക്ക് അധികനാളില്ല**

6 **ആത്മീയമായ ശോഷണം**
ഹദ്റത്ത് അഹ്മദ് (അ)

ഖുത്ബ

7 ***പാകിസ്താൻ: അക്രമികളുടെ കൈകളിൽ***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ലേഖനം

10 ***ഇസ്‌ലാം ലോകസമാധാനത്തിന് ഭീഷണിയോ?***
മൗലാനാ അതാഉൽ മുജീബ് റാശിദ്

16 ***എന്താണ് ദൈവവിധി?***
ഖാലിദ് ശഫീയുല്ലാഹ്

21 ***എസ്സീനികളും ചാവുകടൽ ചുരുളുകളും***
ഏ.എം. മുഹമ്മദ് സലിം

25 ***ആധുനിക കാലത്തെ തിന്മകൾ***
ബിലാൽ അത്കിൻസൺ

29 ***അതിശ്രേഷ്ഠമായ ജീവിതരീതി***
ജനാബ് ബശീർ അഹ്മദ് ഓർച്ചാഡ്

32 ***മതനിന്ദ: റസൂൽ തിരുമേനി(സ)യുടെ പ്രതികരണം (തുടർച്ച)***
എം. നദീം അഹ്മദ് സിദ്ധീഖ്

35 ***മുസ്‌ലിം കക്ഷി നേതാക്കളുടെ പോര്***
ജലാലുദ്ദീൻ കല്പേനി

37 ***അത്ഭുതങ്ങൾ നിറഞ്ഞ ആകാശം***
എം. മുബാറക്ക് അഹ്മദ്, കരുനാഗപ്പള്ളി

കുറിപ്പുകൾ

40 ***അമേരിക്ക ഇറാഖിൽ ചെയ്തത്***

42 ***വാർത്തകൾ***

*മുഖചിത്രം : ചാവുകടൽ ചുരുളുകൾ കണ്ടെടുത്ത ഇസ്രായേലിലെ ഖുംറാൻ താഴ്‌വര, ഇൻസെറ്റിൽ ചുരുളുകളും ചുരുളുകൾ സൂക്ഷിച്ച ഭരണിയും.*

**ചീഫ് എഡിറ്റർ** : മുഹമ്മദ് ഇസ്മായിൽ Mob: 9446656123
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob: 8907182933, 9895263384, **E-mail: salimqld@yahoo.in**
**മാനേജർ** : അഹ്മദ് ഹസ്സൻ Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Muslim Jama-at at Geethanjali Offset Printers, Kundayithode, Feroke, Kozhikode
Published at BAITHUL Quddus, G.H. Road, Kozhikode, Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut

## ഖുർആനിൽ നിന്ന്

അടുത്തുവരാനുള്ളത് ഇതാ അടുത്തിരിക്കുന്നു. അല്ലാഹുവിന് പുറമെ അതിനെ ഒഴിവാക്കുന്ന ഒരു ശക്തിയുമില്ല. അപ്പോൾ ഈ വർത്തമാനത്തെ സംബന്ധിച്ചാണോ നിങ്ങൾ അത്ഭുതപ്പെടുന്നത്? നിങ്ങൾ ചിരിക്കുകയും ചെയ്യുന്നു. നിങ്ങൾ കരയുന്നില്ല! (53:58-61)

## നബിവചനം

അനസ് (റ) നിവേദനം: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'നിങ്ങളുടെ സഹോദരനെ മർദ്ദകനായിരിക്കുമ്പോഴും മർദ്ദിതനായിരിക്കുമ്പോഴും സഹായിക്കുക. അനുചരന്മാർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ മർദ്ദിതനായിരിക്കുമ്പോൾ ഒരാളെ സഹായിക്കുന്നത് ശരി തന്നെ. ഒരു മർദ്ദകനെ ഞങ്ങൾ എങ്ങിനെ സഹായിക്കാനാണ്?' റസൂൽ പ്രതിവദിച്ചു: 'മറ്റുള്ളവരെ മർദ്ദിക്കുന്നതിൽ നിന്നും അയാളെ തടയുക'

**(ബുഖാരി)**

**യുഗശബ്ദം**



# ഭൂമിയിൽ പതിക്കുന്ന ദൈവകോപം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

*ഇത് എപ്പോഴാണ് സംഭവിക്കുക? കുറച്ച് നാളുകൾക്കുള്ളിലോ കുറച്ച് ആഴ്ചകൾക്കുള്ളിലോ കുറച്ച് മാസങ്ങൾക്കുള്ളിലോ കുറച്ച് കൊല്ലങ്ങൾക്കുള്ളിലോ എന്ന് എന്നോട് പറയപ്പെട്ടിട്ടില്ല. അടുത്തോ അകന്നോ എപ്പോൾ അത് സംഭവിച്ചാലും അത് ഒരു ഭൂകമ്പമോ മറ്റെന്തെങ്കിലുമോ ആയാലും അതിന്റെ കാഠിന്യങ്ങൾ ഭയാനകം തന്നെയായിരിക്കും. എന്റെ സഹജീവികളായിട്ടുള്ളവരോടുള്ള അഗാധമായ അനുകമ്പ കാരണം ഞാൻ നിർബന്ധിതനായിത്തീർന്നിട്ടില്ലെങ്കിൽ ഞാനിത് പറയുമായിരുന്നില്ല. അതുകൊണ്ട് കേട്ടുകൊണ്ടാലും, ഞാനിതാ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിരിക്കുന്നു. ഭൂമിയിതാ കേൾക്കുന്നു. സദ്വൃത്തിയിൽ നിന്ന് ആർ വ്യതിചലിക്കുന്നുവോ അകൃത്യങ്ങളിലേക്ക് ചാഞ്ഞിരിക്കുന്നുവോ ഭൂമിയെ തന്റെ പാപങ്ങളാൽ പങ്കിലമാക്കുന്നുവോ അവൻ പിടിക്കപ്പെടും. തന്റെ കോപം ഭൂമിയിൽ പതിക്കാൻ പോകുന്നതായി സർവ്വശക്തൻ താക്കീത് ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഭൂമിയിൽ പാപവും തിന്മയും നിറഞ്ഞിരിക്കുന്നു. ('അൽ ഇൻദാർ' - 1905 ഏപ്രിൽ 5 വിജ്ഞാപനം)*

മുഖക്കുറിപ്പ്

# അതിക്രമികൾക്ക് അധികനാളില്ല

**ലോ**കചരിത്രം നാഗരിക സംസ്കാരങ്ങളുടേയും സാമ്രാട്ടുകളുടേയും ഉത്ഥാനപതനങ്ങളുടെ ചരിത്രം കൂടിയാണ്. ഭൗതികചരിത്രകാരന്മാർക്ക് ഈ ഉത്ഥാനപതനങ്ങൾക്ക് അവരുടേതായ കാരണങ്ങളും വിശകലനങ്ങളും വിശദീകരണങ്ങളും പറയാറുണ്ട്. പക്ഷേ, മാനവചരിത്രം ധാർമ്മികവും നൈതികവുമായ ഒരു അലംഘനീയ സൂത്രവാക്യത്തിനനുസരിച്ചാണ് ചലിക്കുന്നതെന്ന് സൂക്ഷ്മദൃക്കുകൾക്ക് മനസ്സിലാവും. ഈ ചരിത്രപാഠമാണ് നാം സ്വായത്തമാക്കേണ്ടത്.

സാമ്രാജ്യത്വമോഹവും കൊളോണിയൻ മനോഭാവവും വെച്ചുപുലർത്തുന്ന അഹങ്കാരികളും ശക്തിശാലികളുമായ ജനങ്ങൾ തങ്ങൾ കീഴടക്കിയ ദേശങ്ങളെ ഛിന്നഭിന്നമാക്കുകയും അവിടത്തെ ജനതയുടെ സമ്പത്തിനേയും വ്യവസ്ഥയേയും തകർത്ത് തരിപ്പണമാക്കുകയും ചെയ്യുക എന്നത് പൗരാണിക കാലം മുതലേയുള്ള സാമ്രാട്ടുകളുടെ പൊതുസമ്പ്രദായമാണ്. ഈ പാരമ്പര്യത്തെ ചൂണ്ടിക്കാട്ടി ശേബയിലെ രാജ്ഞി ബിൽക്കിസ് പറഞ്ഞകാര്യം ഖുർആൻ ഉദ്ധരിക്കുന്നു:

**അവൾ പറഞ്ഞു: രാജാക്കന്മാർ ഒരു നാട്ടിൽ പ്രവേശിച്ചുകഴിഞ്ഞാൽ അവരതിനെ തകർത്തുകളയുകയും ആ നാട്ടുകാരായ മാന്യന്മാരെ നിന്ദ്യരാക്കുകയും ചെയ്യും. അവർ അങ്ങനെ തന്നെയാണ് ചെയ്യുക'** (27:35).

പക്ഷേ, അങ്ങനെ അക്രമകാരികളും മർദ്ദകരുമായി വാണ ഭരണാധികാരികളും ജനതകളും ചരിത്രത്തിന്റെ സുദീർഘ പ്രക്രിയയിൽ നശിച്ച് നാമാവശേഷമായി പോകുകയാണ് ചെയ്തത്. ഖുർആൻ പറയുന്നു:

**'ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ, എങ്കിൽ ഇവർക്ക് മുമ്പേ ഉണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയായിരിക്കുമെന്ന് ഇവർക്ക് നോക്കിക്കാണാമായിരുന്നു. അവർ ശക്തിയിലും ഭൂമിയിൽ അവർ വിട്ടുപോയ അടയാളങ്ങളിലും ഇവരേക്കാൾ പ്രബലരായിരുന്നു. പക്ഷേ, അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടികൂടി. എന്നാൽ അല്ലാഹുവിനെതിരിൽ ഒരു രക്ഷകനും അവർക്കുണ്ടായിരുന്നില്ല.'** (40:22)

പാവങ്ങളേയും നിസ്സഹായരേയും ആക്രമിച്ചും അവരെ കൂട്ടക്കൊല ചെയ്തും കാലാകാലം ഭൂമിയിൽ ആധിപത്യം സ്ഥാപിക്കാൻ ഒരു ജനതക്കും ഭരണകൂടത്തിനും സാധ്യമല്ല. അമേരിക്കയുടെ നേതൃത്വത്തിൽ പാശ്ചാത്യരാജ്യങ്ങൾ ഇറാഖിൽ ചെയ്തുകൊണ്ടിരിക്കുന്ന അകൃത്യങ്ങൾ ലോകം ഈയ്യിടെ അറിഞ്ഞു നടുങ്ങിപ്പോയി. ഇസ്രായേൽ പാകിസ്താൻ ഭരണക്കൂടങ്ങൾ തങ്ങളുടെ സ്വന്തം ഭരണാതിർത്തിയിലുള്ള ജനങ്ങളോടു ചെയ്തുകൊണ്ടിരിക്കുന്നതും ഇത്തരം ക്രൂരതകളാണ്. ഈ അത്യാചാരങ്ങളും ആക്രമണങ്ങളും അവരുടെ തന്നെ നാശത്തിന് ഹേതുവായിത്തീരുന്നതാണ്.

സ്വേച്ഛാധിപതിയും കൊടുംമർദ്ദകനുമായ ഫിർഔന്റെ കുടുംബത്തിൽപെട്ട ജ്ഞാനിയും വിവേകിയുമായ ഒരാൾ പ്രകടിപ്പിച്ച ആശങ്ക പങ്കുവെച്ചുകൊണ്ട് ഈ കുറിപ്പവസാനിപ്പിക്കാം.

**'എന്റെ ജനമേ, ഇന്ന് നിങ്ങൾക്കാണാധിപത്യം. നാട്ടിൽ ജേതാക്കളാണ് നിങ്ങൾ. എന്നാൽ അല്ലാഹുവിന്റെ ശിക്ഷ നമുക്ക് വരുന്നതായാൽ അതിൽ നിന്ന് നമ്മെ രക്ഷിച്ച് സഹായിക്കുന്നവനാരാണ്? (40:30)**

■

ലേഖനം

ഹദ്റത്ത് അഹ്മദ് (അ)

# ആത്മീയമായ ശോഷണം

ഈ രാജ്യത്ത് പ്രളയസമാനം നിരവധി മതവിഭാഗങ്ങളും മതവൈവിധ്യങ്ങളുമുണ്ട്. ചിന്തക്കും നിരന്തരമായുള്ള വെളിപാടുകൾക്കും ശേഷം എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് അവർ തമ്മിലുള്ള കലഹത്തിന് കാരണം മിക്ക ആളുകളുടെയും ആത്മീയമായ കഴിവുകളുടെയും ദൈവഭയത്തിന്റെയും ശോഷണമാണ്. സത്യവും അസത്യവും തിരിച്ചറിയുന്ന ആത്മീയവെളിച്ചം അവരുടെ മിക്കവരുടേയും ഹൃദയത്തിൽ നിന്ന് നിഷ്ക്രമിച്ചിരിക്കുന്നു. ലോകം നാസ്തികത്വത്തിന്റെ വർണ്ണം സ്വീകരിച്ചുകൊണ്ട്. നാവ് വെറുതെ ദൈവം, പരമേശ്വരൻ എന്നീ വചനങ്ങൾ മാത്രം ഉരവിടുകയാണ്. ഹൃദയം കടുത്ത് കൂടുതൽ നിഷേധത്തിലേക്ക് ചായുന്നു. സദ്കൃത്യങ്ങളുടെ അഭാവം ഇത് സാക്ഷീകരിക്കുന്നു. രഹസ്യത്തിൽ സദ്ജീവിതം നയിക്കുന്നവരുടെ ആത്മാർ ത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ, മതത്തിന്റെ പൊതുവേയുള്ള ലക്ഷ്യം അവഗണിക്കപ്പെടുന്നു. ഹൃദയപരിശുദ്ധി വരുത്തുക, ദിവ്യത്വത്തിന്റെ യഥാർത്ഥസ്നേഹം, ദൈവസൃഷ്ടികളോടുള്ള യഥാർത്ഥത്തിലുള്ള അനുകമ്പ, കരുണ, നീതി, സാധുത്തരം അത് പോലെ സാത്വികത, പരിശുദ്ധി, സത്യം മുതലായ മതത്തിന്റെ യഥാർത്ഥ ചൈതന്യമായ ധാർമ്മികഗുണങ്ങളും കൈവരുത്തുന്നതിൽ ആളുകൾ അശ്രദ്ധരാണ്. മതപരമായ വിവാദങ്ങൾ വർദ്ധിച്ചുവരികയും ആത്മീയത ശോഷിച്ചുവരികയും ചെയ്യുക എന്നത് ദുഃഖകരമാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവത്തെ അറിയലാണ് മതത്തിന്റെ യഥാർത്ഥ ആവശ്യം. അവനോടുള്ള സ്നേഹം ഒരു പരിധിയെത്തിക്കഴിഞ്ഞാൽ പിന്നെ മറ്റെല്ലാറ്റിനോടുമുള്ള സ്നേഹം കരിഞ്ഞുപോകുന്നതാണ്. അവന്റെ സൃഷ്ടികളോടുള്ള അനുകമ്പ ഉണ്ടാവുകയും യഥാർത്ഥ പരിശുദ്ധിയുടെ വസ്ത്രം അണിയുകയും ചെയ്യുന്നു. ഇക്കാലത്ത് മതത്തിന്റെ ഈ ലക്ഷ്യം അവഗണിക്കപ്പെടുകയും മിക്ക ആളുകളും നാസ്തികത്വത്തിന്റെ പല ശാഖകളിലും ഒട്ടിപ്പിടിക്കുകയും ചെയ്തിരിക്കുന്നു. ദൈവത്തെ സംബന്ധിച്ച ബോദ്ധ്യം ദുഃഖകരമാംവിധം ശോഷിച്ചുപോയിരിക്കുന്നു. ഇത് കാരണം തിന്മകൾ ചെയ്യാനുള്ള ധാർഷ്ട്യം വർദ്ധിച്ചുവരികയും ചെയ്യുന്നു. ഒരു കാര്യം വളരെ വ്യക്തമാണ്. ബോധ്യമില്ലാത്ത ഒരു കാര്യം ഹൃദയം പിന്തുടരില്ല. ബോദ്ധ്യമില്ലാതെ ഒരു കാര്യത്തോട് യാതൊരു സ്നേഹവും ഒരാൾക്ക് ജനിക്കുന്നില്ല. അതിനെ ഭയപ്പെടുകയില്ല. എല്ലാതരത്തിലുള്ള ഭയവും സ്നേഹവും ബോദ്ധ്യങ്ങളിൽ നിന്നാണ് സംജാതമാവുക.

ഇക്കാലത്ത് കാണുന്ന പാപത്തിന്റെ ആധിക്യത്തിന് കാരണം ദൈവത്തെപ്പറ്റിയുള്ള ധാരണക്കുറവാണ്. ഒരു സത്യമതത്തിന്റെ ഏറ്റവും വലിയ അടയാളം ദൈവത്തെപ്പറ്റിയുള്ള ബോദ്ധ്യത്തിന്റേയും അവധാരണത്തിന്റേയും നിരവധി വഴികൾ സമർപ്പിക്കുക എന്നതാണ്. ഇതാണ് മനുഷ്യനെ പാപകൃത്യങ്ങളിൽ നിന്നും തടയുന്നത്. ഇത് വഴി മനുഷ്യൻ ദൈവികസൗന്ദര്യത്തെ പറ്റി ജാഗരപ്പെടുകയും അവൻ ദൈവസ്നേഹത്തിൽ നിമഗ്നനാവുകയും ചെയ്യുന്നു. ദൈവത്തിൽ നിന്നുള്ള ബന്ധവിഛേദനം അവന് നരകതുല്യമായി അനുഭവപ്പെടുകയും ചെയ്യുന്നു. പാപത്തിൽ നിന്നും നിർമുക്തനായി ദൈവസ്നേഹത്തിൽ സമർപ്പിതനാവുക എന്നത് മനുഷ്യന്റെ മഹത്തായ ഒരു ലക്ഷ്യമാണ്. അതാണ് ഏറ്റവും സംതൃപ്തകരമായ സ്വർഗ്ഗീയ ജീവിതം. ദൈവസ്നേഹത്തിന് വിരുദ്ധമായതെല്ലാം നരകാഗ്നിയാണ്. അതിന്റെ അന്വേഷണത്തിന്നായി അവൻ തന്റെ ജീവിതം സമർപ്പിക്കുമ്പോൾ ഒരു നരകജീവിതമാണ് അയാൾ നയിക്കുന്നത്. എങ്ങനെയാണ് ഒരാൾക്ക് ഇത്തരം ജീവിതത്തിൽ നിന്ന് മോചനമുണ്ടാവുക? ദൈവികതയെ സംബന്ധിച്ച് അവികലവും പൂർണ്ണവുമായ യഥാർത്ഥജ്ഞാനം ഈ നരകാഗ്നിയിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം ഇതാണെന്ന് ഈ പരിപ്രേക്ഷ്യത്തിൽ ദൈവം ജ്ഞാനം മുഖേന എന്നെ അറിയിച്ചിരിക്കുന്നു. (ലക്ചർ ലാഹോർ 3-4)

■

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
ഖലീഫത്തുൽ മസീഹ് V

ഖുത്വ്ബ

# പാകിസ്താൻ : അക്രമികളുടെ കൈകളിൽ

## 08-10-2010ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവ്വഹിച്ച ഖുത്ബയിൽ നിന്ന്

**'ആ പാരത്രിക ഭവനമാകട്ടെ, ഭൂമിയിൽ ഔദ്ധത്യം നടിക്കാനോ കുഴപ്പമുണ്ടാക്കാനോ ഉദ്ദേശിക്കാത്തവർക്ക് നാം നൽകുന്നതാണ്. ശുഭപര്യവസാനം ദോഷബാധയെ സൂക്ഷിക്കുന്നവർക്കാകുന്നു.'** (28:84)

**'അവരുടെ മനസ്സുകൾക്ക് ആ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് ദൃഢവിശ്വാസമുണ്ടായിരിക്കെ തന്നെ അക്രമമായും അഹങ്കാരമായും അവർ അവയെ നിരാകരിക്കുകയാണുണ്ടായത്. അപ്പോൾ നാശകാരികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക.'** (27:15)

സൽക്കർമ്മങ്ങളും പാപവും, വിനയവും അഹങ്കാരവും, സമാധാനവും സ്നേഹവും കുഴപ്പങ്ങളും, അനുസരണവും ധിക്കാരവും അതുപോലെയുള്ള മറ്റു കാര്യങ്ങളും നന്മതിൻമകളിൽ നമുക്ക് കാണാവുന്നതാണ്. ഇതിന്റെ ഒരു ഭാഗം കാരുണ്യവാനായ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നവരുടെ അടയാളവും രണ്ടാമത്തേത് ശൈത്താന്റെ മടിയിലേക്ക് വീഴുന്നവരുടെ അടയാളത്തിലേക്കുമാണ് വെളിച്ചം വീശുന്നത്. ഇവ രണ്ടും വിപരീത ദിശകളാണ്. അല്ലാഹു നന്മകൾ ചെയ്യാനായി കൽപ്പിക്കുമ്പോൾ ശൈത്താൻ അതിൽ നിന്ന് തടയാനായി ശ്രമിക്കുകയും, ഏതെല്ലാം തിന്മകളിൽ നിന്ന് അല്ലാഹു മനുഷ്യനെ തടയുന്നുവോ ശൈത്താൻ അത് ചെയ്യാനായി കൽപിക്കുകയും ചെയ്യുന്നു. ധിക്കാരം എന്നത് ശൈത്താന്റെ പ്രകൃതത്തിലുള്ളതാണ് . ഇതിനെ കുറിച്ച് അല്ലാഹു ഒരു സ്ഥലത്ത് ഇപ്രകാരം പറയുന്നു. തീർച്ചയായും പിശാച് കാരുണ്യവാനായ അല്ലാഹുവിനെ ധിക്കരിക്കുന്നവനാണ്. ശൈത്താന്റെ പിന്നിൽ നടക്കുന്നവർ അല്ലാഹുവിന്റെ പിടുത്തത്തിൽ വരുമെന്നതിൽ യാതൊരു സംശയവുമില്ല. ഞാൻ നേരത്തെ കേൾപ്പിച്ച രണ്ട് ആയത്തുകളുടെയും അർത്ഥം നിങ്ങൾ കേട്ടു കഴിഞ്ഞു. അതിൽ രണ്ട് തരം ആളുകളെക്കുറിച്ചാണ് പരാമർശിക്കുന്നത്. ഒരു വിഭാഗം അഹങ്കാരത്തിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും സ്വയം രക്ഷപ്പെടുന്നവരും പരമകാരുണികന്റെ ദാസരുമാണ്. എന്നാൽ അനീതിയും അക്രമവും കുഴപ്പങ്ങളും ഉണ്ടാക്കുന്നവർ അഹങ്കാരികളും ശൈത്താന്റെ ശിങ്കിടികളുമാണ്. ഇക്കാരണത്താൽ തന്നെ അല്ലാഹുവിന്റെ നടപടിക്രമമനുസരിച്ച് ഇവർ തങ്ങളുടെ മോശമായ പര്യവസാനത്തിലെത്തിച്ചേരുന്നതാണ്.

പാകിസ്താനിലെ ബഹുഭൂരിഭാഗം പേരും മസ്ലിംകളാണ്. വളരെയധികം പാകിസ്താനി സഹോദരന്മാർ എന്റെ മുമ്പിലിരിക്കുന്നുണ്ട്. ലോകത്തിലെ പല ഭാഗങ്ങളിലും പാക്കിസ്താനി അഹ്മദികൾ വളരെ ശ്രദ്ധയോടെ ഖുത്വുബ കേൾക്കുന്നുണ്ടാകും. നിർഭാഗ്യവശാൽ ദൈവിക കൽപനകൾ പ്രാവർത്തികമാക്കുന്നതിൽ വിദൂരബന്ധം പോലുമില്ലാത്തവരുടെ കൈകളിലാണ് ഇന്ന് പാക്കിസ്താൻ അകപ്പെട്ടിരിക്കുന്നത്. എന്നാൽ അല്ലാഹു നിരോധിച്ച കാര്യങ്ങൾ അവിടെ വ്യാപകമായി നടന്നുവരുന്നു. ഈ വിഭാഗം ഇന്ന് രാഷ്ട്രീയ നേതാക്കൻമാരെയും ഭരണകാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരെയും തങ്ങളുടെ വരുതിയി

ലാക്കിയിരിക്കുന്നു. ഇതിന്റെ ഫല മായി ദിവസേന തീവെപ്പും, കുഴപ്പ ങ്ങളും കൊലപാതകങ്ങളും നടക്കു ന്നതായിക്കാണാം. ചുരുക്കിപ്പറ ഞ്ഞാൽ രാഷ്ട്രീയ പാർട്ടിക്കാരും രാജ്യത്തിന്റെ കാര്യങ്ങൾ ശ്രദ്ധിച്ചു വരുന്നവരുമെല്ലാം ഇത്തരക്കാരായി മാറിയിരിക്കുന്നു. പാകിസ്താന്റെ ആരംഭം മുതൽ ഇന്ന വരെ അഹ്മ ദിയ്യാ ജമാഅത്തിന്റ ഖലീഫമാർ രാഷ്ട്രീയ നേതാക്കന്മാരോടും മറ്റ് പൊതുജനങ്ങളോടും ഈ ഒരു വി ഭാഗത്തിൽ നിന്ന് രക്ഷപ്പെട്ടു കൊ ള്ളാനായി പറഞ്ഞുകൊണ്ടിരുന്നു. ഇവർ ഈ രാജ്യത്തെ മതതീവ്രവാ ദത്തിലേക്ക് കൊണ്ട്പോകാനാണ് ആഗ്രഹിക്കുന്നത്. പൊതജനങ്ങളാ ണെങ്കിൽ തങ്ങളുടെ അറിവില്ലായ്മ കൊണ്ടും ഇസ്‌ലാമിനോടുള്ള സ്നേ ഹം കൊണ്ടും ഈ കഠിനഹൃദ യരുടെ പിടിയിൽ അകപ്പെട്ടിരിക്കു യാണ്. ദാരിദ്ര്യം കാരണം അവർക്ക് ചിന്തിക്കാൻ പോലും സമയം ലഭി ക്കുന്നുമില്ല എന്നതാണ് വാസ്തവം. (അവിടത്തെ ഭൂരിഭാഗവും ദരിദ്ര രാണ്) രാഷ്ട്രീയ നേതാക്കന്മാരാ ണെങ്കിൽ തങ്ങളുടെ കാര്യലാഭത്തി നായി മതവേഷധാരികളുമായി കരാ റുകളിലേർപ്പെടുകയും അവർക്ക് ആവശ്യത്തിലധികം സ്വാതന്ത്ര്യം നൽകുകയും ചെയ്തു. ഇനി ഇവ രില്ലാതെ രാഷ്ട്രീയ പാർട്ടികൾക്ക് ശോഭി ക്കാൻ സാധിക്കുകയില്ല എന്ന് വരെ കാര്യമെത്തിയിരിക്കു ന്നു. മതവേഷധാരികളുടെ കൂട്ട് പിടിക്കാതെ പാർട്ടികൾക്ക് ഇനി നിലനിൽപ്പില്ല എന്നാണ് ഓരോ രാഷ്ട്രീയ പാർട്ടിയും കരുതുന്നത്. എല്ലാം അറിഞ്ഞ്കൊണ്ട് തന്നെ ഇസ്‌ലാമിന്റെ നാമധാരികളും വേഷ ധാരികളുമായ ഇവർക്ക് ഇല്ലാത്ത പ്രാധാന്യം നൽകിയിരിക്കയാണ്.

തൽഫലമായി പാക്കിസ്ഥാനിൽ നി യമ വ്യവസ്ഥയ്ക്ക് യായൊരു വി ലയുമില്ലാത്ത അവസ്ഥവരെ കാര്യ മെത്തിയിരിക്കുന്നു. അത് നാൾ തോറും വർദ്ധിച്ച വരികയാണ്. സി വിലിയൻമാരും നിർബന്ധിതരാണ്. ഇപ്പോൾ വളരെ അപകടരമായ ഒരു ഘട്ടത്തിലാണ് എത്തിനിൽക്കുന്നത്. റേയ്ഞ്ചേർസ് എന്ന സേനാവിഭാഗ ത്തിന് ഒരു കാലത്ത് സമാധാനം സ്ഥാപിക്കുന്ന കാര്യത്തിൽ വളരെ പ്രാധാന്യം നൽകിയിരുന്നു. ഇത് പോലെ മറ്റ് സൈന്യങ്ങൾ പോലും ആധുനികമായ ആയുധങ്ങളുടെ കാര്യത്തിൽ തീവ്രവാദികളുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സ്ഥാ നവുമില്ലായിരുന്നു. തങ്ങളുടെ ലാഭം മാത്രം കാണുന്നവരും തന്നിഷ്ട ക്കാരും ഇസ്‌ലാമിന്റെയും അല്ലാഹു വിന്റെയും പേരിൽ അനീതിയും അ തിക്രമവും ചെയ്യുന്നവരും ഈ രാജ്യത്തെ പരിതാപകരമായ അവ സ്ഥയിലേക്കെത്തിച്ചിരിക്കുന്നു. പ്രത്യക്ഷത്തിൽ എത്രശ്രമിച്ചാലും ഈ രാജ്യത്തെ അക്രമകളിൽ നിന്ന് രക്ഷിക്കാൻ അഹ്മദികൾക്ക് സാധി ക്കുന്നതല്ല. എന്നാൽ ഓരോ പാക്കി സ്ഥാനീ അഹ്മദിയുടെയും രാജ്യ സ്നേഹം അവരിൽ നിന്നാവശ്യപ്പെ ടുന്നത്, തങ്ങൾ രാജ്യസ്നേഹികളാ ണെന്ന് നടിക്കുന്ന ചില നാമധാരി കൾ എത്ര തന്നെ നമ്മെ രാജ്യദ്രോ ഹികളെന്ന് മുദ്രകുത്തിയാലും എല്ലാ വിധ അതിക്രമങ്ങളും നടത്തി യാലും രാജ്യത്തിന് വേണ്ടി പ്രാർ ത്ഥിക്കേണ്ടതാണ്. ഇത് പാകി സ്ഥാ നി അഹ്മദികളുടെ കർത്തവ്യ വുമാണ്. ഈ രാജ്യത്തെ ഭീതിയിൽ നിന്ന് രക്ഷപ്പെടുത്തണമെങ്കിൽ അത് അഹ്മദികളുടെ പ്രാർത്ഥനകൾക്ക് മാത്രമേ കഴിയൂ. പാക്കിസ്താനിൽ നടന്ന് വരുന്ന ഇത്തരം വിനാശകര

മായ പ്രവണതകൾ കാരണം മറ്റ് രാജ്യങ്ങൾ പാക്കിസ്താന് മേൽ പി ടിമുറുക്കുകയാണ്. പാക്കിസ്താ നിൽ തന്നെ പലവിധ കുഴപ്പങ്ങളും തീവ്രവാദങ്ങളും നടത്തിയും സ്വ ത്തുക്കൾ അഗ്നിക്കിരയാക്കിയും തകർത്തും ഈ രാജ്യത്തെ തീർ ത്തും ഇവർ ബലഹീനമാക്കുക യാണ്. ഇതാണോ രാജ്യസ്നേഹം? എല്ലാ തീവ്രവാദ സംഘടനകളിൽ നിന്നും ഇത്തരത്തിലുള്ള പ്രവർത്ത നങ്ങളാണ് കാണാൻ കഴിയുന്നത്. അഹ്മദികൾ ഇപ്പോൾ പാക്കിസ്താ നിൽ ഏറ്റവും കൂടുതൽ അക്രമിക്ക പ്പെടുന്നവരാണ്. അഹ്മദികളുടെ അവകാശങ്ങൾക്കൊന്നും യാതൊ രു വിലയുമില്ല. ഭരണകൂടവുമായും രാഷ്ട്രീയവുമായും നമുക്ക് യാതൊ രു ബന്ധവുമില്ല. എന്നാൽ അജ്ഞ രായ ചില ഭൗതികവാദികളുടെ ധാര ണ, അഹ്മദിയ്യാ ജമാഅത്ത് വ്യവ സ്ഥാപിതമായ ഒരു സംഘടനയാ ണെന്നും ഒരു കാലത്ത് ഇവർ ഭരണം പിടിച്ചെടുക്കുമെന്നുമാണ്. ഞങ്ങൾക്ക് പാക്കിസ്ഥാന്റെ ഭരണപ രമായ കാര്യങ്ങളിലോ ലോകത്തി ലെ മറ്റേത് രാജ്യങ്ങളിലെ ഭരണകാ ര്യങ്ങളിലോ താൽപര്യമില്ല. എന്നാൽ ഒരു രാജ്യക്കാരനെന്ന നിലയ്ക്ക് ആ രാജ്യത്തോട് വിശ്വസ്തതയും കൂറും പുലർത്തുക എന്നത് ഞങ്ങ ളുടെ ബാദ്ധ്യതയാണ്. എല്ലാ രാജ്യ ങ്ങളിലെ അഹമദികളും തങ്ങളുടെ രാജ്യം ലോകരാജ്യങ്ങളുടെ മുൻനി രയിൽ കാണാനാഗ്രഹിക്കുകയും അതിന്നായി ശ്രമിക്കുകയും പ്രാർ ത്ഥിക്കുകയും ചെയ്യുന്നു. അങ്ങനെ തന്നെയാണ് വേണ്ടതും. ഒരഹ്മദി വ്യക്തിപരമായി ചിലപ്പോൾ ഏതെ ങ്കിലും രാജ്യത്തിന്റെ രാഷ്ട്രീയ പാർട്ടികളുമായി ചേർന്ന് പ്രവർത്തി ക്കുന്നു. ലോകത്തിന്റെ വിവിധ രാ

ജ്യങ്ങളിൽ അഹ്മദി വ്യക്തിപരമായി ചിലപ്പോൾ ഏതെങ്കിലും രാജ്യത്തിന്റെ നന്മക്കായി പ്രവർത്തിക്കുകയാണെങ്കിൽ ചിലർ പ്രതിപക്ഷത്ത് അണിനിരന്ന് രാജ്യത്തിന്റെ പുരോഗതിക്കായി പ്രവർത്തനനിരതരാകുന്നു. ഒരു രാജ്യത്തെ പൗരൻ എന്നതിലുപരി അഹ്മദിയ്യാ ജമാഅത്തിനോ, അഹ്മദിയ്യാ ഖിലാഫത്തിനോ ഒരു രാജ്യത്തിന്റെയും ഭരണം കൈക്കലാക്കുന്ന കാര്യത്തിൽ യാതൊരു താൽപര്യവുമില്ല. അത് നമ്മുടെ ഉദ്ദേശ്യവുമല്ല. നമുക്ക് ഹദ്റത്ത് റസൂൽ തിരുമേനി(സ) യുടെ സത്യസന്ധനായ പ്രേമി കാണിച്ചുതന്നെ മാർഗ്ഗം രാജ്യത്തിന്റെ ഭൗതികാധികാരങ്ങളെ വെട്ടിപ്പിടിക്കുക എന്നതല്ല. ആത്മീയ രാജാധികാരം കരഗതമാക്കുക എന്നതാണ് ഞങ്ങളുടെ ഉദ്ദേശം. അല്ലാഹുവിന്റെ പ്രീതിയുടെ കിരീടം കരസ്ഥമാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഏതെല്ലാം ഭരണകൂടങ്ങൾക്ക് രാജ്യത്തിന്റെ പുരോഗതിക്കും നിലനിൽപ്പിനും വേണ്ട അഭിപ്രായങ്ങളും ത്യാഗങ്ങളും ആവശ്യമായി വന്നിട്ടുണ്ടോ അഹ്മദിയ്യാ ജമാഅത്ത് അത് നൽകിവരുന്നു. അഹ്മദികളായ നാം പാകിസ്ഥാനിലും മറ്റും വ്യക്തിപരമായും ജമാഅത്തെന്ന നിലയ്ക്കും എല്ലാവിധ അക്രമങ്ങളും സഹിച്ച്കൊണ്ട് തങ്ങളുടെ രാജ്യക്കാർ ഏതെങ്കിലും ദുരിതങ്ങളിൽ അകപ്പെടുമ്പോൾ വളരെയധികം വിഷമിക്കാറുണ്ട്. ഞങ്ങളുടെ പരിശ്രമം ഭരണത്തിന് വേണ്ടിയല്ല. ഞങ്ങളുടെ പരിശ്രമം രാജ്യത്തിന്റെ നിലനിൽപിനും പൊതുജനങ്ങൾക്കും വേണ്ടിയാണ്. ദുരന്തങ്ങൾ വന്ന് കഴിഞ്ഞാൽ അതിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ ഞങ്ങളുടെ കഴിവിന്റെ പരമാവധി ഞങ്ങൾ പരിശ്രമിക്കുന്നു. ഇത് ഞങ്ങളുടെ പ്രിയ യജമാനൻ ഞങ്ങൾക്ക് മുമ്പിൽ ചെയ്ത് കാണിച്ച മാതൃകകൾ പിൻപറ്റുന്നത്കൊണ്ടാണ് ആ മാർഗ്ഗത്തിലേക്കാണ് അല്ലാഹു വഴികാട്ടുന്നത്. റസൂലിന്റെ ഈ മാർഗ്ഗത്തെ പിൻപറ്റുക എന്നത് നിങ്ങൾക്ക് നിർബന്ധമാണ് എന്നാ ണ് അല്ലാഹു അറിയിച്ചിരിക്കുന്നത്.

മനുഷ്യസ്നേഹിയായ ആ പ്രവാചകൻ നമുക്ക് മുമ്പിൽ സമർപ്പിച്ച മാതൃകകൾ, നിങ്ങളുടെ സ്വന്ത സങ്കടങ്ങളെ മറന്ന് കൊണ്ട് മനുഷ്യന് വേണ്ടി സേവനം ചെയ്യുക എന്നതാണ്. മറ്റൊരു ഉദ്ദേശ്യവും നമ്മുടെ മുമ്പിലില്ല. സ്നേഹം മാത്രം മുന്നിൽവെച്ച്കൊണ്ട് ഇതെ ല്ലാം ചെയ്യുന്നത്. അയൽക്കാരെ സഹായിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ രാജ്യക്കാരും നിങ്ങളുടെ അയൽക്കാരെപോലെയാണ്. രാജ്യത്തിലെ മറ്റുള്ളവർക്ക് വിഷമം നേരിട്ടാലും സൽപ്രകൃതക്കാരായവർക്ക് വിഷമമുണ്ടാകുന്നു. നമുക്ക് അനീതിയുമായോ കുഴപ്പങ്ങളുമായോ യാതൊരു ബന്ധവുമില്ല. ഞങ്ങൾ വിനയത്തിന്റെയും സ്നേഹത്തിന്റെയും പ്രചാരകരാണ്. ജനങ്ങൾ അല്ലാഹുവിൽ നിന്നകലുന്നത്കണ്ട് വിഷമിച്ച ആ നബിയിൽ വിശ്വസിച്ചവരാണ് നാം. അവർ ദൈവിക ശിക്ഷയിൽ അകപ്പെടുന്നത് ആ മഹാനുഭാവന് സഹിക്കുമായിരുന്നില്ല. ജനങ്ങൾ അല്ലാഹുവിനെ മറന്ന്കൊണ്ട് നാശത്തിന്റെ ഗർത്തങ്ങളിൽ വീഴുന്നതിൽ നിന്ന് രക്ഷപ്പെടാനായി രാത്രികളിൽ അവിടന്ന് പ്രാർത്ഥനാനിരതനായി.

നമ്മുടെ യജമാനനായ മുഹമ്മദ് നബിയുടെ സമൂഹത്തിൽ പെട്ടവരോട് നമുക്ക് സഹതാപമുണ്ട്. ഈ സമൂഹം നബിയുടെ സന്ദേശം സ്വീകരിച്ച് ഇമാം മഹ്ദിയെ വിശ്വസിക്കുന്നതിനായി ഞങ്ങൾ ശ്രമം നടത്തിവരുന്നു. അവർ ഈ ലോകത്തും പരലോകത്തും ദൈവികശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്നവരാകട്ടെ.

കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി ഞാനെന്റെ പ്രഭാഷണങ്ങളിലും ഖുത്വുബകളിലും പറയാനുള്ള ഒരു കാര്യം, ഭൂകമ്പങ്ങളുമ പ്രളയവും കൊടുങ്കാറ്റുമെല്ലാം കഴിഞ്ഞ 100 വർഷങ്ങളായി വളരെയധികം ശക്തിപ്രാപിച്ചിരിക്കുന്നു എന്നാണ്. അല്ലാഹുവിനാൽ അയക്കപ്പെട്ട ആൾക്കുള്ള തെളിവുകളാണിത്. ഹ: മസീഹ് മൗഊദ് ഇതിനെകുറിച്ച് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അതായാത് ഭൂകമ്പങ്ങളും കൊടുങ്കാറ്റും പ്രളയങ്ങളും തന്റെ ആഗമനത്തിന് സാക്ഷ്യം പറയുന്നതാണ്. അദ്ദേഹത്തിന്റെ കാലഘട്ടം മുതൽ ഇന്ന് വരെ ഈ ദൈവിക സാക്ഷ്യങ്ങൾ പുലരുന്നു. മറ്റ് രാജ്യങ്ങളെപ്പോലെ ഇത്തര ഭൂകമ്പങ്ങൾ കൊണ്ട് പാകിസ്ഥാനിലും നാശനഷ്ടങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു എന്നത് എല്ലാവർ ക്കുമറിയാം.

ഐക്യരാഷ്ട്രസംഘടനയുടെ റിപ്പോർട്ടനുസരിച്ച് ഈയടുത്തുണ്ടായ പാക്കിസ്ഥാനിലെ വെള്ളപൊക്കം കാരണം എത്രയോ സുനാമികളുണ്ടാക്കുന്ന നാശങ്ങളെക്കാളും വലിയ നാശഷ്ടങ്ങളാണ് സംഭവിച്ച് കൊണ്ടിരിക്കുന്ന ഇത്തരം അടയാളങ്ങൾ മസീഹ് മൗഊദ്(അ) ന്റെ സത്യസാക്ഷ്യങ്ങളാണെന്ന് എല്ലാ അഹ്മദികൾക്കും നന്നായിട്ടറിയാം. ലോകം ഇത് മനസ്സിലാക്കിയില്ലെങ്കിൽ അതിഭയാനകമായ നാശങ്ങളും വരാൻ സാധ്യതയുണ്ട്.

■

മൗലാനാ അതാഉൽ മുജീബ് റാശിദ്
(ഇമാം, ലണ്ടൻ മോസ്ക്)

ലേഖനം

# ഇസ്‌ലാം ലോകസമാധാനത്തിന് ഭീഷണിയോ?

**പോളണ്ടിലെ ജനങ്ങൾക്ക് ഇസ്‌ലാം മതത്തെ പരിചയപ്പെടുത്തിക്കൊണ്ട് വാഴ്സാ യൂണിവേഴ്സിറ്റിയിൽ ലണ്ടൻ മോസ്ക് ഇമാം ചെയ്ത പ്രസംഗം**

ഇസ്‌ലാമിനെ സംബന്ധിച്ച് രണ്ട് ധാരണകളാണുള്ളത്. ഒന്ന് ഇസ്‌ലാമിന്റെ സത്യസന്ധവും യഥാർത്ഥവുമായ അദ്ധ്യാപനങ്ങളിൽ നിന്നുണ്ടായതാണ്. അതിനെ പറ്റി ഞാൻ പിന്നീട് പ്രതിപാദിക്കാം. മറ്റൊന്ന് ഇക്കാലത്തെ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കപ്പെടുന്ന മറ്റൊരു മുഖം. ഈ വശത്തെപ്പറ്റിയാണ് ഞാൻ ഇപ്പോൾ പറയാനാഗ്രഹിക്കുന്നുണ്ട്. നിങ്ങൾക്ക് ഇസ്‌ലാമിനെപ്പറ്റി ഭയമുണ്ടെങ്കിൽ അത് നിരപരാധികളായ ആളുകളുടെ രക്തമൊഴുക്കുകയും ഭീകരത സൃഷ്ടിക്കുകയും ചാവേറാക്രമണം നടത്തുകയും ചെയ്യുന്ന ഇസ്‌ലാമിനെക്കുറിച്ചാണെന്ന് ഞാൻ ഊഹിക്കുന്നു. അല്ലെങ്കിൽ മതസമുദായങ്ങൾക്കിടയിൽ സ്പർദ്ധ ഉണ്ടാക്കുകയും ഭൂരിപക്ഷ മുസ്‌ലിം രാജ്യങ്ങളാൽ ശക്തി ഉപയോഗിച്ച് ന്യൂനപക്ഷങ്ങൾക്ക് മേൽ ശരീഅത്ത് നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഇസ്‌ലാമിനെക്കുറിച്ചായിരിക്കും. അതുമല്ലെങ്കിൽ ഇത്തരം ആക്രമണം നടത്തുകയും ഇത്തരത്തിലുള്ള വീക്ഷണം വെച്ചുപുലർത്തുകയും ചെയ്യുന്ന മുസ്‌ലിം തീവ്രവാദികളെ സംബന്ധിച്ചായിരിക്കും. അതുല്ലെങ്കിൽ മൗലികാവകാശങ്ങൾ നിഷേധിക്കുകയും സ്ത്രീകളോടും അമുസ്‌ലിംകളോടും നിർദയമായി പെരുമാറുകയും ചെയ്യുന്ന ഇസ്‌ലാമിനെക്കുറിച്ചായിരിക്കും. ഇത്തരം ആശങ്കകളെ അടിസ്ഥാനമാക്കിയാണ് നിങ്ങൾ ഇസ്‌ലാമിനെപ്പറ്റിയുള്ള ധാരണകൾ രൂപീകരിച്ചിരിക്കുന്നതെങ്കിൽ ആ ഇസ്‌ലാം നിങ്ങളുടെ രാജ്യമായ പോളണ്ടിനും ഒരു ഭീഷണിയായിരിക്കും. തീർച്ചയായും നിങ്ങളുടെ ഭയാശങ്കകൾക്ക് ന്യായീകരണമുണ്ട്. നിങ്ങൾക്ക് മാത്രമല്ല ഞാനടക്കം ലോകത്തിലെ എല്ലാവർക്കും ഇത്തരം ഭയപ്പാടുകളെക്കുറിച്ച് സന്ദേഹപ്പെടാൻ അവകാശമുണ്ട്. ഞാൻ തന്നെ ഇത്തരം കിരാതമായ ഇസ്‌ലാമിൽ നിന്ന് ഓടിയൊളിക്കാൻ ബദ്ധശ്രദ്ധനാണ്.

എന്തായിരുന്നാലും ഞാൻ നിങ്ങൾക്ക് ഉറപ്പ് തരാനാഗ്രഹിക്കുന്നത് ഇതെല്ലാം തന്നെ ഇസ്‌ലാമിന്റെ വികലമാക്കപ്പെട്ട രൂപങ്ങളും ധാരണകളുമാണ്. അതിന് യഥാർത്ഥ ഇസ്‌ലാമുമായി യാതൊരുബന്ധവുമില്ല. മേൽ പ്രസ്താവിച്ച എല്ലാ അതിക്രമങ്ങളേയും ഇസ്‌ലാം അസന്നിഗ്ധമായി എതിർക്കുന്നു.

വിശുദ്ധ ഖുർആനിലും ഇസ്‌ലാമിക പ്രമാണങ്ങളിലും രേഖപ്പെടുത്തപ്പെട്ട റസൂൽ തിരുമേനി(സ) യുടെ കർമ്മങ്ങളും, അദ്ദേഹത്തിന്റെ വചനങ്ങളുമാണ് യഥാർത്ഥ ഇസ്‌ലമിന്റെ അദ്ധ്യാപനങ്ങൾ. അതിനു വിരുദ്ധമായതൊന്നും ഇസ്‌ലാമികമല്ല. അതുകൊണ്ട് നിങ്ങൾ യഥാർത്ഥ ഇസ്‌ലാം എന്താണെന്നും ഇസ്‌ലാമിനെ ദുരുപയോഗം ചെയ്യുന്നവരുടെ സ്വയംകൃത ഇസ്‌ലാമിക വീക്ഷണമെന്താണെന്നും തിരിച്ചറിയേണ്ടതുണ്ട്.

നിർഭാഗ്യകരമെന്നുപറയട്ടെ, ഇക്കാലത്ത് വലിയൊരു ജനവിഭാഗം ആളുകൾ ഇസ്‌ലാമിന്റെ യഥാർത്ഥ സൗന്ദര്യം എന്താണെന്ന് മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. ഇസ്‌ലാം ശാന്തിയുടെ തിളങ്ങുന്ന വൈഡൂര്യം പോലെയാണ്. ഏത് കോണിൽ നിന്ന് നോക്കിയാലും അത് കേവലം സമാധാനമല്ലാതെ മറ്റൊന്നും പ്രദാനം ചെയ്യുന്നില്ല. ശുദ്ധമായ ശാന്തിമാത്രം. ഇസ്‌ലാമിനെ എന്താണ് സമാധാനത്തിന്റെ മതമാക്കി മാറ്റുന്നത്. ചരിത്രം മുഴുവൻ പരതി നോക്കിയാലും 'സമാധാനം' എന്ന പേര് സ്വീകരിച്ച ഒരു

മതമായി ഇസ്‌ലാമിനെയല്ലാതെ കാണാൻ സാധ്യമല്ല. ആ പദത്തിന് ദൈവത്തിന്റെ ഇച്ഛക്ക് മുന്നിൽ സമ്പൂർണ്ണമായും കീഴടങ്ങുക എന്നും അർത്ഥമുണ്ട്.

ഇസ്‌ലാം മതം ആത്മാർത്ഥമായി വിശ്വസിക്കുകയും അതിനെ അനുധാവനം ചെയ്യുകയും ചെയ്യുന്ന വ്യക്തിയെയാണ് മുസ്‌ലിം എന്ന് പറയുന്നത്. ഒരു മുസ്‌ലിമിന് ഇസ്‌ലാം മതസ്ഥാപകരായ റസൂൽ തിരുമേനി(സ) നൽകിയ നിർവ്വചനം ഇങ്ങനെയാണ്.

***'ഏതൊരു വ്യക്തിയുടെ നാവിൽ നിന്നും കരങ്ങളിൽ നിന്നും മറ്റെല്ലാവരും സുരക്ഷിതരായിരിക്കുന്നുവോ ആ വ്യക്തിയാണ് മുസ്‌ലിം'*** (സുനൻ നസായി വോ. 8 കിതാബുൽ ഈമാൻ). നിർഭാഗ്യകരമെന്നു പറയട്ടെ, ഇക്കാലത്ത് ഇസ്‌ലാം ഭീകരതയുടേയും രക്തച്ചൊരിച്ചിലന്റേയും പര്യായമായി മാറിയിരിക്കുന്നു. ജനതകൾക്കിടയിൽ സ്പർദ്ധ യുണ്ടാക്കുന്ന മതമാണ് ഇസ്‌ലാം എന്ന് ഒരു വലിയ വിഭാഗം ജനങ്ങൾ കരുതുന്നു. വസ്തുതയെന്താണെന്ന് വെച്ചാൽ ഇസ്‌ലാം മതം സമാധാന ത്തിന്റെ ഏറ്റവും മഹത്വമാർന്ന മതവും മുഹമ്മദ് നബി(സ) സമാധാനത്തിന്റെ ഏറ്റവും വലിയ പുരസ്കർത്താവും മനുഷ്യസമുദായത്തിന് ശാന്തിയുടെ സന്ദേശമരുളിയ ഏറ്റവും വലിയ സന്ദേശവാഹകനുമാണ്.

ഈ വിഷയങ്ങളെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ എന്താണ് പറയുന്നതെന്ന് നോക്കാം.

## വിശ്വാസസ്വാതന്ത്ര്യം

വിശുദ്ധ ഖുർആന്റെ, വളരെ ശക്തമായ ഒരു പ്രസ്താവന ഇപ്രകാരമാണ്.

**മതത്തിൽ യാതൊരുവിധ ബലാൽക്കാരുവമില്ല** (2:257).

എല്ലാവർക്കും അവരുടെ വിശ്വാസം സ്വയേച്ഛ പ്രകാരം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യ മുണ്ട് എന്ന് ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. ഭൂമിയിൽ ഒരാൾക്കുംതന്നെ മറ്റൊരുവന്റെ വിശ്വാസകാര്യത്തിൽ കൈകടത്താനോ, ഇസ്‌ലാം മതം നിർബന്ധിച്ചു സ്വീകരിപ്പിക്കാനോ യാതൊരവകാശവുമില്ല. വിശ്വാസസ്വാതന്ത്ര്യം എല്ലാ മനുഷ്യരുടേയും മൗലികാവകാശമാണ്. ഓരോ ആൾക്കും അവർ തിരഞ്ഞെടുക്കുന്ന മതത്തിൽ വിശ്വസിക്കാൻ പൂർണ അധികാരമുണ്ട്.

ഖുർആൻ പറയുന്നു:

**പറയുക, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവർ അവിശ്വസിക്കുകയും ചെയ്യട്ടെ.** (18:30)

ഇസ്‌ലാം വ്യക്തമായ ഒരു സത്യമാണ്. ഏതൊരാളെയും അയാളുടെ വിശ്വാസത്തിനനുസരിച്ച് ജീവിക്കാൻ ഇസ്‌ലാം അനുവദിക്കുന്നു. സ്വീകരിച്ച വിശ്വാസം ഉപേക്ഷിക്കാനും അയാൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. വിശ്വാസകാര്യത്തിൽ യാതൊരു നിർബന്ധവും പാടില്ല. ഒരാളുടെ വിശ്വാസത്തെ നിർബന്ധപൂർവ്വം മാറ്റി ഇസ്‌ലാമിന്റെ പക്ഷത്തേക്ക് കൊണ്ടുവരൽ ഇസ്‌ലാമിൽ അനുവദനീയമല്ല.

## മതപരിത്യാഗത്തിനുള്ള ശിക്ഷ

നിർഭാഗ്യകരമെന്നു പറയട്ടെ, ചില മുസ്‌ലിംകൾ മതം ഉപേക്ഷിക്കുന്നവനെ വധിച്ചുകളയണമെന്ന് പറയുന്നു: എന്നാൽ വാസ്തവം നേരെ മറിച്ചാണ്. ഖുർആൻ എവിടെയും മതപരിത്യാഗിയെ വധിക്കാൻ പറയുന്നില്ല. ഖുർആൻ പറയുന്നു:

**വിശ്വസിക്കുകയും പിന്നീട് അവിശ്വസിക്കുകയും പിന്നെയും വിശ്വസിക്കുകയും അവിശ്വസിക്കുകയും പിന്നീട് അവിശ്വാസം വർദ്ധിക്കുകയും ചെയ്തവരാരോ അല്ലാഹു അവർക്ക് ഒരിക്കലും പൊറുത്തുകൊടുക്കുകയില്ല. അവർക്ക് അവൻ മോക്ഷമാർഗ്ഗം കാണിച്ചുകൊടുക്കുകയുമില്ല.** (4:138)

മതം ഉപേക്ഷിച്ചുപോയവന് വധക്രിയയാണ് ശിക്ഷയെങ്കിൽ അയാൾക്ക് പിന്നെ രണ്ടാമതും എങ്ങനെയാണ് ഇസ്‌ലാമിലേക്ക് തിരിച്ചുവരാൻ കഴിയുക? ചില കാരണങ്ങളാൽ ഒരാൾ മതം ഉപേക്ഷിച്ചു പോകുകയാണെങ്കിൽ അയാൾ ആഗ്രഹിക്കുകയാണെങ്കിൽ തീർച്ചയായും തിരിച്ചുവരാം. മതം വിട്ടുപോവാനും തിരികെ വരാനുമുള്ള അവസരം എല്ലായ്പ്പോഴുമുണ്ട്. യാതൊരുവിധ ഭൗതികശിക്ഷയും ഇക്കാര്യത്തിലില്ല. സമ്മർദ്ദമോ അധികാരശക്തിയോ പ്രയോഗിക്കാൻ ആർക്കും അനുവാദമില്ല.

ഇസ്‌ലാം മതപ്രകാരം മതം എന്നത് തികച്ചും ഒരാളുടെ സ്വകാര്യമായ ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്. ഇസ്‌ലാം മതത്തിന്റെ അധ്യാപനങ്ങളിൽ ഒരാൾ പൂർണ്ണമായും സംതൃപ്തനാണെങ്കിൽ തീർച്ചയായും അയാൾക്ക് ഇസ്‌ലാം മതം സ്വീകരിക്കാവുന്നതാണ്. അയാൾക്ക് ഇസ്‌ലാം മതത്തിൽ പ്രവേശിക്കാൻ തൃപ്തിയില്ലെങ്കിൽ അയാളിൽ യാതൊരുവിധ സമ്മർദ്ദവും ചെലുത്താൻ പാടുള്ളതല്ല. ഇസ്‌ലാം മതം ആശ്ലേഷിച്ചതിന് ശേഷം ഒരാൾ ഇസ്‌ലാം മതം വിട്ടുപോ

വാൻ തീരുമാനിച്ചാൽ തീർച്ചയായും അയാൾക്ക് അതിനുള്ള സ്വാതന്ത്ര്യ മുണ്ട്. സർവ്വശക്തനായ ദൈവം ഇക്കാര്യത്തിൽ പരലോകത്ത് വെച്ച് വിധി പറയും. പക്ഷേ, ഒരാൾക്ക് ഇക്കാര്യത്തിൽ ഇഹലോകത്ത് ശിക്ഷ നൽകാൻ അധികാരമില്ല.

## മതനിന്ദക്കുള്ള ശിക്ഷ

നിരന്തരം ചോദിക്കപ്പെടുന്ന അടുത്ത ചോദ്യം ഇസ്‌ലാമിലെ മത നിന്ദയെ പറ്റിയുള്ളതാണ്. മതവിശ്വാ സികളായ നിരവധി പേർ പ്രത്യേ കിച്ച് മുസ് ലിംകളിൽപ്പെട്ട ധാരാളം പേർ വിശ്വസിക്കുന്നത് മതനിന്ദ ക്കുള്ള ശിക്ഷ മരണശിക്ഷയാണെ ന്നാണ്. അത്തരത്തിലുള്ള വിശ്വാ സം തികച്ചും തെറ്റാണ്.

വിശുദ്ധ ഖുർആൻ ഒരിടത്തും മതനിന്ദക്കുള്ള ശിക്ഷ വധശിക്ഷയാ ണെന്ന് പറഞ്ഞിട്ടില്ല. വധശിക്ഷ പോയിട്ട് അതിനേക്കാൾ കുറഞ്ഞ ശിക്ഷ പോലും ഖുർആൻ പറഞ്ഞി ട്ടില്ല. വസ്തുതയെന്തെന്ന് വെച്ചാൽ ഈ കുറ്റത്തിന് യാതൊരു ഭൗതിക ശിക്ഷയുമില്ല. ഇസ്‌ലാമിനെ സംബ ന്ധിച്ചേടത്തോളം മതനിന്ദയെന്നത് അതിനീചമായ ഒരു കുറ്റകൃത്യമാ ണ്. പക്ഷേ അതിനുള്ള ശിക്ഷ പൂർ ണ്ണമായും അല്ലാഹുവിന്റെ കൈക ളിലാണ്. അവൻ മതനിന്ദക്കാരനായ കുറ്റവാളിയെ ഈ ലോകത്ത് വെച്ച് ശിക്ഷിക്കാം അല്ലെങ്കിൽ പരലോ കത്ത് വെച്ച് ശിക്ഷിക്കാം. എല്ലാ മനു ഷ്യരും ദൈവത്തോട് അവന്റെ ജീവിതത്തെ സംബന്ധിച്ച് മറുപടി പറയേണ്ടി വരുമെന്നിരിക്കെ ഒരു നാൾ ദൈവം മനുഷ്യന്റെ ജീവിത ത്തിനുമേൽ വിധി പറയുന്നതാണ്. ഇത് സംബന്ധിച്ച് ഭൗതികലോകത്ത് ശിക്ഷ നൽകാൻ ദൈവം ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.

## മറ്റു മതങ്ങളുമായുള്ള ബന്ധം

മറ്റു മതവിശ്വാസികളോടുള്ള ഇസ്‌ലാമിന്റെ സമീപനമെന്താണ് എന്നതാണ് ചിലരുടെ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നം. ഇസ്‌ലാം അന്യമതസ്തരെ വെറു ക്കാൻ പ്രേരിപ്പിക്കുന്നുവോ? അതല്ല മറ്റുള്ളവരോട് അനുകമ്പയും കാരു ണ്യവുമാണോ ഇസ്‌ലാമിന്റെ സമീ പനം? ഈ വിഷയത്തിൽ വിശുദ്ധ ഖുർആൻ ഉചിതമായ മാർഗ്ഗദർശനം നൽകുന്നു.

**പറയുക, ഓ ഗ്രന്ഥാനുസാരി കളേ! ഒരാൾക്കും നിങ്ങൾക്കും ഇടയിൽ തുല്യസമാനമായ ഒരു കാര്യത്തിലേക്ക്. അല്ലാഹുവ ല്ലാതെ നാം ആരേയും ആരാധി ക്കുകയില്ലെന്നും അവനോട് യാതൊന്നിനേയും പങ്കുചേർക്കു കയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിന് പുറമെ രക്ഷാധികാരികളാക്കുകയില്ലെ ന്നും (ഉള്ള തത്വത്തിലേക്ക് വരി ക)** (3:65) ഖുർആൻ മറ്റൊരിടത്ത് പ്രസ്താവിക്കുന്നു.

**'നന്മയിലും ഭയഭക്തിയിലും നിങ്ങൾ പരസ്പരം സഹായിക്കു ക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്ക രുത്.** (5:3)

ഇവിടെ മതത്തെ സംബന്ധിച്ച് യാതൊരു പ്രതിപാദനവും ഇല്ല എന്ന കാര്യം ശ്രദ്ധേയമാണ്. നല്ല കാര്യത്തിനുവേണ്ടിയുള്ള ഏതൊരു ക്ഷണവും നിങ്ങൾ സ്വീകരിക്കണ മെന്ന് ഖുർആൻ ഇവിടെ പറയുന്നു. അത് ജൂതനിൽ നിന്നോ ക്രിസ്ത്യാ നിയിൽ നിന്നോ, ഹിന്ദുവിൽനിന്നോ, ബൗദ്ധനിൽ നിന്നോ, നിരീശ്വരവാദി യിൽ നിന്നോ ആരിൽ നിന്നായാലും ശരി. അത്തരം ആഹ്വാനങ്ങളോട് അതാരായിരുന്നാലും മുന്നോട്ട് വന്ന് ആത്മാർത്ഥമായി അവരുമായി സഹകരിക്കണമെന്നാണ് ഖുർആൻ പറയുന്നത്. അവർ ഏതൊന്നിന് വേണ്ടിയാണോ ക്ഷണിക്കപ്പെട്ടത് അത് മാത്രം നോക്കിയാൽ മതി. ആരാണ് ക്ഷണിച്ചതെന്ന് നോക്കേ ണ്ടതില്ല.

മനുഷ്യരാശിക്കാകമാനം ഫല മെടുക്കാവുന്ന മറ്റൊരു സുവർണ്ണ തത്വം ഖുർആൻ പ്രതിപാദിക്കുന്നു. അതായത് എല്ലാ മനുഷ്യവ്യവഹാ രങ്ങളും നീതിയുടെ അടിസ്ഥാന ത്തിലായിരിക്കണമെന്നാണ്. വിശു ദ്ധ ഖുർആൻ പറയുന്നു:

**വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവ രായി അല്ലാഹുവിന് വേണ്ടി നില കൊള്ളുക. ഒരു സമുദായത്തിനോ ടുള്ള വിരോധം. അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ! നിങ്ങൾ (എപ്പോഴും) നീതിപാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹു വിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കു ന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്.** (5:9)

ശത്രുക്കളോട് പോലും നീതി പൂർവ്വം വർത്തിക്കാനാണ് ഇസ്‌ലാം അതിന്റെ അനുയായികളെ ഉദ്ബോ ധിപ്പിക്കുന്നത്. ഇത്തരത്തിൽ ജന ങ്ങൾക്കിടയിൽ സൗഹൃദവും സ്നേ ഹവും ഊട്ടിയുറപ്പിക്കാൻ പ്രതി ജ്ഞാബദ്ധമായ ഒരു മതത്തിന് അന്യർക്ക് മേൽ അക്രമവും വിദ്വേ ഷവും പ്രചരിപ്പിക്കാൻ സാധി ക്കുമോ?

## നിയമവാഴ്ചയോടുള്ള വിധേയത്വം

ഒരു രാജ്യത്തെ നിയമത്തെ അനുസരിക്കുക എന്നത് ഒരു വിശ്വാസിയുടെ മതപരമായ കർത്ത വ്യമാണെന്ന് ഇസ്‌ലാം അനുശാസി ക്കുന്നു. അല്ലാഹുവിനോടും പരി

ശുദ്ധ പ്രവാചകനോടും മാത്രം വിശ്വസ്തത കാട്ടാനല്ല ഖുർആൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നത്. ഏതൊരു അധികാരസ്ഥരുടെ കീഴിലാണോ നിങ്ങൾ ജീവിക്കുന്നത് അവരോടും വിശ്വസ്തയും കൂറും കാട്ടണമെന്ന് ഖുർആൻ നിഷ്കർഷിക്കുന്നു.

**വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുക. ദൂതനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക** (4:60)

ഈയൊരു കർത്തവ്യം നിർവ്വഹണത്തെപറ്റി അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഇപ്രകാരം വിശദീകരിക്കുന്നു:

*'ഒരു യഥാർത്ഥ മുസൽമാൻ തന്റെ രാജ്യത്തെ സഹപൗരനെതിരെ വിദ്വേഷത്തിന്റെ ശബ്ദമുയർത്തില്ല. അപ്രകാരം ഭരണകർത്താക്കൾക്കെതിരെയോ ഭരണകൂടത്തിനെതിരെയോ അയാൾ ശബ്ദമുയർത്തില്ല. ഇത് ഒരു യഥാർത്ഥ മുസൽമാന്റെ കർത്തവ്യമാണ്. അവൻ രാജ്യത്തോട് എപ്പോഴും കൂറുള്ളവനായിരിക്കുകയും അവൻ പൗരത്വമുള്ള രാജ്യത്തിലെ നിയമങ്ങൾ ആത്മാർത്ഥമായി അനുസരിക്കുകയും വേണം* (മോർഡൻ സർറേയിലെ 'ബൈത്തുൽ ഫുതൂഹ്' മോസ്ക് ഉദ്ഘാടനവേളയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന് ഒക്ടോബർ 2003)

## എന്താണ് ജിഹാദ്?

ലക്ഷ്യസാഫല്യത്തിനായുള്ള കഠിനശ്രമം നടത്തുന്നതിനെയാണ് ജിഹാദ് എന്ന അറബിപദം ഉപയോഗിക്കുന്നത്. വിശുദ്ധ ഖുർആനിൽ അല്ലാഹു മനുഷ്യനോടു ജിഹാദിൽ പങ്കെടുക്കാൻ ആഹ്വാനം ചെയ്യുന്നു. അതായത് സദ്കാര്യത്തിലുള്ള കഠിനപ്രയത്നമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇസ്‌ലാമിൽ 'ജിഹാദ്' പല പ്രകാരത്തിലും നിർവ്വഹിക്കാം. എല്ലാം തന്നെ സമൂഹത്തിൽ സമാധാനശ്രമത്തിനുള്ള പ്രവർത്തനങ്ങളാണ്. ഏറ്റവും വലിയ ജിഹാദ് സ്വന്തം ആത്മാവിന്റെ പ്രലോഭനങ്ങളോടുള്ള ജിഹാദാണ്. അതായത്, അത്യാഗ്രഹം, കാമവികാരം, മറ്റു ഭൗതികമായ ദുരകൾ എന്നിവയെ ശമിപ്പിക്കുന്നതിനുള്ള സമരം. ജിഹാദ് ഒരാളെ കൂടുതൽ ആത്മനിയന്ത്രണത്തിൽ കൊണ്ടുവരുന്നു. അത് ഏതൊരു മുസ്‌ലിമിന്റേയും ധർമ്മമാണ്.

വിവേകത്തോടെയും, സഹിഷ്ണുതയോടെയും അന്യരുടെ മതവിശ്വാസത്തെ ബഹുമാനിച്ചും യാതൊരു നിർബന്ധമോ ശക്തിയോ ചെലുത്താതെ ഇസ്‌ലാം മത സന്ദേശം പ്രചരിപ്പിക്കുന്നത് ഒരു തരത്തിലുള്ള ജിഹാദ് ആണ്. വിശ്വാസം, വംശം, ദേശം, വർണ്ണം ഇവക്കതീതമായി മനുഷ്യരെ സേവിക്കുക എന്നത് അവന് മറ്റൊരുവിധത്തിലുള്ള ജിഹാദാണ്. ഇത് സമൂഹത്തിലെ യാതനകളും വേദനകളും ഇല്ലാതാക്കുന്നു എന്ന് മാത്രമല്ല പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുകയും സാമൂഹിക സമാധാനം സാധ്യമാക്കുകയും ചെയ്യുന്നു.

വേറൊരുതരം ജിഹാദും സ്വയം പ്രതിരോധത്തിന്റേതാണ്. അത് പ്രത്യേക സാഹചര്യത്തിൽ മാത്രം പ്രസക്തമായ ഒരു കാര്യമാണ്. മുസ്‌ലിംകൾ മർദ്ദിക്കപ്പെടുകയാണെങ്കിൽ സ്വയം രക്ഷക്കായി മാത്രം ആയുധമെടുക്കാവുന്നതാണ്. മതപരമായ കാരണത്താൽ മാത്രം അവർ മർദ്ദിക്കപ്പെടുകയും അവരുടെ വീടുകളിൽ നിന്ന് ആട്ടിയോടിക്കപ്പെടുകയും അവരുടെ ജീവന് തന്നെ ഭീഷണിയായിത്തീരുകയും ചെയ്യുമ്പോൾ മാത്രമാണ് ഇത്തരത്തിൽ ആയുധമെടുക്കാൻ അനുവാദമുള്ളത്.

വിശുദ്ധ പ്രവാചകൻ (സ) മക്കത്ത് നിന്ന് മർദ്ദനത്താൽ ദൂരെയുള്ള മദീനയിലേക്ക് പോകാനും നിർബന്ധിതനായി. മക്കക്കാർ പ്രവാചകരേയും അനുചരെയും മദീനയിലും ജീവിക്കാനനുവദിച്ചില്ല. അവർ അദ്ദേഹത്തെ അവിടെയും ഇടക്കിടെ ആക്രമിച്ചുകൊണ്ടിരുന്നു. എല്ലാ യുദ്ധങ്ങളും മദീനക്ക് ചുറ്റിലുമായിരുന്നു നടന്നത്. ആരായിരുന്നു മർദ്ദകരെന്ന് ഇത് വ്യക്തമായും സൂചിപ്പിക്കുന്നു.

വിശുദ്ധ ഖുർആൻ മുസ്‌ലിംകളോട് തിരിച്ച് യുദ്ധം ചെയ്യാൻ അനുവാദം നൽകിയ അവസരത്തിൽ മുസ്‌ലിംകൾ മർദ്ദിതരായിരുന്നു. അവർക്ക് സ്വയം പ്രതിരോധിക്കാനും, തിരിച്ച് ആക്രമിക്കാനും അവരുടെ മാനവും സ്വത്തും ജീവനും സംരക്ഷിക്കാനും അനുവാദം നൽകപ്പെടുകയായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു.

**യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു** (22:40)

സ്വയംരക്ഷക്കായി തിരിച്ച് യുദ്ധം ചെയ്യാൻ അനുവാദം നൽകപ്പെടുമ്പോഴും ഇസ്‌ലാം അനുവർത്തിക്കുന്ന മനുഷ്യത്വത്തിന്റേയും മഹാമനസ്കതയുടെയും പാഠങ്ങൾ ശ്രദ്ധിക്കുക. അതായത് ഈ അനുവാദം ഒരിക്കലും പരിധി ലംഘിക്കുന്നവിധം ദുരുപയോഗം ചെയ്യാൻ പാടുള്ളതല്ല. വിശുദ്ധ ഖുർആൻ പറയുന്നു:

**...."അതുകൊണ്ട് വല്ലവനും നിങ്ങളുടെ മേൽ ആക്രമണം നടത്തുകയാണെങ്കിൽ അവനെതിരെ അവൻ നിങ്ങളെ ആക്രമിച്ചത് പോലെ നിങ്ങളും ആക്രമിച്ചുകൊള്ളുക. അല്ലാഹുവിനെ ഭയപ്പെടുക; നിശ്ചയമായും അല്ലാഹു ഭയപ്പെടുന്നവരുടെ കൂടെയാണെന്ന് അറിഞ്ഞിരിക്കുക** (2:195)

സമാധാനത്തിന്റെ ഏറ്റവും വലിയ വക്താവായ ഇസ്‌ലാം, അക്രമത്തിനെതിരെ പ്രതിരോധിക്കുമ്പോൾപോലും പരിധി ലംഘിക്കാൻ പാടില്ല എന്ന് നിഷ്ക്കർഷിക്കുന്നു. അക്രമത്തിനെതിരെ പ്രത്യാക്രമണം നടത്താൻ മുസ്‌ലിംകൾ അനുവദിക്കപ്പെട്ടിരിക്കുന്നുവെങ്കിലും അവർ ആക്രമണം നിർത്തിയാൽ ഉടൻ തന്നെ പ്രത്യാക്രമണവും നിർത്തിവെക്കണമെന്നാണ് ഖുർആന്റെ കല്പന. മുസ്‌ലിംകൾക്ക് അതകൊണ്ട് എന്ത് നഷ്ടം സംഭവിച്ചാലും പ്രതിരോധ പ്രത്യാക്രമണം പ്രവർത്തനങ്ങൾ നിർത്തിവെക്കേണ്ടതാണെന്നാണ് ഇസ്‌ലാമിന്റെ കല്പന.

**'എന്നാൽ അവർ വിരമിക്കുകയാണെങ്കിൽ (അറിയുക) അക്രമികളല്ലാത്തവരുടെ മേൽ യാതൊരു കയ്യേറ്റവും ഉചിതമല്ല'** (2:194)

ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം യുദ്ധം പ്രതിരോധപരമാണ്. ഒരിക്കലും ആക്രമണപരമല്ല. വിശുദ്ധ ഖുർആന്റെ ഈ പ്രസ്താവന വീണ്ടും ആവർത്തിച്ചുറപ്പിക്കുന്നു.

**'നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമകാരികളെ ഇഷ്ടപ്പെടുകയില്ല തന്നെ** (2:191)

ഒരു പ്രതിരോധയുദ്ധം ആവശ്യമായി വരികയാണെങ്കിൽ എന്ത് ചെയ്യണം, എന്ത് ചെയ്യാതിരിക്കണം എന്നത് സംബന്ധിച്ച് മുസ്‌ലിംകൾക്കു ഇസ്‌ലാം വ്യക്തമായ നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. ഉദാഹരണത്തിന് ഇസ്‌ലാമിനെതിരെ സജീവയുദ്ധം നടത്താതിരിക്കുന്ന സിവിലയൻമാരെ ഒരിക്കലും ആക്രമിക്കാൻ പാടില്ല. കൃഷി, അത് പോലെ ഭക്ഷ്യകലവറകൾ, ജലസ്രോതസ്സുകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, ആരാധനാലയങ്ങൾ എന്നിവ നശിപ്പിക്കരുത്. സ്ത്രീകൾ, കുട്ടികൾ, വൃദ്ധന്മാർ എന്നിവരുടെ മേൽ കൈവെക്കാൻ പാടുള്ളതല്ല. ഇത്തരം കർശനമായ നിർദ്ദേശങ്ങൾ ഒരിക്കലും ആക്രമണപരമായ ഒരു യുദ്ധത്തിനുള്ള നിർദ്ദേശങ്ങളല്ലെന്ന് വ്യക്തമാണ്. സമാധാനവാദികളുടെ യുദ്ധനിർദ്ദേശങ്ങളാണവ. അതുകൊണ്ട് ജിഹാദ് എന്നാൽ ഭൂമിയിൽ സമാധാനം സ്ഥാപിക്കാനുള്ള പരിശ്രമമാണ്. സമാധാനം സ്ഥാപിക്കാൻ പര്യാപ്തമല്ലാത്ത ഒരു ശ്രമവും യുദ്ധവും ഒരിക്കലും ജിഹാദ് ആവുകയില്ല.

## ഭീകരത

നിർഭാഗ്യകരമെന്നുപറയട്ടെ, ചില ആളുകൾ ഇക്കാലത്ത് പലവിധ ഭീകരപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. ഇസ്‌ലാം മതത്തിന് കടകവിരുദ്ധമായ ആശയങ്ങൾക്ക് വേണ്ടി അവരുടെ സ്വന്തം മതത്തെ അവർ വഞ്ചിച്ചിരിക്കുകയാണ്. അവരുടെ മതവിശ്വാസത്തെ തന്നെ അവർ ഭീകരമായി അപകീർത്തിപ്പെടുത്തിയിരിക്കുകയാണ്. ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്തുകൊണ്ട് അന്യർക്കെതിരെ ഇസ്‌ലാമിന്റെ പേരിൽ ഇത്തരം ആക്രമണങ്ങൾ നടത്തുന്നവർ ഇസ്‌ലാമിന്റെ സുന്ദരമായ നാമം അപഹരിച്ചിരിക്കുകയാണ്. ആദ്യമായി അവർ അവരുടെ സ്വന്തം മതത്തിന്റെ ലംഘകരാണ്. കൂടാതെ അന്യരെ അക്രമിക്കുന്നതിന്റെ പേരിൽ കഠിനമായ ശിക്ഷ അർഹിക്കുന്നവരും അപലപിക്കപ്പെടേണ്ടവരുമാണ്. അവരാണ് ഇസ്‌ലാമിന്റെ സുന്ദരമുഖത്ത് കരിവാരിത്തേക്കുന്നവർ.

ഇസ്‌ലാമിലെ അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഭീകരവാദത്തെ സംബന്ധിച്ച തന്റെ വീക്ഷണം വ്യക്തമാക്കിയിട്ടുണ്ട്.

*ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം തീവ്രവാദത്തിന്റെ എല്ലാ രൂപങ്ങളേയും അത് അപലപിക്കുന്നു. വ്യക്തികളോ ഗ്രൂപ്പുകളോ ഗവൺമെന്റുകളോ ആരായിക്കൊള്ളട്ടെ അക്രമം പ്രവർത്തിക്കുന്നവരുടെ ഏതൊരു പ്രവൃത്തിയേയും ന്യായീകരിക്കാനോ മൂടിവെക്കാനോ ഇസ്‌ലാം അനുവദിക്കുന്നില്ല... കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലമായി ഭീകരതയും ക്രൂരതയും ഏറ്റുവാങ്ങിയ ഒരു സമൂഹത്തിന്റെ തലവൻ എന്ന നിലക്ക് ഭീകരവാദത്തിന്റെ എല്ലാ പ്രവർത്തനങ്ങളേയും രൂപങ്ങളേയും അതികഠിനമായി ഞാൻ അപലപിക്കുന്നു. മാത്രമല്ല മതങ്ങളെല്ലാം തന്നെ, അവയുടെ നാമങ്ങൾ എന്തുമായിക്കൊള്ളട്ടെ, നിരപരാധികളായ മനുഷ്യരെയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും ദൈവത്തിന്റെ പേരിൽ ചോരയിൽ മുക്കിക്കൊല്ലാൻ അനുവദിക്കില്ല എന്നത് എന്റെ അഗാധസ്പർശിയായ വിശ്വാസമാകുന്നു.* (Murder in the name of Allah - P 116-119)

വിശുദ്ധ ഖുർആനിലെ ഏതാനും ചില അധ്യാപനങ്ങൾ മാത്രമാണ് ഞാനിവിടെ പ്രതിപാദിച്ചത്. ഇസ്‌ലാം എവിടെയും തീവ്രവാ

ദവും ഭീകരവാദവും പ്രോത്സാഹിപ്പിക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. മാത്രമല്ല യഥാർത്ഥ സമാധാനം ആഗ്രഹിക്കുന്ന ഒരു വ്യക്തി മാത്രമേ മുസ്‌ലിം എന്ന നാമധേയത്തിന് അർഹനാവുകയുള്ളൂ. അക്രമവും കൈയ്യേറ്റവും അത് പോലെ ആത്മഹത്യാബോംബ് പോലെയുള്ള പൈശാചികമായ പ്രവർത്തനങ്ങളും നടത്തുകയും ചെയ്യുന്നവർ മുസ്‌ലിം എന്ന വിശേഷണത്തിന് യോഗ്യരല്ല

മുസ്‌ലിം ഭീകരവാദി എന്ന് പറയുമ്പോൾ അത് ഇരുട്ടും വെളിച്ചവും പോലെ വെള്ളവും തീയും പോലെ രണ്ട് വിരുദ്ധ ധ്വന്ദ്വങ്ങൾ സമാസിച്ചുപറയലാണ്. അവ രണ്ടും പരസ്പരവിരുദ്ധങ്ങളാണ്. ഞാൻ ഉറപ്പായും പറയുന്നു. ഒരു യഥാർത്ഥ മുസൽമാന് ഒരിക്കലും തീവ്രവാദിയാവാൻ സാധ്യമല്ല. ഒരു ഭീകരവാദിയെ ഒരിക്കലും ഒരു മുസ്‌ലിം എന്ന് വിശേഷിപ്പിക്കാനുമാവില്ല. അതായത് ഇസ്‌ലാമിൽ ഭീകരവാദത്തിനോ തീവ്രവാദത്തിനോ യാതൊരു ഇടവുമില്ല. അവ തികച്ചും ഇസ്‌ലാമിന് അന്യമാണ്.

### ഇസ്‌ലാം മതത്തിലെ അഹ്‌മദിയ്യത്ത് പരിചയപ്പെടുക

അത്തരം ഇസ്‌ലാം ആചരിക്കുന്ന ഏതെങ്കിലും ഒരു സംഘം ഇന്ന് ഭൂമുഖത്തുണ്ടോ എന്ന് പോളണ്ട് നിവാസികളായ നിങ്ങൾ ആശ്ചര്യപ്പെട്ടേക്കാം. എന്നാൽ അത്തരത്തിലുള്ള ഒരു മുസ്‌ലിം സമൂഹം ഇവിടെയുണ്ട്. അതാണ് അഹ്‌മദിയ്യാ മുസ്‌ലിം സമൂഹം. അത് ആത്മീയതയിൽ പ്രചോദിതമായ ഒരു ആഗോള മുസ്‌ലിം സമൂഹമാണ്. അവർ വിശുദ്ധ ഖുർആനിൽ പ്രതീക്ഷിക്കുന്നവിധം ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം പുനരുജ്ജീവിപ്പിക്കാൻ വേണ്ടി നിലകൊള്ളുന്നു. മുഹമ്മദ് നബി(സ)ക്ക് അവതരിച്ച വെളിപാടുകളാണ് ഖുർആൻ. ആ ഖുർആൻ അദ്ധ്യാപനങ്ങൾ നടപ്പിൽ വരുത്തുന്ന ഒരു ആഗോള സമൂഹമാണ് അഹ്‌മദിയ്യാ മുസ്‌ലിം സമൂഹം.

അവസാനകാലത്ത് മാനവരാശിയുടെ സമ്പൂർണ്ണമോചനത്തിന് വേണ്ടി ഇസ്‌ലാമിന്റെ സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ ആത്മീയ സന്താനമായി ഒരു മഹാത്മാവിനെ അതായത് ഇമാം മഹ്ദിയെ, സന്മാർഗ്ഗിയായ നേതാവിനെ ഇസ്‌ലാം മതത്തിന്റെ പുനരുജ്ജീവനാർത്ഥം അല്ലാഹു അയക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഈ വാഗ്ദാനം ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദിലാണ് പൂർത്തിയായത്. 1835ൽ ഇന്ത്യയിലാണ് അദ്ദേഹം ഭൂജാതനായത്. 1908ൽ ദിവംഗതനാവുകയും ചെയ്തു. ദൈവത്തി ന്റെ അറിയിപ്പും ആജ്ഞയുമനുസരിച്ച് അദ്ദേഹം 1889 മാർച്ച് 23ന് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് രൂപീകരിച്ചു. ഈ സംഘടന ലോക ത്ത് സമാധാനം സ്ഥാപിക്കാൻ പ്രതിജ്ഞാബദ്ധമാണ്. സ്വഛമായ ഇസ്‌ലാം മതത്തെ പ്രതിനിധാനം ചെയ്യുന്നതും ഇസ്‌ലാമിന്റെ എല്ലാ മഹിത സന്ദേശങ്ങളുടേയും സാക്ഷാത്കാരവുമാണ് ഈ പ്രസ്ഥാനം. അത് യാതൊരുവിധ രാഷ്ട്രീയ താല്പര്യങ്ങളുമില്ലാത്ത ഒരു മതസംഘടനയാണ്. ലോകത്ത് മാനവരാശിയുടെ ക്ഷേമത്തിനും സേവനത്തിനും വേണ്ടി അഹ്‌മദിയ്യാ പ്രസ്ഥാനം നിലകൊള്ളുന്നു. അവരുടെ ലക്ഷ്യം ഇസ്‌ലാം മതത്തിന്റെ സംഗ്രഹസാരമായ എല്ലാവരോടും സ്നേഹം ആരോടുമില്ല വിദ്വേഷം എന്ന മുദ്രാവാക്യമാണ്. അഹ്‌മദിയ്യാ സമൂഹം നൂറുകണക്കിന് സ്കൂളുകളും കോളേജുകളും ക്ലിനിക്കുകളും, ആശുപത്രികളും എല്ലാവർക്കുമായി സ്ഥാപിച്ചുകൊണ്ട് നടത്തി വരുന്നു. അഹ്‌മദികളുടെ ജീവകാരുണ്യപ്രവർത്തനത്തിന്നായുള്ള സംഘടനയാണ് ഹ്യൂമാനിറ്റി ഫസ്റ്റ്. ഈ ജീവകാരുണ്യസംഘടനയെ ഐ ക്യരാഷ്ട്രസഭ അംഗീകരിച്ചതാണ്. മാനവരാശി എവിടെ ദുരിതം അനുഭവിക്കുന്നുവോ അവിടങ്ങളിൽ ദേശം, വംശം, ഭാഷാ, വിശ്വാസം എന്നിവക്കതീതമായി സേവനത്തിനായി ഹ്യുമാനിറ്റി ഫസ്റ്റ് പ്രവർത്തിക്കുന്നു.

ലോകം മുഴുവൻ ഈ സമൂഹം യഥാർത്ഥ ഇസ്‌ലാമിന്റെ സമാധാനസന്ദേശം പ്രചരിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്നു. 69ലധികം ഭാഷകളിൽ വിശുദ്ധ ഖുർആന്റെ പരിഭാഷ അഹ്‌മദിയ്യാ സമൂഹം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 120 ഭാഷകളിൽ മറ്റു ഇസ്‌ലാമിക സാഹിത്യങ്ങളും അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഹ്‌മദികൾക്ക് എം.ടി.എ.(MTA) എന്ന പേരിൽ ഇരുപത്തിനാല് മണിക്കൂറും സംപ്രേക്ഷണം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ആഗോള ടെലിവിഷൻ നെറ്റ് വർക്കുണ്ട്. ഭൂമിയുടെ എല്ലാ കോണുകളിലും ഇസ്‌ലാമിന്റെ സന്ദേശം ഈ ചാനൽ മുഖേന എത്തിക്കാൻ കഴിയുന്നു. alislam.org എന്ന പേരിൽ ശക്തമായ ഒരു ഇന്റർനെറ്റ് വെബ് സൈറ്റ് അഹ്‌മദികൾക്കുണ്ട്. ഓരോ മാസവും പത്ത് ലക്ഷം പേർ ഈ വെബ്സൈറ്റ് സന്ദർശിക്കുന്നു.

121 വർഷം മുമ്പേ ആരംഭിച്ച അഹ്‌മദിയ്യാ മുസ്‌ലിം സമൂഹം ആധുനിക മുസ്‌ലിം ചരിത്രത്തിലെ സജീവവും ചലനാത്മകവുമായ സാന്നിധ്യമാണ്. 195 രാജ്യത്തിലധികം അതിന് സജീവമായ ശാഖകളുണ്ട്. പോളണ്ടിലെ മിഷൻ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം 1990ലാണ് പുനസ്ഥാപിക്കപ്പെട്ടത്. *(ശേഷം 20 - ൽ)*

ഖാലിദ് ശഫീയുല്ലാഹ്

ലേഖനം

# എന്താണ് ദൈവവിധി?

**മനുഷ്യന് കർമ്മം ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടോ? അതല്ല, അവൻ വിധിക്കനുസൃതമായി മാത്രം പ്രവർത്തിക്കാൻ നിർബന്ധിക്കപ്പെട്ടവനാണോ? ഈ ചോദ്യങ്ങൾക്കുള്ള വിശദീകരണമാണ് ലേഖകൻ നൽകുന്നത്.**

ചില ആളുകൾ പറയുന്നു, മനുഷ്യന് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന്. എന്നാൽ മറ്റു ചിലരുടെ വീക്ഷണപ്രകാരം പറയുന്നു, മനുഷ്യൻ തഖ്ദീറിന്റെ (ദൈവവിധിയുടെ) ബലിയാട് മാത്രമാണ് എന്ന്.

ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: 'ദൈവം ഏകനാണ് എന്നതിനെ സംബന്ധിച്ചും എല്ലാറ്റിന്റെയും പ്രഭവസ്ഥാനവും ലക്ഷ്യവും അല്ലാഹുവാണ് എന്ന സിദ്ധാന്തം തെളിയിക്കുവാനും വിശുദ്ധ ഖുർആൻ ചില വസ്തുതകൾ നിരത്തുന്നു. അതിൽ നിന്നും ചില വിഡ്ഢികളായ വിമർശകന്മാർ നിർബന്ധത്തിന്റെ സിദ്ധാന്തം ആവിഷ്കരിക്കുന്നു. അവൻ തന്നെയാണ് കാര്യകാരണങ്ങളുടെ വിധാതാവ്. സർവ്വദാതാവും അവനാണ്. ഈ കാരണങ്ങളാൽ വിശുദ്ധ ഖുർആന്റെ ചില സ്ഥലങ്ങളിൽ മറ്റൊരു ഉപാധിയെപ്പറ്റിയും പറയാതെ, ദൈവത്തെ എല്ലാ കാരണങ്ങളുടെയും കാരണം എന്ന് വിവരിച്ചിട്ടുണ്ട്.

വിശുദ്ധ ഖുർആൻ ശ്രദ്ധാപൂർവ്വം വായിക്കുകയാണെങ്കിൽ ചില സ്ഥലങ്ങളിൽ ഈ ഉപാധികളെ സംബന്ധിച്ച് വളരെ വ്യക്തമായ പ്രതിപാദിച്ചതായി കാണാം. മനുഷ്യൻ അതുസംബന്ധിച്ച് ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കൂടാതെ തിന്മ ചെയ്താലുള്ള ശിക്ഷയെ സംബന്ധിച്ചും അതിന്റെ പിഴയെക്കുറിച്ചും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. ദൈവനിയമവും, ദൈവവിധിയും മാറ്റാൻ പറ്റാത്ത ഒരു വ്യവസ്ഥയാണെങ്കിൽ മനുഷ്യൻ തികച്ചും നിർബന്ധിതനായ ഒരു പരിഃസ്ഥിതിയിലാകണമായിരുന്നു. അങ്ങനെയാണെങ്കിൽ ശിക്ഷകൾക്കും പിഴക്കും എന്ത് നീതികരണമാണ് ഉണ്ടാവുക'? (9)

തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന് വലിയൊരളവോളം നൽകപ്പെട്ടിട്ടുണ്ട്. ആയതിനാൽ മനുഷ്യൻ അവന്റെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിയാണ്. അവന്റെ നല്ല പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയും അവന്റെ ചീത്ത പ്രവർത്തനങ്ങൾക്ക് ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. എങ്കിലും തിരഞ്ഞെടുക്കാനുള്ള ഈ സ്വാതന്ത്ര്യവും അവന്റെ പൂർണ്ണനിയന്ത്രണത്തിലല്ല. മനുഷ്യന് ഒരു കാൽ പൊക്കി ഒറ്റക്കാലിൽ നിൽക്കാൻ സാധിക്കും. രണ്ട് കാലും പൊക്കുകയാണെങ്കിൽ ദൈവത്തിന്റെ ഭൂഗുരുത്വനിയമത്തിന് വിധേയമായി അവൻ നിലംപതിക്കും. തീർച്ചയായും ഭൂമിയുടെ ഗുരുത്വാകർഷണശക്തിയെ മറ്റൊരു നിയമം കൊണ്ട് തൽക്കാലത്തേക്ക് അതിജീവിക്കാൻ മനുഷ്യന് കഴിയും. പ്രത്യക്ഷത്തിൽ വൈരുദ്ധ്യമാണെന്ന് തോന്നിക്കുന്ന ഈ രണ്ടു പ്രതിഭാസങ്ങളും അല്ലാഹുവിന്റെ തഖ്ദീറിന്റെ അഥവാ ദൈവവിധിയുടെ പ്രകടനമാണ്. ഒരിക്കൽ ഇസ്‌ലാമിലെ രണ്ടാം ഖലീഫയായിരുന്ന ഹദ്റത്ത് ഉമർ(റ)ന്റെ കാലത്ത് ഒരു സ്ഥലത്ത് പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടു. അപ്പോൾ അവിടെ വസിച്ചിരുന്നവരോട് മരുഭൂമിയിൽ അകന്ന് പാർക്കുവാൻ അദ്ദേഹം കൽപ്പിച്ചു. അപ്പോൾ അദ്ദേഹത്തോട് ആളുകൾ ചോദിച്ചു: 'നിങ്ങൾ അല്ലാഹുവിന്റെ തഖ്ദീറിൽ നിന്നും ഓടിപ്പോവുകയാണോ'? ഉമർ(റ) മറുപടി പറഞ്ഞു: 'ഞങ്ങൾ ദൈവത്തിന്റെ ഒരു തഖ്ദീറിൽ നിന്നും മറ്റൊരു തഖ്ദീറിലേക്ക് ഓടിപ്പോവുകയാണ്.

## പാപവും കുറ്റവും മനുഷ്യപ്രകൃതിയിൽ മുൻകൂട്ടി നിശ്ചയിച്ചതാണോ?

എന്തുകൊണ്ടാണ് ലോകത്ത് കൂടുതൽ കുറ്റങ്ങളും പാപങ്ങളും കാണപ്പെടുന്നത്? മനുഷ്യന്റെ പ്രകൃ

തിയിൽ പാപം ചെയ്യാനുള്ള പ്രവണത സഹജമാണോ? അതല്ല, മനുഷ്യന് അനുവദിക്കപ്പെട്ട സ്വാതന്ത്ര്യം അവൻ ദുരുപയോഗം ചെയ്യുന്നതു കൊണ്ടാണോ പാപം സംഭവിക്കുന്നത്? കുറ്റകൃത്യങ്ങളെ മതപരമായ അർത്ഥത്തിൽ പാപം എന്നാണ് വ്യവഹരിക്കപ്പെടുന്നത്. വിവിധതരത്തിലുള്ള ചിന്താപ്രസ്ഥാനങ്ങൾ ഇതുസംബന്ധമായി അവതരിപ്പിക്കുന്ന തത്വശാസ്ത്രം പരിശോധിക്കുന്നത് പ്രസക്തമായിരിക്കും.

(1) ഒരു മതചിന്താസരണിയുടെ അഭിപ്രായത്തിൽ മനുഷ്യൻ തിന്മയുചെ ബലിയാടാണ് എന്നാണ്. അതേസമയം തിന്മയിൽ നിന്നും നന്മയിലേക്ക് പോകാനുള്ള തിരുത്തൽ ശക്തിയും സ്വയം സംസ്കരിക്കുവാനുള്ള കഴിവും അവന് നൽകപ്പെട്ടിരിക്കുന്നു. ഇത് ബുദ്ധമതസങ്കല്പമാണ്.

(2) ക്രിസ്തുമത സിദ്ധാന്തപ്രകാരം മനുഷ്യൻ ജന്മനാ പാപിയാണ്. കാരണം ആദം ആദ്യമേ തന്നെ തെറ്റു ചെയ്യുകയും പാപിയായി ത്തീരുകയുമാണുണ്ടായത്. ആദമിന്റെ സന്തതികളിലേക്ക് ആ പാപം പകർന്നു സന്തതികളും പാപികളായിത്തീർന്നു.

(3) മൂന്നാമതായി, മനുഷ്യൻ നന്മയുടെ പ്രകൃതിയോടു കൂടെയോ തിന്മയുടെ പ്രകൃതിയോടെയോ ജനിക്കുന്നില്ല. അവൻ ലോകത്ത് ജനിക്കുമ്പോൾ സ്വാഭാവികമായും ചില ചായ്വുകളും ജന്മവാസനകളും ഉത്തേജനങ്ങളുമാണുള്ളത്. പിന്നീട് അവന് ലഭിക്കുന്ന വിദ്യാഭ്യാസവും സാഹചര്യവുമാണ് അവനെ നല്ലവനും ചീത്തയാളും ആക്കിമാറ്റുന്നത്.

(4) ചില മിസ്റ്റിക്കുകളുടെ വീക്ഷണപ്രകാരം മനുഷ്യന് അവന്റെ ഇച്ഛാശക്തിയും പ്രവർത്തനസ്വാതന്ത്ര്യവും, വിവേചനാധികാരവും, തീരുമാനമെടുക്കാനുള്ള കഴിവും അപഹരിക്കപ്പെട്ടിരിക്കുകയാണ്. അവൻ വെറും വിധിയുടെ നിസ്സഹായനായ ഇരയാണ്. അതായത് ഒരിക്കലും മറികടക്കാൻ കഴിയാത്ത ചില ഉപാധികളുടെയും സാഹചര്യങ്ങളുടെയും ഇര മാത്രമാണ് മനുഷ്യൻ.

(5) ആത്മാക്കളുടെ പുനർജന്മ വിശ്വാസത്തെ സംബന്ധിച്ച മുഖ്യ സിദ്ധാന്തം മനുഷ്യൻ ഭൂമിയിൽ ജനിച്ചത് അവന്റെ മുൻജന്മ പാപങ്ങളുടെ ഫലമായിട്ടാണ് എന്നാണ്. അതിന്റെ ശുദ്ധീകരണത്തിനായി പല ജന്മങ്ങളും മാറി ജനിക്കേണ്ടതുണ്ട്.

ഈ സിദ്ധാന്തങ്ങൾ മനുഷ്യജന്മത്തിലെ അന്തരങ്ങൾ, ജീവിതയാതനകൾ, പരാജയങ്ങൾ, പ്രകൃതിദുരന്തങ്ങൾ, പാപം മുതലായവ കാര്യങ്ങളെല്ലാം വിശദീകരിക്കുന്നത് മനുഷ്യൻ ജനിക്കുന്നതിന് മുമ്പ് അതെല്ലാം വിധിച്ചിരിക്കുന്നു എന്ന രീതിയിലാണ്. അതുകൊണ്ട് അവയെല്ലാം മനുഷ്യനിയന്ത്രണത്തിന്നതീതമാണ്. പക്ഷേ ഈ സിദ്ധാന്തങ്ങളെല്ലാം അത് നൽകുന്ന ഉത്തരങ്ങളേക്കാൾ കൂടുതൽ ചോദ്യങ്ങൾ ഉയർത്തുകയാണ് ചെയ്യുന്നത്. ചില ചോദ്യങ്ങൾ താഴെ ചേർക്കാം.

(എ). ജന്മജാതമായ വൈജാത്യങ്ങളെപ്പറ്റി തൃപ്തികരമായ മറ്റു ചില വിശദീകരണങ്ങൾ ഇപ്പോൾ നമുക്ക് ലഭ്യമാണ്. വൈദ്യശാസ്ത്രം പറയുന്നത്, ചില ജന്മജാത ജനിതകരോഗങ്ങൾ ഭ്രൂണാവസ്ഥയിൽ തന്നെ ചികിത്സിച്ചു മാറ്റാമെന്നാണ്. ജന്മനായുള്ള വ്യത്യസ്തതകൾ പ്രകൃതിനിയമങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് എന്നാണ് അത് സംബന്ധിച്ചുള്ള കൂടുതൽ യുക്തിപരമായ വിശദീകരണം. ഒരു മനുഷ്യനിലുള്ള ജനിതക വസ്തുക്കൾ കോടാനുകോടി സെല്ലുകളിലുള്ളതാണ്. അൻപതിനായിരം മുതൽ ഒരു ലക്ഷം വരെയുള്ള ജീനുകളുടെ വിന്യാസം അവയുടെ വളർച്ചയും ധർമ്മവും നിർണ്ണയിക്കുന്നു എന്ന കാര്യം ഏറെക്കുറെ വ്യക്തമായിട്ടുണ്ട്. ജീനുകൾ സുദീർഘമായ കാര്യകാരണപരമ്പരയിലെ കണ്ണികൾ മാത്രമാണ്.

(ബി) ഈ ലോകത്ത് മനുഷ്യൻ അവന്റെ മുൻജന്മ കർമ്മഫലങ്ങൾക്കുള്ള ശിക്ഷ അനുഭവിക്കാനാണ് ജനിക്കുന്നതെങ്കിൽ എന്തുകൊണ്ട് മനുഷ്യൻ ശിശുവായിരിക്കുമ്പോഴോ ഗർഭാവസ്ഥയിലോ മരണപ്പെടുന്നു? ദൈവം തന്നെ നൽകിയ പുതിയ ജീവിതത്തിൽ ശിക്ഷിച്ച് സംസ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ശൈശവമരണം മൂലം അത് പരാജയപ്പെടുന്നു. ദൈവത്തിന്റെ പദ്ധതി പരാജയപ്പെടുന്നതാണോ?

(സി) ഒരാൾക്കും തന്നെ ആത്മഹത്യ ചെയ്യാനോ മറ്റൊരാളെ കൊല്ലാനോ ശരീരത്തിനകത്തെ ആത്മാവിനെ മോചിപ്പിക്കാനോ സാധിക്കാതെ വരേണ്ടതല്ലേ?

(ഡി) ഒരു ദരിദ്രനോ രോഗിയോ അവന്റെ ശിക്ഷ എന്ന നിലക്ക് വിധിക്ക് വിധേയനായതാണെങ്കിൽ അവൻ ഒരിക്കലും തന്നെ കാര്യകാരണനിയമത്തിന് വിധേയനാകുന്നില്ല. അതായത് അവൻ എത്ര കഠിനാദ്ധ്വാനം ചെയ്താലും പണക്കാരനാവില്ല. അതുപോലെ എത്ര ചികിത്സിച്ചാലും രോഗം സുഖപ്പെടുകയുമില്ല.

(ഇ) ചിലപ്പോൾ ഒരു ഇഞ്ചക്ഷൻ എടുത്താലോ ആന്റിബയോട്ടിക് ഗുളിക കഴിച്ചാലോ നിരവധി രോഗാണുക്കൾ ചത്തൊടുങ്ങുന്നു. അങ്ങനെ ചത്തതിനുശേഷം ആ

ബാക്ടീരിയകൾ മനുഷ്യരൂപത്തിൽ പുനർ ജനിക്കുമെന്ന് വിശ്വസിക്കാൻ എങ്ങനെ കഴിയും? ഈ സൂക്ഷ്മാണുക്കളാണ് ഏറ്റവും എളുപ്പത്തിൽ ഭൂമിയിൽ ശിക്ഷക്ക് വിധേയമാവുന്നത്. അവയാകട്ടെ സ്വന്തം ഇച്ഛാശക്തികൊണ്ടല്ല തെറ്റ് ചെയ്യുന്നത്.

(എഫ്) ആത്മാക്കളുടെ പുനർജന്മസ്ഥലമാണ് നമ്മുടെ ഗ്രഹം എന്ന് വിശ്വസിക്കുകയാണെങ്കിൽ ഈ ഗ്രഹത്തിലെ ജീവിലോകം പാപവുമായി കടപ്പെട്ടിരിക്കുന്നു. പാപങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇവിടെ മൃഗങ്ങളും, ബാക്ടീരിയയും സസ്യജാലങ്ങൾ പോലും ഇല്ലാതാവുമായിരുന്നു.

പരിണാമ സിദ്ധാന്തപ്രകാരം മനുഷ്യൻ വളരെ അടുത്തകാലത്താണ് ഭൂമിയിൽ നിലവിൽ വന്നത്. അതിന്നു മുമ്പുതന്നെ ഇവിടെ മൃഗങ്ങളുണ്ടായിരുന്നു. പരിണാമ സിദ്ധാന്തം പുനർജന്മത്തിൽ വിശ്വസിക്കുന്നവർക്ക് വരെ നിഷേധിക്കാൻ സാധിക്കാത്ത തെളിവുകൾ സമർപ്പിക്കുന്നുണ്ട്. അപ്പോൾ മനുഷ്യൻ ജനിക്കുന്നതിന് മുമ്പ് തന്നെ ഭൂമിയിൽ ഉണ്ടായിരുന്ന മൃഗങ്ങൾ ആരുടെ മുൻജന്മ പാപത്തിന്റെ ഫലമായി പുനർജനിച്ചതാണ്?

എല്ലാ മതങ്ങളും ദൈവത്തിൽ നിന്നുള്ളതാണെന്ന് ഞാനിവിടെ പറയാനാഗ്രഹിക്കുന്നു. അതിന്റെ സ്ഥാപകരെല്ലാം പ്രവാചകന്മാരാണ്.

തീർച്ചയായും സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി സത്യസമേതം നാം നിന്നെ അയച്ചിരിക്കുന്നു. ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല (35:25).

ഇതനുസരിച്ച് പ്രവാചകന്മാർ എല്ലാ ജനസമുദായങ്ങളിലും ആവിർഭവിച്ചിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. മോശേ (അ) യേശു(അ), കൃഷ്ണൻ (അ), സൊറോസ്റ്റർ (അ), കൺഫ്യൂഷ്യസ് (അ), ബുദ്ധൻ (അ) എല്ലാവരും തന്നെ ദൈവത്തിന്റെ ബഹുമാന്യരായ പ്രവാചകന്മാരാണ്. മനുഷ്യന്റെ കർമ്മങ്ങൾക്ക് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ മരണാനന്തരലോകത്ത് വെച്ച് കണക്ക് പറയേണ്ടിവരുമെന്ന് എല്ലാ മതങ്ങളും വിശ്വസിക്കുന്നു. അതുകൊണ്ട് എല്ലാ മതങ്ങളിലുമുള്ള പൊതുവായ ദിവ്യസന്ദേശം മരണത്തോടുകൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ല എന്നാണ്. മനുഷ്യൻ പരലോകത്ത് തുടർന്നും ജീവിക്കുന്നു. ഈ ലോകത്ത് നിങ്ങൾ ഏതൊരു തരത്തിലുള്ള സ്വഭാവ ഗുണങ്ങളാണോ ആർജിച്ചത് അതേപോലെയുള്ള ആത്മീയ ജീവിതം പരലോകത്തും ലഭിക്കുന്നതാണ്. മനുഷ്യന്റെ സ്വഭാവഗുണങ്ങൾക്കനുസരിച്ച് ചിലപ്പോൾ മനുഷ്യർ സ്വപ്നത്തിലും ദർശനങ്ങളിലും സാദൃശ്യത്തിൽ മൃഗങ്ങളായി കാണാറുണ്ട്. കാലക്രമേണ അത്തരത്തിലുള്ള ദർശനാനുഭവങ്ങളും അദ്ധ്യാപനങ്ങളും പുനർജന്മസിദ്ധാന്തമായി മാറിയതായിരിക്കാം. മനുഷ്യപ്രകൃതിയെക്കുറിച്ച് ഖുർആൻ പറയുന്നു: ‘നാം മനുഷ്യനെ ഏറ്റവും നല്ല നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. പിന്നെ നാം അവനെ അധമരിൽ അധമനാക്കിമാറ്റുന്നു.' (95: 5-6).

നന്മ ചെയ്യാനുള്ള പ്രവണതയോടെ മനുഷ്യൻ പരിശുദ്ധനായും നിർമ്മലനായും ജനിക്കുന്നു എന്നാണ് ഇസ്ലാമിക വീക്ഷണം അതോടൊപ്പം തന്നെ അവനിച്ഛിക്കും വിധം അവനെ സ്വയം രൂപപ്പെടുത്തിയെടുക്കാനുള്ള ധാരാളം സ്വാതന്ത്ര്യവും മനുഷ്യന് നൽകിയിരിക്കുന്നു. അളവറ്റ രീതിയിൽ ധാർമ്മിക ഗുണങ്ങൾ വളർത്തിയെടുക്കാനുള്ള മഹത്തായ കഴിവുകൾ അവന്റെ പ്രകൃതിയിൽ തന്നെ ദൈവം നൽകിയിരിക്കുന്നു. ദൈവിക ഗുണങ്ങൾ പ്രതിഫലിക്കുന്ന ഒരു ദർപ്പണം പോലെ ആയിത്തീരാനുള്ള ആത്മീയശക്തിയിലേക്ക് അവന് ഉയർന്നുപോകാവുന്നതാണ്. പക്ഷേ, ദൈവം അവന് ദാനം നൽകിയ കഴിവുകളും ഗുണങ്ങളും ദുരുപയോഗം ചെയ്യുകയാണെങ്കിൽ അവൻ മൃഗങ്ങളേക്കാൾ താഴ്ന്ന നിലയിലേക്ക് അധഃപതിക്കുകയും പിശാചിന്റെ അവതാരമായിത്തീരുകയും ചെയ്യും. നിർഭാഗ്യകരമെന്നു പറയട്ടെ, ഇക്കാലത്തെ മനുഷ്യൻ ദൈവം നൽകിയ മഹത്തായ കഴിവുകളും ഗുണങ്ങളും ദുരുപയോഗപ്പെടുത്തുകയാണ്. ഇതിന്റെ ഫലമായി കുറ്റങ്ങളും പാപങ്ങളും വർദ്ധിക്കുന്നു. യുദ്ധങ്ങളും, ക്രൂരതകളുമുണ്ടാകുന്നു. അനീതിയും പക്ഷപാതിത്വങ്ങളും ഉടലെടുക്കുന്നു. മനുഷ്യൻ അവന്റെ കർമ്മങ്ങൾക്ക് തന്നെ ഉത്തരവാദിയാണ്. ദൈവവിധിയെയും നിയതിയെയും പഴിക്കുന്നത് തികച്ചും തെറ്റാണ്.

## ദൈവത്തിന്റെ അനന്തമായ ജ്ഞാനവും ദൈവവിധിയും

മനുഷ്യർ നിർബന്ധപൂർവ്വം വിധിയുടെ ബലിയാടായിക്കൊണ്ട് മുൻവിധിപ്രകാരം പ്രവർത്തിക്കാൻ വിധിക്കപ്പെട്ടവനാണ് എന്ന സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവർ ദൈവത്തിന്റെ അനന്തമായ ജ്ഞാനവും ദൈവവിധിയും തമ്മിലുള്ള വേർതിരിവ് മനസ്സിലാക്കാൻ കഴിയാതെ ആശയക്കുഴപ്പത്തിൽ അകപ്പെട്ടിരിക്കുകയാണ്. ദൈവത്തിന്റെ ഒരു ഗുണം അലിം എന്നാണ്. അതായത്, എല്ലാ ലോകങ്ങളെയും എല്ലാ കാല

ങ്ങളെയും ചൂഴ്ന്നുനിൽക്കന്ന കേവലവും അനന്ത്വുമായ ജ്ഞാനമുള്ളവൻ എന്നാണ്. അതുകൊണ്ട് ഭൗതികവും ആത്മീയവുമായ നിയമത്തിന്റെ പ്രവർത്തനഫലമായി എന്താണ് ഭാവിയിൽ സംഭവിക്കുക എന്ന് അവന് പൂർണ്ണമായും അറിയാവുന്നതാണ്.

ദൈവത്തിന്റെ മറ്റൊരു ഗുണം 'ഖാദിർ' എന്നാണ്. 'മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് അനുസൃതമായ രീതിയിൽ ഫലങ്ങളുണ്ടാക്കുന്ന വിധം നിയമങ്ങൾ സംവിധാനിച്ചവൻ എന്നാണ് ഇതിനർത്ഥം. ഈ രണ്ട് ഗുണങ്ങളും രണ്ട് വ്യത്യസ്ത മേഖലകളിലാണ് പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ കേവലവും അനന്തവുമായ ജ്ഞാനം നിർബന്ധപൂർവ്വം മറ്റൊന്നിനെ സ്വാധീനിക്കില്ല. ദൈവം അങ്ങനെ ചെയ്യുകയാണെങ്കിൽ ഒരാൾക്കും തന്നെ അവന്റെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്തം ഏറ്റെടുക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് കള്ളൻ കളവ് ചെയ്യുമെന്ന് ദൈവം അറിഞ്ഞിട്ടുള്ളതിനാൽ വാസ്തവത്തിൽ കള്ളനല്ല കളവ് ചെയ്യുന്നതെന്നാണ് ചിലരുടെ വാദം. കള്ളൻ കളവ് ചെയ്യും എന്ന കാര്യം ദൈവം അറിഞ്ഞിട്ടുണ്ട് എന്നത് കാരണമാണ്. കള്ളൻ കളവ് നടത്തിയത് എന്നാണ് ഇക്കൂട്ടരുടെ ന്യായം. നമുക്കിത് ഒന്ന് വിശകലനം ചെയ്യാം. ഉദാഹരണത്തിന് ചില വിദ്യാർത്ഥികൾ പരീക്ഷ എഴുതുകയാണ്. പരീക്ഷകൻ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഉത്തരം തെറ്റായി എഴുതുന്ന ഒരു വിദ്യാർത്ഥി തോറ്റുപോകുമെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. വിദ്യാർത്ഥി തോറ്റുപോകുമെന്ന പരീക്ഷകന്റെ അറിവു കാരണമാണ് വിദ്യാർത്ഥി തോറ്റതെന്ന് പറയാനൊക്കുമോ? പരീക്ഷകന് വിദ്യാർത്ഥിയുടെ തെറ്റ് ചൂണ്ടിക്കാണിച്ചു കൊടുക്കാൻ പറ്റുമോ? അദ്ദേഹം അങ്ങനെ ചെയ്താൽ വിദ്യാർത്ഥി സമ്മാനത്തിന് അർഹനാവുകയില്ലല്ലോ? (12)

## ഉപസംഹാരം

തഖ്ദീർ അഥവാ ദൈവവിധി എന്നത് പ്രത്യക്ഷവും പരോക്ഷവും ഭൗതികവും ആത്മീവുമായ നിരവധി വസ്തുതകളുമായും നിർവ്വാഹകരുമായും ഉള്ള പ്രവർത്തന-പ്രതിപ്രവർത്തനങ്ങളുടെ അന്തിമഫലമാണ്. അത് മനുഷ്യന്റെ ധാരണക്കതീതമായ അതീവ സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. അതിന്റെ നിർവ്വഹണത്തിൽ പങ്കെടുക്കുന്ന ഘടകങ്ങൾ മാറുകയാണെങ്കിൽ ഫലവും മാറുന്നതാണ്. ഇതിനെയാണ് മാറ്റപ്പെടാവന്ന തഖ്ദീർ (ദൈവവിധി) എന്ന് വിളിക്കുന്നത്. ആത്മീയവും, ഭൗതികവുമായ ലക്ഷ്യങ്ങൾക്ക് വേണ്ടി സാധ്യമായ എല്ലാ ഉപാധികളിലൂടെയും പരിശ്രമിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടും പ്രാർത്ഥനയിലൂടെ നമ്മുടെ പ്രയത്നങ്ങളെ നാം സഹായിക്കേണ്ടതുണ്ട്. അങ്ങനെയാണെങ്കിൽ ദൈവം നമുക്കനുകൂലമായി ഏറ്റവും ഉചിതമായി അതിന്റെ ഫലം വെളിപ്പെടുത്തുന്നതാണ്. നമ്മുടെ ബലഹീനതകളെ ദൈവത്തിന്റെ കാരുണ്യം വലയം ചെയ്യും എന്ന് കൂടി ഒരാൾ വിശ്വസിക്കണം. പ്രത്യേകമായി ഓർക്കേണ്ടത് പ്രാർത്ഥനയോട് ബന്ധപ്പെട്ട കാര്യങ്ങൾ സഫലമാവാൻ ചിലപ്പോൾ അവന്റെ ഇച്ഛകൾക്കനുസരിച്ച് നാം വഴങ്ങേണ്ടതുണ്ട് എന്നാണ്. ചിലപ്പോൾ അർത്ഥകന്റെ പ്രാർത്ഥനകൾ ദൈവത്തിന്റെ ദാസൻ എന്ന നിലക്ക് അവൻ നൽകുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവന്റെ തന്റെ ദാസനോട് ഒരു സനേഹിതനെപ്പോലെ പെരുമാറുന്നു. മനുഷ്യൻ ദൈവത്തിൽ പൂർണമായി വിശ്വസിക്കുകയും അവന്റെ ഇച്ഛക്ക് വഴങ്ങുകയും അവൻ നൽകുന്നതെല്ലാം സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.'

മുഹമ്മദ് നബി(സ)യുടെ ഒരു വചനപ്രകാരം വിശ്വാസിക്ക് ചിലപ്പോൾ പനി വരുകയാണെങ്കിൽ അത് അവന്റെ ഭൂമിയിലെ നരകമാണ്. ഈ തത്ത്വം എല്ലാ മനുഷ്യദുരിതങ്ങൾക്കും ആരോപിക്കാവുന്നതാണ്. അതെല്ലാം അന്നെ അവന്റെ കർമ്മഫലമായി തന്നെ അവന് വന്നുഭവിക്കുന്നതാണ്. അല്ലെങ്കിൽ ആ ദുരിതങ്ങൾ അവനെ ശുദ്ധീകരിക്കുകയും അവന്റെ ആത്മീയ നില ഉയർത്തി സ്രഷ്ടാവുമായി അടുപ്പിക്കുകയും ചെയ്യുന്നു. ഈ ലോകത്തിന്നും പരലോകത്തിന്നും മദ്ധ്യേ ചെലവിന്റേയും വരവിന്റേയും വലിയൊരു വ്യവസ്ഥ പ്രവർത്തിക്കുന്നുണ്ട്. പരലോകവുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഈ ലോകജീവിതം തുച്ഛമാണ്. ദീനിതത്ത്വങ്ങൾ പൂർണ്ണമായും ഇവിടെ പ്രാവർത്തികമാവുന്നു എന്ന് കരുതുന്നത് മൗഢ്യമാണ്. പരലോകജീവിതമാകട്ടെ, ഈ ലോകജീവിതത്തേക്കാൾ ഉന്നതരൂപത്തിലുള്ളതാണ്. നമ്മുടെ ഗർഭസ്ഥജീവിതത്തെ അപേക്ഷിച്ച് ജനിച്ചതിന് ശേഷമുള്ള ജീവിതം എത്രമാത്രം ഉന്നതമാണോ അതേപ്രകാരം പരലോകം വളരെ ഔന്നത്യമുള്ളതാണ്. വിവിധ ദശകളുള്ളതാണത്. ഓരോ പരിണാമദശകളും മുമ്പത്തേതിനേക്കാൾ പുരോഗമനപരമാണ്. ഈ ലോകം നീതിയുടെ സർവ്വ മുഖങ്ങളും പ്രകടിപ്പിക്കാൻ അപര്യാപ്തമാണ്. വിശുദ്ധ ഖുർആൻ പ്രകാരം പരലോകജീവിതത്തിന്റെ പ്രതിച്ഛായക്ക് പോലും മൂന്നുമാനങ്ങളുണ്ട്. അവ നമുക്ക് ഇവിടെ വെച്ച് സങ്കല്പിക്കാൻ പോ

ലും സാധ്യമല്ല. ദൈവം അവന്റെ അനന്തമായ ജ്ഞാനം കൊണ്ട് നീതിയുടെ സമ്പൂർണ്ണ നിർവ്വഹണം ന്യായവിധി നാളിൽ നടപ്പാക്കുന്നതാണ്.

ആ ന്യായവിധിനാളിൽ നമ്മുടെ യഥാർത്ഥത്തിലുള്ള ഉദ്ദേശ്യങ്ങൾ, പ്രവർത്തനങ്ങൾ, നന്മകളും തിന്മകളും, സ്രഷ്ടാവിനോടും സൃഷ്ടിയോടുമുള്ള കടപ്പാടുകൾ, നമ്മുടെ പരസ്പരബന്ധങ്ങൾ, സ്വഭാവശീലങ്ങൾ, എല്ലാം തന്നെ ന്യായവിധിക്ക് വിധേയമാവുകയും പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്നതാണ്. തഖ്ദീർ, ദൈവവിധി, മുൻവിധി, മുതലായവയെല്ലാം അവന്റെതു മാത്രമാണ്. നമ്മെ സംബന്ധിച്ചേടത്തോളം ഏറ്റവും അഭികാമ്യമായിട്ടുള്ളത് ഋജുവായ മാർഗ്ഗത്തിൽ ചരിക്കുക എന്നതാണ്. ■

*(15-ൽ നിന്ന് തുടർച്ച)*

അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അത് ഒരു ഖിലാഫത്ത് വ്യവസ്ഥയിലധിഷ്ഠിതമാണ് എന്നുള്ളതാണ്. ഖിലാഫത്ത് എന്നാൽ ദൈവികമായ സ്ഥാപിതമായതും ആത്മീയമായി നയിക്കപ്പെടുന്നതുമായ ഒരു നേതൃവ്യവസ്ഥയാണ്. ഈ ആഗോളവ്യവസ്ഥയുടെ തലവൻ ഖലീഫ എന്നാണ് അറിയപ്പെടുക. അദ്ദേഹമാണ് അഹ്മദിയ്യാ ആഗോളസമൂഹത്തിന്റെ ആത്മീയനേതാവും, മതപരവും ഭരണപരവുമായ തലവൻ. അഹ്മദിയ്യാ സമൂഹത്തിന്റെ ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ആണ്. അദ്ദേഹം അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരെ പിന്തുടർന്നുവന്ന അഞ്ചാമത്തെ ഖലീഫയാണ്. ഈ ഖിലാഫത്ത് വ്യവസ്ഥ ഖുർആനിലും റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങളിലും പ്രതിപാദിക്കപ്പെട്ട ഇസ്‌ലാമികവ്യവസ്ഥയാണ്. ആഗോള അഹ്മദിയ്യാ സമൂഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഖിലാഫത്ത് വ്യവസ്ഥയിലൂടെ ഏകോപിപ്പിക്കപ്പെടുന്നു. ഇത്തരമൊരു സാമൂഹികവ്യവസ്ഥ മറ്റ് മുസ്‌ലിംകൾക്കില്ല.

**ഉപസംഹാരം**

ഇസ്‌ലാം മതത്തിന്റെ ശാന്തസുന്ദരമായ അദ്ധ്യാപനങ്ങളും അവ പ്രാവർത്തികമാക്കുന്ന സംഘടനയെപ്പറ്റിയും ഞാൻ നിങ്ങളോട് വിശദീകരിച്ചുകഴിഞ്ഞു. സമാധാനവും ആത്മീയമോക്ഷവും മാനവരാശിക്ക് നൽകുക എന്നതാണ് ഇസ്‌ലാമിന്റെ ദൗത്യം. അത് ഭീകരതയുടേയും യുദ്ധത്തിന്റേയും സന്ദേശമല്ല. ഒരുകൂട്ടം തീവ്രവാദികളും ഭീകരവാദികളും കാട്ടിക്കൂട്ടുന്ന അതിക്രമങ്ങൾ മൂലം നിങ്ങളുടെ ഹൃദയത്തിലുണ്ടായിട്ടുള്ള എല്ലാ ഭീതിയും അകറ്റിനിർത്തുക. അവർക്കൊന്നും തന്നെ പരിശുദ്ധമായ ഇസ്‌ലാം മതത്തെ പ്രതിനിധീകരിക്കാനുള്ള യോഗ്യതയില്ല. അവരൊന്നും തന്നെ ഇസ്‌ലാം മതത്തിന്റെ പതാകവാഹകരല്ല. ഇസ്‌ലാം മതത്തെ മനസ്സിലാക്കാൻ അവരെ മാനദണ്ഡമാക്കുന്നതിനേക്കാൾ വലിയ തെറ്റ് മറ്റൊന്നുമില്ല. ഇസ്‌ലാം മതത്തിന്റെ ശാന്തസുന്ദരമായ അദ്ധ്യാപനങ്ങളെ ഇസ്‌ലാമിന്റെ പേരുപയോഗിച്ചു വഞ്ചിച്ചവരാണവർ. അവർ ഇസ്‌ലാം മതത്തിന്റെ അംബാസഡർമാരല്ല.

എല്ലാ പോളണ്ട് നിവാസികളും യഥാർത്ഥ ഇസ്‌ലാമിനെ ഭീതികൂടാതെ പരിചയപ്പെടുക. ഇസ്‌ലാം നിങ്ങളുടെ മഹത്തായ രാജ്യത്തിന് സമാധാനത്തിനും സുരക്ഷക്കും ഒരു ഭീഷണിയല്ല. ഈ തീവ്രവാദികളുടെ നിലപാടിൽനിന്ന് ഭയചകിതരാകേണ്ടതില്ല. അവർ ഇസ്‌ലാം മതത്തിന്റെ ഉള്ളിൽ തന്നെയുള്ള മറഞ്ഞിരിക്കുന്ന ശത്രുക്കളാണ്. ഇസ്‌ലാം പ്രതീക്ഷയുടേയും ജീവിതത്തിന്റേയും സ്നേഹത്തിന്റേയും മതമാണ്. ആയതിനാൽ എന്റെ പ്രിയം നിറഞ്ഞ പോളിഷ് സഹോദരന്മാരേ നിങ്ങൾ ഇസ്‌ലാമിന്റെ അടിസ്ഥാന ശിലയായ ഖുർആൻ പഠിക്കാൻ മുന്നോട്ടുവരിക. അത് മുഴുവൻ സ്നേഹവും സമാധാനവും, സൗഹൃദവും ശാശ്വതമുക്തിയുമാണെന്ന് നിങ്ങൾക്ക് ബോധ്യമാകും. നിങ്ങളെയും നിങ്ങളുടെ രാജ്യത്തേയും ദൈവം അനുഗ്രഹിക്കട്ടെ. ■

## വീടുകളിൽ ചെയ്യേണ്ടത്

ജാബിർ(റ)വിൽ നിന്നും നിവേദനം: റസൂൽ തിരുമേനി(സ) അരുളി: 'രാവ് ഇരുട്ടിക്കഴിഞ്ഞതിന് ശേഷം നിങ്ങളുടെ കുട്ടികൾ വീട്ടിൽ നിന്ന് പുറത്തുപോകുന്നത് തടഞ്ഞുകൊള്ളുക. കാരണം ആ സമയത്താണ് പിശാചുക്കൾ ഭൂമുഖത്ത് പരക്കുന്നത്. ഇശാക്ക് ശേഷം കുറച്ച് സമയം കഴിഞ്ഞാൽ നിങ്ങളവരെ ഉറങ്ങാൻ വിട്ടേക്കുക. എന്നിട്ട് വാതിലടച്ച് ബിസ്മി ചൊല്ലി വിളക്ക് കെടുത്തിയുറങ്ങാൻ കിടക്കുക. അപ്പോഴും ബിസ്മി ചൊല്ലുകയും വെള്ളപാത്രം കെട്ടുകയും ചെയ്യുക. നീ നിന്റെ ആഹാരപ്പാത്രം മൂടിവെക്കുകയും വീണ്ടും ബിസ്മി ചൊല്ലുകയും ചെയ്യുക. ***(ബുഖാരി)***

എ.എം. മുഹമ്മദ് സലീം

ലേഖനം


# എസ്സീനികളും ചാവുകടൽ ചുരുളുകളും

**ഗൂഗിൾ എർത്തും ഇസ്രായേൽ പുരാവസ്തുവകുപ്പും ചേർന്ന് ഇന്റർനെറ്റിലൂടെ ചാവുകടൽ ചുരുളുകളുടെ രഹസ്യം പുറത്തുവിടാൻ തീരുമാനിച്ചിരിക്കുകയാണ്. (The Hindu, 2010 Oct. 20) ഈ പശ്ചാത്തലത്തിൽ ചാവുകടൽ ചുരുളുകളെപറ്റി ഒരു വിശദീകരണം.**

യേശുവിന്റെ കാലത്ത് ജൂതന്മാർ മൂന്ന് വിഭാഗങ്ങളായിരുന്നു. പരീശർ, സദുക്യർ, എസ്സീനികൾ. പരീശ്യരെ കുറിച്ചും സദൂക്യരെ കുറിച്ചും ബൈബിളിൽ പരാമർശമുണ്ട്. എന്നാൽ എസ്സീനികളെ കുറിച്ച് ബൈബിൾ മൗനം പാലിക്കുകയാണ്. ക്രിസ്തുവിന് ശേഷമുള്ള ഒന്നാം നൂറ്റാണ്ടിലെ ജൂത ചരിത്രകാരനായ ജോസഫസ്, ഫിലോ, പ്ളിനി, എന്നിവരുടെ കൃതികളിൽ മാത്രമായിരുന്നു എസ്സീനികളെകുറിച്ചുള്ള പരാമർശമുണ്ടായിരുന്നത്.

1947ൽ ചാവുകടൽ തീരത്ത് ആടിനെ മേയ്ച്ചുനടക്കുകയായിരുന്ന രണ്ട് ഇടയ ബാലന്മാർ ചാവുകടലിന് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഖുംറാൻ താഴ്‌വരയിലെ ഒരു ഗുഹയിൽ വളരെ യാദൃച്ഛികമായി മൺഭരണികളിലടക്കപ്പെട്ട ചില തോൽചുരുളുകൾ കണ്ടെത്തുകയുണ്ടായി. ചാവുകടൽ ചുരുളുകൾ (Dead Sea Scroll) എന്നാണ് ഇത് അറിയപ്പെടുന്നത്. ക്രിസ്തുവിന്റെ കാലത്ത് എഴുതപ്പെട്ട ഈ തോൽചുരുളുകളുടെ ചരിത്രപ്രാധാന്യം ഊഹാതീതമാണ്. ക്രിസ്തുവിന്റെ ചരിത്രം മുഴുവൻ മാറ്റിത്തിരുത്താനുള്ള അത്യുന്നത സ്ഫോടകശേഷിയുള്ള അതിപ്രധാനമായ ചരിത്രരേഖകളായിരുന്നു ആ മൺഭരണികളിൽ സൂക്ഷിക്കപ്പെട്ടത്.

നിർഭാഗ്യകരമെന്ന് പറയട്ടെ, ആ അമൂല്യ ചരിത്രരേഖകൾ ക്രിസ്ത്യാനികളുടേയും യഹൂദികളേയും അധീനത്തിലാണുള്ളത്. ഉള്ളടക്കം അവരുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായത് കൊണ്ടാകാം. ചാവുകടൽ ചുരുളുകളിലെ ലിഖിതങ്ങൾ വളരെ



*ചാവുകടൽ ചുരുളുകളിലെ ലിഖിതം*

ചെറിയൊരു ഭാഗമൊഴികെ ഇന്ന് വരെ വെളിച്ചം കണ്ടിട്ടില്ല. ഈ രേഖകളിൽ എസ്സീനികളെകുറിച്ച് വിശദമായ പരാമർശമുണ്ടെന്ന് പറയപ്പെടുന്നു. ഈ രേഖകളുടെ കർത്താക്കളും അവർ തന്നെ.

ലിംഗപരിഛേദനയുൾപ്പെടെ വളരെ കണിശതയോടെയുള്ള യഹൂദമത

നിബന്ധനകൾ പാലിക്കുകയും കർശനമായ സന്മാർഗ്ഗനിഷ്ഠയും പരിശുദ്ധ ജീവിതവും നയിക്കുന്ന എസ്സീനികൾ ഏകാന്ത വിരക്ത ജീവിതമായിരുന്നു ഇഷ്ടപ്പെട്ടിരുന്നത്. അനേകം സവിശേഷതകൾ ഉണ്ടായിരുന്ന എസ്സീനികൾ കടുത്ത ഏകദൈവ വിശ്വാസികളായിരുന്നു. യേശുവും യോഹന്നാൻ സ്നാപകനും എസ്സീനികളിൽപ്പെട്ടവരായിരുന്നു. പരീശ്യരെയും, സെദൂക്യരെയും കഠിനമായി ആക്ഷേപിക്കുന്ന യേശു എന്തുകൊണ്ട് എസ്സീനികളെ ഒഴിവാക്കി എന്നതിനെക്കുറിച്ച് ചില ബൈബിൾ പണ്ഡിതന്മാർ പുതിയ ചർച്ചക്ക് ആരംഭം കുറിച്ചിട്ടുണ്ട്. യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തിയിരുന്ന എസ്സീനികളെ ബൈബിൾ സമാഹർത്താക്കൾ പിൽക്കാലത്ത് ഒഴിവാക്കിയത് അർത്ഥ ഗർഭമാണ്.

## എസ്സീനികളെക്കുറിച്ച് ചരിത്രകാരന്മാർ

എസ്സീൻ സമൂഹത്തെ കുറിച്ച് ഖുംമ്രാൻ രേഖകൾ ലഭ്യമാകുന്നതിന്ന് മുമ്പ് ഉണ്ടായിരുന്ന അറിവ് ഒന്നാം നൂറ്റാണ്ടിലെ ജൂത ചരിത്രകാരനായ ജോസഫ്സ്, പ്ളിനി, ഫിലോ എന്നിവരുടെ കൃതികളിൽ നിന്നു മാത്രമാണ്. ഫിലോ (ബി.സി.-20) എഴുതിയ എന്ന പ്രബന്ധത്തിൽ അവരുടെ സംഖ്യ 4000 എന്ന് പറഞ്ഞിട്ടുണ്ട്.

മറ്റു വിവരങ്ങൾ ഇപ്രകാരമാണ്. അവരുടെ ജീവിതവിശുദ്ധി മൂലം ആണ് ഈ പേര് ലഭിച്ചത്. ഏക ദൈവത്തെ ആരാധിച്ചിരുന്നു. വെള്ള വസ്ത്രമായിരുന്നു അവർ ധരിച്ചിരുന്നത്. മൃഗബലി അർപ്പിച്ചിരുന്നു. നഗരങ്ങളിൽ നിന്ന് അകന്നു ജീവിച്ചു, കർഷകവൃത്തിയിലും മറ്റും ഏർപ്പെട്ടിരുന്നു. എങ്കിലും



*ചുരുളുകൾ സൂക്ഷിച്ച ജാറുകൾ*

ധനം സമ്പാദിച്ചുവച്ചില്ല. യഹൂദ മര്യാദകൾ കർശനമായി പാലിച്ചു. സമൂഹമായി ജീവിച്ചു, ആരും ഒന്നും സ്വന്തമായി കരുതിയില്ല. വരവും ചെലവും വസ്ത്രവും ഭക്ഷണവും എല്ലാം പൊതുവായിരുന്നു. എവുസേബിയസ്, ഫിലോയുടെ മറ്റൊരു പ്രബന്ധം ഉദ്ധരിച്ചുകൊണ്ട് എസ്സീന്യർ ബ്രഹ്മചാരികളായിരുന്നു എന്നു പറയുന്നുണ്ട്. കൃഷി, അജപാലനം, തേനീച്ചവളർത്തൽ, ആശാരിപ്പണി ഇവയായിരുന്നു തൊഴിലുകൾ എന്നും എവുസേബിയസ് ഉദ്ധരിക്കുന്ന രേഖ പറയുന്നു. പ്ളിനി ആണ് മറ്റൊരു രേഖയുടെ കർത്താവ്. ചാവുകടലിന് അടുത്തായിരുന്നു ഇവരുടെ മുഖ്യകേന്ദ്രം എന്ന് പ്ളിനി പറയുന്നു. ജോസഫസ് കൂടുതൽ ദീർഘമായി ഇവരുടെ കാര്യം പ്രതിപാദിച്ചിരിക്കുന്നു. ക്രി. മു. 107-ൽ യൂദാസ് എന്ന ഒരു എസ്സീനി ഗുരു ഭാവി പ്രവചിക്കുന്നത് എങ്ങനെ എന്ന് പഠിപ്പിക്കുന്ന ഒരു പള്ളിക്കൂടം നടത്തിയിരുന്നു. ഹേരോദ് രാജാവിനോട് വിധേയത്വം പ്രാപിക്കുന്ന പ്രതിജ്ഞ എടുക്കുന്നതിൽ നിന്ന് എസ്സീനികളെ ഒഴിവാക്കി (ബി.സി.21) എല്ലാം ദൈവത്തിൽ അർപ്പിക്കുകയും അതേ സമയം വിധിയിൽ വിശ്വസിക്കുകയും ചെയ്തിരുന്നു. എന്നാൽ, മൂന്ന് വർഷത്തെ സഹവാസത്തിനു ശേഷം തൃപ്തിപ്പെട്ടാൽ സ്ത്രീകളെ വിവാഹം ചെയ്യുന്ന ഒരു ശാഖയും ഉണ്ടായിരുന്നു. പാവപ്പെട്ടവരെ സഹായിക്കുക വ്രതമായിരുന്നു. എസ്സീനികളുടെ ദിവസം സൂര്യോദയത്തിന് ഏറെ മുമ്പ് സൂര്യോദയത്തിന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടാണ് ആരംഭിക്കുന്നത് എന്ന് ജോസഫസ് പറയുന്നു. പതിനൊന്ന് വരെ ജോലി. അതുകഴിഞ്ഞ് കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച് ഒരു മുറിയിൽ കൂടുന്നു. അവിടെ മറ്റാർക്കും പ്രവേശനമില്ല. പിന്നെ ഭക്ഷണം എന്തെങ്കിലും ഒരു കൂട്ടം മാത്രം. ഒരുനേരം പ്രാർത്ഥിക്കും. തുടക്കത്തിലും ഒടുക്കവും. പിന്നെ ശുഭ്രവസ്ത്രങ്ങൾ മാറ്റി വീണ്ടും ജോലി. വൈകിട്ട് മടങ്ങിവരുമ്പോൾ അതിഥികൾ ഉണ്ടെ

*നിങ്ങൾ എന്നിലും എന്റെ ദൂതനിലും വിശ്വസിക്കുക എന്ന് ഹവാരികൾക്ക് ഞാൻ ദിവ്യബോധനം നൽകിയ സന്ദർഭം (സ്മരിക്കുക). അവർ പറഞ്ഞു: 'ഞങ്ങൾ വിശ്വസിച്ചു. ഞങ്ങൾ കീഴ്പ്പെട്ടു ജീവിക്കുന്നവരാണ് എന്ന് നീ സാക്ഷ്യം വഹിക്കുക"* (5:112)

'ഹവാരികൾ' എന്നതിന്റെ അർത്ഥം വസ്ത്രം വെളുപ്പിക്കുന്നയാൾ, അഴുക്കിൽ നിന്നും ശുദ്ധി തേടുന്നയാൾ, സത്യസന്ധമായി പ്രവർത്തിക്കുന്നയാൾ, വെള്ളവസ്ത്രധാരികൾ എന്നൊക്കെയാണ് കുരിശ്സംഭവത്തിനുഷശേഷം യേശുവിനെ കല്ലറയിൽ വെച്ചപ്പോൾ മഗ്ദലനക്കാരി മറിയം അവിടെ വരികയുണ്ടായല്ലോ. കർത്താവിന്റെ ഒരു ദൂതൻ അവിടെ വന്നതായി മഗ്ദലനമറിയം വിവരിക്കുന്നത് മത്തായി രേഖപ്പെടുത്തിയിട്ടുണ്ട് **"അവന്റെ രൂപം മിന്നലിനു ഒത്തതും അവന്റെ ഉടുപ്പു ഹിമം പോലെ വെളുത്തതും ആയിരുന്നു"**. (28:3) ഇതേ വിവരണം മാർക്കോസ് 16:5 ലും, പരാമർശമുണ്ട്. വിപത്ഘട്ടം വന്നപ്പോൾ യേശുവിന്റെ ശിഷ്യൻമാർ അദ്ദേഹത്തെ തള്ളിപ്പറഞ്ഞ സന്ദർഭം ബൈബിൾ വിവരിക്കുന്നുണ്ട് എന്നിട്ടും അവരെ അപ്പോസ്തലന്മാരായി ക്രിസ്ത്യാനികൾ വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ യേശുവുനെതിരെ ഭീകരമായ പീഡനങ്ങൾ അഴിച്ചുവിട്ടകാലത്ത് അദ്ദേഹത്തെ സ്വീകരിച്ച യഥാർത്ഥ ശിഷ്യന്മാർ 'ഹവാരികൾ' എന്ന് ഖുർആൻ വിശേഷിപ്പിച്ച എസ്സീനികളായിരുന്നു. ബൈബിൾ അവരെ ഒഴിവാക്കിയെങ്കിലും ഖുർആൻ അവരെ മറന്നില്ല. *"വിശ്വാസിച്ചവരേ, നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ എന്നെ സഹായിക്കുന്ന വരാരുണ്ട് എന്ന ചോദിച്ച അവസരത്തിൽ (സംഭവിച്ചതു) പോലെ ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്ന ആ 'ഹവാരികൾ' പറഞ്ഞു. അങ്ങനെ ഇസ്രായീൽ സന്തതികളിൽ നിന്ന് ഒരു വിഭാഗം വിശ്വസിച്ചു. മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു".* (62:15)

ങ്കിൽ അവരോടൊപ്പം അൽപനേരം ഇരിക്കും. മിക്കവാറും മൗനമാണ്. ആരെങ്കിലും ഒരാളേ സംസാരിക്കൂ. അത് തന്നെ തവണവെച്ച്.

എസ്സീനാകുന്നതിന്റെ നടപടിക്രമം ഇങ്ങനെയാണ്. എസ്സീനിനിയമങ്ങൾ പാലിച്ചുകൊണ്ട് സമൂഹത്തിന് പുറത്ത് ഒരു വർഷം മലം കുഴിച്ചുമൂടാൻ ഒരു പാര (Spud), ഒരു വെളുത്തളോഹ, ഇടക്കെട്ട് ഇത്രയും അപ്പോഴേ കൊടുക്കൂ. ആ ഒരു വർഷം വിജയകരമായി പൂർത്തിയാക്കിയാൽ പിന്നെ രണ്ടു കൊല്ലം കുറേ കൂടി അകത്തെ ആളായി. അതും തൃപ്തികരമെന്നു കണ്ടാൽ അംഗത്വം. അപ്പോഴാണ് വ്രതവാഗ്ദാനം. ദൈവത്തെ ആദരിക്കുക, മനുഷ്യനെ സ്നേഹിക്കുക, അനീതിപ്രവർത്തിക്കുന്നവരെ വെറുക്കുക, നീതിമാന്മാരെ സഹായിക്കുക. അധികാരം ദൈവദത്തമാകയാൽ അധികാരികളെ മാനിക്കുക, അധികാരം അധികാരം ലഭിച്ചാൽ അത് ദുർവിനിയോഗം ചെയ്യാതിരിക്കുക, സത്യത്തെ സ്നേഹിക്കുക, അസത്യത്തെ ദ്വേഷിക്കുക, കരങ്ങളെ മോഷണത്തിൽ നിന്നും ആത്മാവിന അവിഹിത ലാഭേച്ഛയിൽ നിന്നും സംരക്ഷിക്കുക, സമൂഹത്തിന് പുറത്തുള്ളവർക്ക് ഒന്നും വെളിപ്പെടുത്താതിരിക്കുക, കേട്ടവിശ്വാസം കലർപ്പില്ലാതെ കാക്കുക, സമൂഹത്തിൽ ഗ്രന്ഥങ്ങൾ സംരക്ഷിക്കുക, മാലാഖമാരുടെ പേരുകൾ ഓർക്കുക ഇതൊക്കെയായിരുന്നു വാഗ്ദാനം ചെയ്യേണ്ടിയിരുന്നത്.

## എസ്സീനികളെക്കുറിച്ച് ഖുർആൻ

അത്ഭുതകരമെന്ന് പറയട്ടെ ബൈബിൾ ഒഴിവാക്കിയ ഏകദൈവ വിശ്വാസികളും ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യരുമായ എസ്സീനികളെപ്പറ്റി ഖുർആനിൽ വ്യക്തമായ



*എസ്സീനികളുടെ വാസസ്ഥലം*

ലൂക്കോസ് 24:4 ലും, യോഹന്നാൻ 20:12 ലും ആവർത്തിക്കുന്നു. മാലാഖയാണെന്നു തെറ്റിദ്ധരിച്ച ആ ശുഭ്ര വസ്ത്രധാരി ഖുർആൻ വിവരിച്ച 'ഹവാരി' അഥവാ എസ്സീൻ സംഘത്തിൽപ്പെട്ടയാളായിരിക്കാനാണ് സാധ്യത.

## ചാവുകടൽ ചുരുളുകൾ

1947 ൽ രണ്ട് ഇടയബാലന്മാർക്കായിരുന്നു ചാവുകടലിന്നഭിമുഖമായി കിടന്ന ഖുംറാനിലെ കുന്നുകളിലെ ഗുഹകളിൽ നിന്ന ഈ ചുരുളുകൾ കിട്ടിയതെന്ന് പറഞ്ഞുവല്ലോ. യേശുവിന്റെ ശിഷ്യന്മാർ ഗുഹകളെ അഭയം പ്രാപിക്കാനുണ്ടായ കരാണമെന്താണ്? ബൈബിളിലെ ഒരു വചനം ഇതിലേക്ക് വെളിച്ചം വീശുന്നു. അതായാത്, ക്രി.വ. 70ൽ റോമൻ ജനറൽ ടൈറ്റസ് ജറുസലേം ആക്രമിക്കുകയുണ്ടായി. യേശുമിശിഹായെ നിഷേധിക്കുകയും പീഡിപ്പിക്കുകയും ചെയ്ത യഹൂദരുടെ മേൽ ദൈവമിറക്കിയ കടുത്ത ശിക്ഷയായിരുന്നു ഈ അക്രമണം. ഇത് ദൈവിക അറിയിപ്പ് പ്രകാരം മുൻകൂട്ടി കണ്ടിട്ടാകാം യേശുവിന്റെ ഒരു പ്രവചനം ബൈബിളിൽ ഇങ്ങനെ കാണാം. **"സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കതുന്നത് കാണുമ്പോൾ അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്നറിഞ്ഞുകൊൾവിൻ. അന്ന് യഹൂദ്യയിലുള്ളവർ മലമുകളിലേക്ക് ഓടിപ്പോകട്ടെ"** (ലൂക്കോ: 21:20). യേശുവിന്റെ ഈ നിർദ്ദേശപ്രകാരമായിരക്കാം തന്റെ ശിഷ്യന്മാരായ എസ്സീനികൾ കംഗ്രീൻ താഴ്‌വരയിലെ കുന്നുകളിൽ അഭയം തേടിയത്. അവിടെ മതജീവിതം നയിച്ചതും.

ചുരുൾകിട്ടിയ വിവരം അറിഞ്ഞ ജറുസലേം ഓർത്തോഡക്സ് സഭയിലെ മെത്രോപോലീത്തയായിരുന്ന ശമുവേൽ മാർ അത്തനാസിയോസിസ് അത് വിലക്ക് വാങ്ങി; നാലെണ്ണം ഹിബ്രു യൂണിവേഴ്സിറ്റി പ്രൊ: ഇ. എൻ. സുകെനിക്കിന് കിട്ടി. മെത്രോപോലീത്തയുടെ ചുരുളുകൾ പരിശോധിച്ചത് American School of Oriental Reserch ആയിരുന്നു. സുകെനി സ്വന്തമായ ഗവേഷണം നടത്തി. ഈ ചുരുളിന്റെ വമ്പിച്ച ചരിത്ര പ്രാധാന്യവും ക്രിസ്തുമതത്തിന് അത് വരുത്തിവെക്കുന്ന പ്രത്യാഘാതവും ഭയന്ന് മെത്രോപോലീത്ത ചുരുളുകളുമായി അമേരിക്കയിൽ അഭയം തേടി. 1954 ഇസ്രയേൽ ഗവൺമെന്റ് രണ്ടരലക്ഷം ഡോളർ നൽകി അത് തിരിച്ചുവാങ്ങി. അവ ഇപ്പോൾ ജെറുസലേമിൽ പ്രദർശനത്തിനുവെച്ചിട്ടുണ്ട്. അതിന്ശേഷം നടത്തിയ അന്വേഷണങ്ങളിൽ നിന്നു വീണ്ടും ഒരു പാട് ചുരുളുകൾ ലഭിക്കുകയുണ്ടായി ഗുഹയെ സംബന്ധിച്ചും അതിലെ എഴുത്തുകാരായ ഗുഹാനിവാസികളെ സംബന്ധിച്ചും ഖുർആനിൽ പരാമർശമുണ്ട്. **"ഗുഹയുടേ യും എഴുത്തിന്റെയും ആഴുകൾ നമ്മുടെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒരു അത്ഭുതമായിരുന്നുവെന്ന് നീ ധരിക്കുന്നുണ്ടോ?"** (18:9)

ചാവുകടൽ ചുരുളുകളിൽ വളരെ കുറഞ്ഞ ഒരു ഭാഗമേ വായിക്കപ്പെട്ടതായി പുറംലോകം അറിയുന്നു. വായിക്കപ്പെട്ട ചുരുളുകളിലെ കേന്ദ്ര കഥാപാത്രം സച്ചരിതാനായ 'ഒരു ഗുരുവാണ്' അദ്ദേഹം 'പുതിയ കരാറുകാർ' എന്നറിയപ്പെട്ട ഒരു മത സമൂഹത്തിന്റെ പ്രേക്ഷിതനായാമണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ അനുയായികൾ വളരെ ദരിദ്രരായിരുന്നു. സച്ചരിതനായ ഗുരു ദൈവ തിരഞ്ഞെടുത്തയാളും കർശനമായി നിയമം പാലിക്കുന്നയാളുമായിരുന്നു. ജെറുസലേമിലെ പുരോഹിതന്മാരുമായി കലഹിച്ചിരുന്ന സച്ചരിതനായ ഗുരു യേശുവാണെന്ന് കരുതാനാണ് ഏറെ ന്യായം. അദ്ദേഹത്തിനെതിരിൽ കളവിന്റെ പ്രവാചകൻ എന്ന ഒരു പ്രതിനായകനും ഉണ്ടായിരുന്നു. പഴയ നിയമത്തിലെ നിരവധി പുസ്തകങ്ങളുടെ യഥാർത്ഥപതിപ്പും മറ്റുപല ചരിത്ര വിവരങ്ങളും ചാവുകടൽ ചുരുളുകളിലുണ്ട്.

യേശുവിന്റെ ദൈവ പുത്രത്വം സ്ഥാപിക്കാൻ എല്ലാ ചരിത്രരേഖകളിൽ നിന്നും വസ്തുതകളിൽ നിന്നും അദ്ദേഹത്തെ ക്രിസ്തുസഭ വേർപ്പെടുത്തി നിർത്തുകയാണ്. ശാസ്ത്രത്തിനും ചരിത്രഗവേഷണങ്ങൾക്കും ക്രിസ്തുവിനെ പ്രാപിക്കുവാനുള്ള സകലവഴികളും ക്രിസ്തുസഭ അടച്ചുകളയുകയോ അത്തരം രേഖകളെ തമസ്ക്കരിച്ചുകളയുകയോ ആണ് പതിവ്. ക്രിസ്തുവിനെ സംബന്ധിക്കുന്ന അനേകം സത്യങ്ങൾ വെളിപ്പെടുത്താൻ കഴിയുന്ന ചാവുകടൽ ചുരുളുകൾ ഒരുനാൾ നിവരുക തന്നെ ചെയ്യും. നമുക്ക് കാത്തിരിക്കാം. അവസാനകാലത്തെ അടയാളമായി **'ഏടുകൾ നിവർത്തപ്പെടുമ്പോൾ'** (18:11) എന്ന് ഖുർആൻ പറഞ്ഞത് ചാവുകടൽ ചുരുളുകളെ കുറിച്ചായിരിക്കുമോ? ഏതായാലും ചാവുകടൽ ചുരുളുകൾ ക്രിസ്തുമതത്തിന് ഏൽപിക്കുന്ന പ്രത്യാഘാതം വമ്പിച്ചതായിരിക്കും. ഗൂഗിൾ എർത്തും ഇസ്രായേൽ പുരാവസ്തു വകുപ്പും ചേർന്ന് ഇപ്പോൾ വെളിപ്പെടുത്താൻ തീരുമാനിച്ച ചുരുളിന്റെ രഹസ്യങ്ങൾ യേശുവിന്റെ ജീവിതത്തിലേക്ക് കൂടുതൽ വെളിച്ചം വീശുമെന്ന് പ്രതീക്ഷിക്കുന്നു.

■

ബിലാൽ അത്കിൻസൺ

ലേഖനം

# ആധുനിക കാലത്തെ തിന്മകൾ

## ആധുനികകാലത്ത് ഇസ്‌ലാമികജീവിതം എങ്ങനെ നയിക്കണമെന്ന് ലേഖകൻ വിവരിക്കുന്നു

**വർധനവിനുവേണ്ടിയുള്ള പരസ്പര മാത്സര്യം നിങ്ങളെ അശ്രദ്ധരാക്കിയിരിക്കുന്നു. നിങ്ങൾ ശ്മശാനങ്ങൾ സന്ദർശിക്കുവോളം. വേണ്ടാ, തീർച്ചയായും നിങ്ങളറിയും അതേ വേണ്ട. തീർച്ചയായും നിങ്ങളറിയും. അങ്ങനെയല്ല നിങ്ങൾ ദൃഢമായറിയുന്ന പക്ഷം തീർച്ചയാ യും നിങ്ങൾ നരകത്തെ കാണും (102-2-9).**

ഭൗതികവസ്തുക്കൾ ആർജിക്കാനുള്ള ആഗ്രഹത്തിലും അത് നിറവേറ്റാനുള്ള ശ്രമത്തിലും ആളുകൾ സംതൃപ്തി കണ്ടെത്തുന്നു. ടെലിവിഷൻ, സിനിമ, റേഡിയോ മുതലായ മാധ്യമങ്ങൾ ജനങ്ങളെ ഇത്തരം ഉപഭോഗവസ്തുക്കൾ വാങ്ങിക്കൂട്ടാൻ നിരന്തരം പ്രലോഭിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഫാഷനും ഗ്ലാമറിനും യോജിച്ച രീതിയിൽ ഷോപ്പിങ്ങ് സെന്ററുകൾ മോടിപിടിപ്പിച്ച് ജനങ്ങളെ അത് വാങ്ങാനായി പ്രലോഭിപ്പിക്കുന്നു. ഇതെല്ലാം കാണുന്ന ആളുകൾക്ക് ഉന്നത ശമ്പളം കിട്ടുന്ന ജോലി, പൂർണ്ണമായും ഫർണിഷു ചെയ്തു ആധുനിക വീട്, പുതിയ കാർ, വില കൂടിയ വസ്ത്രങ്ങൾ, എന്നിവയെല്ലാം അവരുടെ ആവശ്യങ്ങളുടെ മുൻഗണനയിൽ വരുന്നു. ഇതെല്ലാം അത്യാവശ്യവസ്തുക്കളായി അവർ കരുതുന്നു. അവ തനിക്ക് ആവശ്യമുണ്ടോ അല്ലെങ്കിൽ അവ തനിക്ക് വാങ്ങാൻ സാധ്യമാണോ എന്നൊന്നും അത്തരക്കാർ സ്വയം ചോദിക്കാറില്ല.

ഭൗതികമൂല്യങ്ങളും സമ്പത്തും ജീവിതത്തിന്റെ ലക്ഷ്യമായി മാറുമ്പോൾ മനുഷ്യന് അവനാവുന്ന സമ്പത്ത് വാരിക്കൂട്ടാനുള്ള ത്വര അനിവാര്യമായും അഭിനിവേശമായി മാറുന്നു. സ്വാർത്ഥനായി മാറുന്ന മനുഷ്യൻ അന്യരുടെ ക്ഷേമത്തെപ്പറ്റിയുള്ള ചിന്ത വിനഷ്ടമായവനും ജീവിതത്തിന്റെ യഥാർത്ഥ മൂല്യത്തെപ്പറ്റി പരിഗണനയില്ലാത്തവനുമായി മാറുന്നു.

ഒരു രാജ്യത്തെ പ്രത്യേകിച്ചു പാശ്ചാത്യനാടുകളുടെ സമ്പദ് വ്യവസ്ഥ ഒറ്റനോട്ടത്തിൽ വീക്ഷിക്കുമ്പോൾ അവർ സമ്പന്നരാണെന്ന് പ്രതീതിയാണുണ്ടാക്കുന്നത്. അതായത് അവിടുത്തെ ജനങ്ങളുടെ വീട്, കാറ്, ഫർണിച്ചർ, വസ്ത്രം, മുഖ്യ ഗൃഹോപകരണങ്ങൾ എല്ലാം തന്നെ കടത്തിന് വാങ്ങിയതായിരിക്കും. വ്യക്തിയുടെയോ രാജ്യത്തിന്റെതോ ആകട്ടെ, അവർ അധ്വാനിച്ചു സമ്പാദിക്കാത്ത ധനം ചിലവഴിക്കുന്നത് അപകടമാണ്. മിക്ക സമ്പദ് വ്യവസ്ഥയും നടന്നുനീങ്ങുന്നത് പലിശക്ക് കടമായി വാങ്ങിയ ധനത്തിലാണ്. ബാങ്കുകളാകട്ടെ പണം വാരിക്കോരി നൽകാൻ തയ്യാറുമാണ്. മുപ്പത് വർഷങ്ങൾക്ക് മുമ്പ് പണം കടം വാങ്ങാൻ അത്ര എളുപ്പമല്ലായിരുന്നു. ഇന്ന് അത് വളരെ എളുപ്പമാണ്. കടം വാങ്ങുന്നയാളുടെ വ്യക്തിപരമായ വരുമാനമോ കടം വീട്ടുവാനുള്ള അയാളുടെ കഴിവോ ഒന്നും തന്നെ ധനകാര്യസ്ഥാപനങ്ങൾ പരിഗണിക്കുന്നില്ല. കടം നൽകാൻ സ്വീകരിച്ചിരുന്ന പല നിബന്ധനകളും ഇന്ന് ഒഴിവാക്കിയിരിക്കുന്നു. കടത്തിൽ മുങ്ങിയവർക്ക് വീണ്ടും പണം കടം വാങ്ങാൻ ഇത് പ്രേരണ നൽകുന്നു. അന്തിമവിശകലനത്തിൽ അവർ കടം വാങ്ങുന്നത് ബാങ്കുകളിൽ നിന്നല്ല അവരുടെ ഭാവിയിൽ നിന്നുതന്നെയാണ്.

വാഗ്ദത്ത മഹ്ദി ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) സമ്പത്തിന് പിന്നാലെ പോകുന്നതിന്റെ അപകടത്തെപ്പറ്റി താക്കീത് ചെയ്യുന്നു.

*'ആഡംബരപൂർണ്ണവും, സുഖ*

*പ്രദവും, നിരുത്തരവാദപരവുമായ ജീവിതം ഒരു ശാപമാണ്. അത് പോലെ ആ ജീവിതം മര്യാദകെട്ടതും ഹൃദയശൂന്യവും അന്യരുടെ യാതനകളിൽ ശ്രദ്ധിക്കാത്തതുമാണ്. എല്ലാ ധനാഢ്യനും അവന്റെ സ്ര ഷ്ടാവിനോടും അതുപോലെ സഹചരരോടുമുള്ള അവന്റെ കടമകൾ നിറവേറ്റാൻ ബാധ്യസ്ഥനാണ്. പാവപ്പെട്ടവനേക്കാളും തീർച്ചയായും പണക്കാരൻ ഇക്കാര്യത്തിൽ മറുപടി പറയേണ്ടി വരും. ഈ ലോകത്തെ ഹ്രസ്വമായ ജീവിതത്തിന് ദൈവത്തിൽ നിന്നും പൂർണ്ണമായും മുഖംതിരിക്കുന്നവൻ എത്രമാത്രം നിർഭാഗ്യവാനാണ്.* (കിശ്തീചെ നൂഹ് 1902)

ഈജിപ്തിലെ ഫറോവകൾ അവരുടെ ശവകുടീരങ്ങളിൽ പരലോകജീവിതത്തിൽ ഉപയോഗിക്കാൻവേണ്ടി എല്ലാവിധ സുഖാഢംബരവസ്തുക്കളും സംഭരിച്ചുവെച്ചിരുന്നു. തെറ്റായ സങ്കല്പത്തിലാണെങ്കിലും ചുരുങ്ങിയത് പരലോകജീവിതത്തെക്കുറിച്ച് അവർ ചിന്തിച്ചിരുന്നു. എന്നാൽ ഈ കാലഘട്ടത്തിലെ ജനങ്ങൾ മരണാനന്തര ജീവിതത്തെക്കുറിച്ച് അശേഷം ചിന്തിക്കാറില്ല. ഇതാണ് അവരുടെ ആത്മീയവും ധാർമ്മികവുമായ അധഃപതനത്തിന് കാരണം. മരണം വരെ ഭൗതികവിഭവങ്ങൾ ആർജിക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ അവർ മുഴികിയിരിക്കുകയാണ്. ഖുർആൻ പറയുന്നു:

വിശ്വസിച്ചവരേ, ക്രയവിക്രയമോ മൈത്രീബന്ധമോ, ശുപാർശയോ ഇല്ലാത്ത ഒരു നാൾ വരുന്നതിന് മുമ്പ് നാം നിങ്ങൾക്ക് നൽകിയിട്ടുള്ളതിൽ നിന്ന് നിങ്ങൾ ചെലവ് ചെയ്യുക. നിഷേധികൾ തന്നെയാണ് അധർമകാരികൾ (2:2550).

ഒരു മുസ്‌ലിമിന്റെ മാതൃക റസൂൽ തിരുമേനി(സ)യാണ്. അവിടുന്ന് അറേബ്യയുടെ ചോദ്യം ചെയ്യപ്പെടാത്ത ഭരണാധികാരിയായി മാറിയിരുന്നിട്ടും അവിടുത്തെ ജീവിതം ആർക്കും അനുകരിക്കാൻ കഴിയുന്നവിധം അതീവ ലളിതമായിരുന്നു. ഭൗതികവിഭവങ്ങളെ സംബന്ധിച്ച പ്രശ്നം വന്നാൽ നമ്മുടെ യഥാർത്ഥ ആവശ്യം എന്താണെന്ന് നാം ചോദിക്കണം. പണം കടം വാങ്ങുന്നത് നാം ഒഴിവാക്കണം. ആഡംബരവസ്തുക്കൾ പലിശക്ക് കടമെടുത്ത് വാങ്ങുന്നത് പാടെ വർജിക്കണം. ലളിതമായി ഭക്ഷിക്കുകയും ഭക്ഷണസാധനങ്ങൾ പാഴാക്കാതിരിക്കുകയും വേണം.

നിരന്തരമായ വ്രതാനുഷ്ഠാനം ദരിദ്രന്റെ അവസ്ഥ മനസ്സിലാക്കാൻ സഹായകരമാണ്. അവനെ സഹായിക്കാനും ദാരിദ്ര്യനിർമാർജ്ജനത്തിനും അത് സഹായകമാണ്. അതാത് കാലത്തുള്ള ഖലീഫമാർ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നടത്തുന്ന ആഹ്വാനങ്ങളോട് നാം പ്രതികരിക്കണം. ഇസ്‌ലാം ഭൗതികവിഭവങ്ങൾ അന്വേഷിക്കുന്നതിൽ നിന്നും നമ്മെ തടയുന്നില്ല. വിജ്ഞാനവും സമ്പത്തും സമ്പാദിക്കുന്നതിനോ ബിസിനസ്സിലോ വ്യവസായത്തിലോ ഏർപ്പെടുന്നതിനോ ഇസ്‌ലാം തടസ്സം നിൽക്കുന്നില്ല. ദൈവത്തിന്റെ ആജ്ഞകൾക്ക് മറ്റെന്തിനേക്കാളും നാം ഉപരിസ്ഥാനം നൽകണമെന്നാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത്. നമ്മുടെ ലക്ഷ്യം നമ്മുടെ ദൈവമാണ്. ഈ ലക്ഷ്യം നാം എപ്പോഴും ഓർമ്മിക്കണം. മദ്യം, ചൂതാട്ടം, കുറ്റകൃത്യങ്ങൾ എന്നിവയെല്ലാം ഇക്കാലത്ത് വർദ്ധിച്ചു വരുന്ന ഭൗതിക തിന്മകളാണ്.

## ഇന്റർനെറ്റ്

നാം ഇന്റർനെറ്റിന്റെ പല വിപത്തുകളെക്കുറിച്ചും കേൾക്കുന്നു. ചിലവ ഊതിപ്പെരുപ്പിച്ചവയാണ്. ഇന്റർനെറ്റ് വിജ്ഞാനസമ്പാദത്തിന് വളരെ ഉപകാരപ്രദമായ ഒരു ഉപകരണമാണ്. അത് പോലെ അത് ദുരുപയോഗവും ചെയ്യാം. വിജ്ഞാനചോരണത്തിന് ഇന്റർനെറ്റ് ഉപയോഗപ്പെടുത്തുന്നു. ഇത്തരം ചോരണങ്ങൾ തടയാൻ ഫലപ്രദമായ ആഗോളനിയമവ്യവസ്ഥ ഇന്റർനെറ്റിൽ ഇല്ല.

ഇന്റർനെറ്റ് ചിലപ്പോൾ ക്രിമിനലുകൾ ഉപയോഗപ്പെടുത്താറുണ്ട്. ചാറ്റ് റൂമിൽ പ്രവേശിച്ചാൽ ലൈംഗിക വൈകൃതമുള്ളവരും യുവജനങ്ങളെ വഴിതെറ്റിക്കാൻ ഇന്റർനെറ്റിൽ പതുങ്ങിയിരിപ്പുണ്ട്. ആളുകളെ സംബന്ധിച്ച് പരിശോധനയുമില്ലാതെയാണ് ചാറ്റിങ്ങിൽ ഏർപ്പെടുന്നത്. ചാറ്റ് റൂമിൽ ആളുകൾ പരസ്പരം അറിയാതിരിക്കുന്നത് അവർക്ക് എന്തും ഏതും സംസാരിക്കാനുള്ള സുഖസൗകര്യങ്ങൾ നൽകുന്നു. ചാറ്റ് റൂമിൽ മിക്കവരും സമവയസ്കരായ ആളുകളെ അന്വേഷിക്കുന്നു. പക്ഷേ അവർക്ക് തങ്ങളുമായി ബന്ധപ്പെടുന്നയാളെ സംബന്ധിച്ച് യാതൊരു യഥാർത്ഥ വിവരവും ലഭ്യമല്ല. ഒരാളുടെ യഥാർത്ഥ വിവരം ഇന്റർനെറ്റിലൂടെ മിക്കവരും വെളിപ്പെടുത്തുന്നില്ല. അതിന്റെ ഫലമായി ഒരാളുടെ ആന്തരിക ധാർമ്മികബോധവും സാമൂഹികബോധവും താഴ്ന്ന നിലവാരം പ്രാപിക്കുന്നു. ചാറ്റ് റൂമിൽ സംഭവിക്കുന്നത് ഒരാളുടെ മുഖത്ത് നോക്കി പറയാൻ മടിക്കുന്ന കാര്യങ്ങൾ നിർലജ്ജം പറയുക എന്നുള്ളതാണ്. ചാറ്റ് റൂമിലെ മിക്ക സംഭാഷണങ്ങളും, അക്രമപരവും, അസാന്മാർഗിവും പരജനവിദ്വേഷം പ്രകടിപ്പിക്കുന്നതുമായിരിക്കും.

ഇന്റർനെറ്റ് വളരെ സ്വതന്ത്രമായി ഷോപ്പിംങ്ങ്, സംഗീതം, ഫിലിം, ലൈംഗികത എന്നിവയിലേക്ക് ആളുകളെ ആനയിക്കുന്നു. ആളുകളുടെ നിരവധി വിലപ്പെട്ട മണിക്കൂറുകൾ അതിനുമുന്നിൽ ചിലവഴിച്ച് ഇന്റർനെറ്റിന്റെ അടിമകളായി മാറുകയും ചെയ്യുന്നു. എത്ര നിരുപദ്രവകരമായി കണ്ടാലും ശരി ഇന്റർനെറ്റ് അടിമത്തമുണ്ടാക്കുകയും ഒരാളുടെ സന്തുലിത ജീവിതത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

ഇന്റർനെറ്റ് കുട്ടികൾ ഉപയോഗിക്കുന്നതിനെതിരെ രക്ഷിതാക്കൾ അസ്വസ്ഥരാണ്. അത് സ്വകാര്യത സംരക്ഷിക്കുന്നുണ്ടെന്ന് പറയപ്പെടുമ്പോൾ തന്നെ ഇന്റർനെറ്റിലൂടെ കുട്ടികൾ അനാവശ്യവും അശ്ലീലകരവുമായ തെറ്റുകളിലേക്ക് ആനയിക്കപ്പെടുന്നു. ലൈംഗികത. വംശീയത, വയലൻസ് എന്നിവ കുട്ടികളെ എളുപ്പം സ്വാധീനിക്കുന്നു. ഇന്റർനെറ്റിന്റെ വിശാല ലോകത്തേക്ക് കുട്ടികളെ വിടുകയാണെങ്കിൽ അത് അവരുടെ യഥാർത്ഥ ജീവിതത്തെ അപകടപ്പെടുത്തുന്നതായിരിക്കും. കുട്ടികൾ വിവരങ്ങൾ ശേഖരിക്കുമ്പോൾ തന്നെ അത് കർശനമായി നിയന്ത്രിക്കപ്പെടണം. ഇന്റർനെറ്റ് ഘടിപ്പിച്ച കമ്പ്യൂട്ടർ രക്ഷിതാക്കന്മാർ പെരുമാറുന്ന വീട്ടിലെ പൊതുമുറികളിലായിരിക്കണം സ്ഥാപിക്കേണ്ടത്. ഒരിക്കലും കുട്ടികളുടെ കിടപ്പറയിലോ സ്വകാര്യ മുറികളിലോ ആയിരിക്കരുത്. വിജ്ഞാനസമ്പാദത്തിനു വേണ്ടി ഇന്റർനെറ്റിനെ ആശ്രയിക്കുന്നതിനുപകരം കുട്ടികളെ പുസ്തകങ്ങൾ വായിക്കാനാണ് പ്രേരിപ്പിക്കേണ്ടത്.

## ആൺപെൺ സങ്കലനം

ലൈംഗികതയെ സംബന്ധിച്ച് ബോധം വന്നത് മുതൽ ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ ഇടകലരുന്നതിനെ ഇസ്‌ലാം വിലക്കുന്നു. ഈ നിബന്ധന ചില പരിഷ്കാരികൾക്ക് കഠിനതരമായി തോന്നും. പക്ഷേ സ്വഛന്ദം ആൺ പെൺകുട്ടികളെ കൂടിക്കലരുവാൻ വിടുകയാണെങ്കിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെപറ്റി സൂക്ഷ്മമായി ചിന്തിച്ചാൽ ഇസ്‌ലാം കല്പിച്ച ഈ നിരോധനത്തിന്റെ യുക്തിയും വിവേകവും മനസ്സിലാവും.

ധാർമ്മികാവസ്ഥയുടെ ശോഷണത്തോടൊപ്പം സ്ത്രീപുരുഷന്മാർ കൂടിക്കലരുന്നതാണ് ഇക്കാലത്തുണ്ടാകുന്ന മിക്ക കുറ്റകൃത്യങ്ങൾക്കും കാരണം. പാശ്ചാത്യനാടുകളിൽ പ്രത്യേകിച്ച് സ്ത്രീപുരുഷന്മാർ അർദ്ധനഗ്നകളായി പൊതുസ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന, അല്പവസ്ത്രധാരിണികളായി നീങ്ങുന്നു. ക്ലബുകളിൽ മദ്യപാനവും കലാപരിപാടികളും നടത്തുന്നു. അവർ ഇച്ഛിക്കുംവിധം ലൈംഗികകേളികൾ ആരുമായും നടത്തുന്നു. പാശ്ചാത്യ ജനതയിൽ പണ്ടത്തേതിനേക്കാൾ ലൈംഗികത, വ്യഭിചാരം, വിവാഹമോചനം, ഗർഭഛിദ്രം, അവിവാഹിതരായ സ്ത്രീപുരുഷന്മാരുടെ സഹജീവനം, സ്വവർഗ്ഗവിവാഹം, ഇവയെല്ലാം വർദ്ധിച്ചിരിക്കുന്നു. അതിഭയാനകമായ ഒരു വിപത്തിലേക്കാണ് ഇത് പൊയ്ക്കൊണ്ടിരിക്കുന്നത്. നാം പറയുന്ന ഈ ‘പെർമിസീവ് സൊസൈറ്റി’ നാശത്തിന്റെ വക്കിലാണ്. കുടുംബങ്ങളുടെ ഭദ്രത, മനുഷ്യന്റെ അന്തസ്സ്, സ്വാഭിമാനം എന്നിവ ഇല്ലാതാവുന്നു. കുടുംബങ്ങൾ ഛിന്നഭിന്നമാവുന്നു. പല മാരകരോഗങ്ങളും ദ്രുതഗതിയിൽ പരക്കുന്നു. ജനങ്ങളുടെ സ്വഭാവങ്ങളും മാറി മറയുന്നു.

ആധുനികസമൂഹത്തിലെ പല ആചാരങ്ങളും പർദ്ദസമ്പ്രദായത്തെ ബാധിക്കുന്നു. പർദ്ദസമ്പ്രദായം മുസ്‌ലിംസമൂഹത്തിലെ കർശനമായി പാലിച്ചില്ലെങ്കിൽ വമ്പിച്ച വിപത്തുകളിലേക്ക് അവ വഴിവെക്കും.

പ്രാർത്ഥനകൾക്ക് ഒന്നിച്ചുചേരുന്നത് കൂടാതെ അഹ്മദികൾ സ്വാത്വികരായ ആളുകളുമായുള്ള സഹവാസം കിട്ടാൻ സ്ഥിരമായി ജമാഅത്ത് പരിപാടികളിൽ പങ്കെടുക്കണം. ഇക്കാര്യങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതുണ്ട്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള സങ്കലനം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. വിശുദ്ധ ഖുർആൻ പർദ്ദയുടെ തത്വരസത്യം നമുക്ക് മനസ്സിലാക്കിത്തരുന്നു. ആണിന്റെയും പെണ്ണിന്റേയും സമീപനത്തിൽ ഈ തത്വം പ്രതിഫലിക്കുകയും വേണം. വിശുദ്ധ ഖുർആൻ പറയുന്നു.

*‘സത്യവിശ്വാസികളായ പുരുഷന്മാരോട് പറയുക, അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അത് അവർക്ക് ഏറ്റവും പരിശുദ്ധമായ മാർഗ്ഗമാണ്. അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാണ്. സത്യവിശ്വാസികളോട് പറയുക: അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ.* (24:31, 32)

സ്ത്രീകൾ അവരുടെ ശരീരം വസ്ത്രങ്ങൾ കൊണ്ട് മാടി പുതക്കുകയും അപരിചിതരായ പുരുഷന്മാർക്ക് മുമ്പിൽ ദൃഷ്ടി താഴ്ത്തുകയും ചെയ്യുക, പുരുഷന്മാരും പർദ്ദ ആചരിക്കേണ്ടതുണ്ട്. അത് അവരുടെ ധാർമ്മികമായ അപഭ്രംശങ്ങളെ തടയുന്നതാണ്. വളരെ ഉചിതജ്ഞതയോടെയായിരിക്കണം

പർദ്ദ ആചരിക്കേണ്ടത്. അത് കാർക്കശ്യത്തോടെ അടിച്ചേൽപ്പിക്കപ്പെടരുത്. നമ്മുടെ മൂല്യങ്ങളെ സംബന്ധിച്ച് നാം അശ്രദ്ധരാവരുത്. പർദ്ദയുടെ ആത്മാവ് ഉൾക്കൊണ്ട് പർദ്ദ ആചരിക്കേണ്ടതാണ്. ഇക്കാലത്ത് സാധാരണ കാണുന്ന മദ്യപാനം, സംഗീതം, നൃത്തം, പാട്ട് എന്നിവയുള്ള സദസ്സുകൾ നാം ഒഴിവാക്കേണ്ടതാണ്. സ്ത്രീപുരുഷന്മാർ പരസ്പരം ഹസ്തദാനം ചെയ്യുന്നതും ഒഴിവാക്കണം.

സ്ത്രീപുരുഷന്മാർക്കിടയിൽ പ്രകൃത്യാ കാണുന്ന ആകർഷണം - ഇത്തരം കൂടിചേരലുകളിലൂടെ ദുരുപയോഗം ചെയ്യപ്പെടുന്നു. ഇത് സമൂഹത്തിന്റെ ധാർമ്മികതയെ അപകടപ്പെടുത്തും. അങ്ങനെ പടിപടിയായി അനിയന്ത്രിത ലൈംഗികതയിലേക്കും ലൈംഗിക രോഗങ്ങളിലേക്കും അത് വളരുന്നു. ധാർമ്മികതയുടെ അപചയം സമൂഹത്തിന്റെ ആരോഗ്യത്തേയും ബാധിക്കുന്നു. ലൈംഗിക പകർച്ചവ്യാധികൾ ഉയർത്തുന്ന ഭീഷണി അതീവ ഗുരുതരമാണ്. ന്യൂറോഡിസിസ്, മാനസികരോഗങ്ങൾ, മുതലായ ദീനങ്ങൾ ലൈംഗിക പരിധി ലംഘനത്തിന്റെ ഫലങ്ങൾ കൂടിയാണ്. എയ്ഡ്സ് രോഗം ഇതിലെ ഏറ്റവും പ്രത്യക്ഷമായ തെളിവാണ്. മരുന്നുകളില്ലാതെ ഈ മാറാരോഗം ഓരോ ദിവസവും ആയിരക്കണക്കിന് ആളുകളെ ബാധിക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മുഹമ്മദ് നബി (സ)യുടെ ഒരു ഹദീസ് ഇതുസംബന്ധിച്ച് ഇപ്രകാരമാണ്.

'ലൈംഗികത നിർലജ്ജം നടമാടുന്നത് വരെ അല്ലാഹു ഒരു ജനതയിലും അത് സംഭവിപ്പിക്കില്ല. അത് അവർക്കിടയിൽ നിരന്തരമായി കഠിനമായ സാംക്രമികരോഗങ്ങളും മറ്റു രോഗങ്ങളും പ്രത്യക്ഷപ്പെടുത്തും. അവരുടെ പൂർവ്വപിതാക്കൾ ഒരിക്കലും അത്തരം രോഗത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ടാവില്ല (സുനൻ ഇബ്നുമാജ, കിതാബുൻ ഫിത്ൻ) ഉഖൂബാത്ത് വോ. 2 ദാറുൽ ഫിക്ർ അൽ അറബി പേ. 1333)

നാം കൂടുതലായി ഔട്ട്ഡോർ ഗെയിമുകൾ, കായികവിനോദങ്ങൾ, സിഡ്വൈനിങ്ങ്, കൃഷി, ഗാർഡനിങ്ങ്, മുതലായവയിൽ ശ്രദ്ധിക്കുകയും ടെലിവിഷനിലെ ആഭാസകരവും അശ്ലീലം നിറഞ്ഞതുമായ പരിപാടികൾ ഒഴിവാക്കുകയും വേണം.

## കളവും ചതിയും

കളവാണ് എല്ലാ കുറ്റകൃത്യങ്ങളുടേയും മാതാവ്. ഇന്ന് ലോകത്ത് മുഴുവൻ കളവാണ് കാണപ്പെടുന്നത്. നിർദോഷകരമായ കളവ് സമൂഹം ഇന്ന് അംഗീകരിച്ചത് പോലെയാണ്. എന്ത് നിറം നിങ്ങൾ അതിന് നൽകിയാലും കളവ് കളവ് തന്നെയാണ്. ധാർമികവും സാംസ്കാരികവുമായ ലോകത്തെ നിരവധി പ്രശ്നങ്ങൾ ഉത്ഭവിക്കുന്നത് സത്യസന്ധതയും ആർജവവുമില്ലായ്മയിൽ നിന്നാണ്. സത്യമില്ലാതെ നീതിയില്ല എന്ന് നാം ഓർക്കണം.

സത്യം പറയുക എന്നതിനേക്കാൾ മഹത്തരമായ മറ്റൊരു ഗുണവുമില്ല. സത്യം എന്നത് ശരീരത്തിന്റെ അവയവം പോലെയാണ്. അവയവമില്ലാതെ ശരീരത്തിന് ചലിക്കാൻ സാധ്യമല്ല. എന്ത് തന്നെ നഷ്ടമുണ്ടായാലും ഒരാൾ സത്യം മാത്രമേ പറയാവൂ. കളവ് പറയുന്ന തടക്കം നിരവധി ദുർഗുണങ്ങളുള്ള ഒരാൾ ഒരിക്കൽ റസൂൽ തിരുമേനി(സ)യെ സമീപിച്ചു അത്തരം പാപങ്ങളിൽ നിന്നും രക്ഷ നേടാൻ താൻ എന്ത് ചെയ്യണം എന്ന് അദ്ദേഹം റസൂൽ തിരുമേനി(സ)യോട് ചോദിച്ചു. അവിടുന്ന് പറഞ്ഞു നീ കളവ് ഉപേക്ഷിക്കണം. അവന്റെ സകല ദുർഗുണങ്ങൾക്കും അടിസ്ഥാന കാരണം കളവ് പറയുന്ന ദുശ്ശീലമാകുന്നു. പിന്നീട് അയാൾ നല്ലവനായിത്തീരുകയാണ്. ഖുർആൻ പറയുന്നു:

**.... സത്യവിശ്വാസികളും സത്യവിശ്വാസിനികളും... അല്ലാഹു അവർക്കെല്ലാം പാപമുക്തിയും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട്.** (33:36)

ഈ വചനത്തിൽ സത്യത്തിന്റെ സ്വഭാവവും തത്വശാസ്ത്രവും അതിന്റെ സകല വശങ്ങളും പറഞ്ഞിട്ടുണ്ട്. ഈ വചനത്തിൽ സത്യം അല്ലാഹുവിന് വേണ്ടിയുള്ളത് മാത്രമാണെന്ന് പറയുന്നു. നമുക്കറിയാം അവനിൽ നിന്ന് ഒന്നും മറച്ചുവെക്കാൻ നമുക്ക് സാധ്യമല്ല. സർവ്വവ്യാപിയായ ആ ദൈവത്തിൽ നാം വിശ്വസിക്കുകയാണെങ്കിൽ കളവിന്റെ പിന്നിലൊളിച്ച് നമ്മുടെ തൊലി രക്ഷിക്കാൻ സാധ്യമല്ല. നാം ദിനേന നമ്മുടെ ദൈനംദിനകർമ്മങ്ങളെക്കുറിച്ചും ചിന്തിക്കുകയും അവ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾക്കനുസരിച്ച് സംസ്ക്കരിക്കുകയും വേണം.

*'നീതി പുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ സഹായം നൽകുന്നതിനും അല്ലാഹു കല്പിക്കുന്നു. നീചവൃത്തിയേയും നിഷിദ്ധകർമ്മത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിന് വേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു* (16:91).

വളരെ ലളിതസുന്ദരമായ ഈ വചനങ്ങളിലെ ആശയങ്ങൾ ഏത്

*(ശേഷം 34- ൽ)*

ജനാബ് ബശീർ അഹ്മദ് ഓർച്ചാഡ്

ലേഖനം

# അതിശ്രേഷ്ഠമായ ജീവിതരീതി

## പണവും സമ്പത്തുമല്ല, നാം ആർജിക്കുന്ന സദാചാര ധാർമ്മിക മൂല്യങ്ങളാണ് മനുഷ്യന് മനസ്സമാധാനം നൽകുക

### സദാചാരബോധം വളർത്തിയെടുക്കൽ:

സ്കോട്ട്ലാന്റിലെ എഡിൻ ബർലിൽ വേവർലി സ്റ്റേഷനിൽ നിന്നും ഏതാണ്ട് മുന്നൂറടി ദൂരത്ത് പ്രിൻസസ് സ്ട്രീറ്റിൽ ഒരു വലിയ സ്മാരകക്കെട്ടിടമുണ്ട്. ഇക്കഴിഞ്ഞ നൂറ്റാണ്ടിലെ പ്രശസ്തനായ എഴുത്തുകാരനും ചരിത്രകാരനുമായിരുന്ന സർ വാൾട്ടർ സ്കോട്ടിന്റെ ഓർമ്മയ്ക്കായി പണി തീർത്തതാണത്. ഈ സ്മാരകം കാണുമ്പോഴൊക്കെ എനിയ്ക്ക് ഓർമ്മ വരുന്നത്, അദ്ദേഹം തന്റെ മരണക്കിടക്കയിൽ കിടന്നുകൊണ്ട് സ്വന്തം മരുമകനോടു പറഞ്ഞ അവസാനവാക്കുകളാണ്. *“എനിയ്ക്കു നിന്നോടു സംസാരിയ്ക്കുവാൻ ഒരു മിനിട്ടു ലഭിച്ചിരിയ്ക്കുന്നു. എന്റെ പ്രിയമകനേ, നീ ഒരു നല്ല മനുഷ്യനായിരിയ്ക്കുക, സച്ചരിതനായിരിയ്ക്കുക, ഈശ്വരവിശ്വാസമുള്ളവനായിരിയ്ക്കുക. മരണക്കിടക്കയിലെത്തുമ്പോൾ അതല്ലാതെ മറ്റൊന്നും നിനക്ക് ആശ്വാസം നൽകുകയില്ല.”*

സർ വാൾട്ടർ സ്കോട്ട് സാഹിത്യരംഗത്ത് ഒരുപാട് പ്രശസ്തി നേടുകയും ലക്ഷോപലക്ഷം വായനക്കാരുടെ ആരാധനാപാത്രമാവുകയും ചെയ്ത മഹദ് വ്യക്തിയായിരുന്നു. എന്നാലും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ അതൊന്നും അദ്ദേഹത്തി നു വലിയ കാര്യമായി തോന്നിയില്ല. താൻ പരിശീലിച്ചു നേടിയെടുത്ത സവിശേഷ ധാർമ്മികഗുണങ്ങളാണ് തന്റെ ജീവിതത്തിലെ ഏറ്റവും മൂല്യമേറിയ സമ്പത്ത് എന്ന് അദ്ദേഹം മനസ്സിലാക്കി.

വിശുദ്ധ ഖുർആനിൽ പറയുന്നു: *“എന്നെ ആരാധിയ്ക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല.”* (51:57). ഈ വരികളിൽ ‘ആരാധന’ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുറപ്രകാരമുള്ള പ്രാർത്ഥന മാത്രമല്ല. നമ്മുടെ മനോവ്യാപാരങ്ങളിൽ, കർമ്മങ്ങളിൽ, സംഭാഷണങ്ങളിൽ എല്ലാം തന്നെ അല്ലാഹുവിന്റെ ഗുണഗണങ്ങൾ പ്രകടമായിരിക്കണം. അതാണ് യഥാർത്ഥത്തിലുള്ള ദൈവാരാധന. നമ്മിലെ ധാർമ്മികമൂല്യങ്ങൾ വെളിപ്പെടുത്തുന്നതിലൂടെയാണ് ദൈവാരാധന പൂർണ്ണമാകുന്നത്. നമ്മുടെ നിലനില്പിന്റെ ഉദ്ദേശ്യം തന്നെ അതാണ്. അതിനാൽ അചഞ്ചലമായ ഭക്തിയോടു കൂടി നാം നമ്മുടെ ശ്രദ്ധ ഈ ആദർശത്തിൽ കേന്ദ്രീകരിയ്ക്കേണ്ടതുണ്ട്. ദിവസവും, നാം പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളിലും നമ്മുടെ പ്രവൃത്തികളിലും ചിന്തകളിലും എന്തിന് മുഖഭാവങ്ങളിൽ പോലും നന്മയുടെ ജ്യോതിസു വിളങ്ങി പ്രസരിയ്ക്കണം.

*“അല്ലാഹുവേ, എന്റെ ഹൃദയത്തിലേയ്ക്കും ചെവികളിലേക്കും കണ്ണുകളിലേക്കും നാവിലേക്കും എന്റെ വലതുവശത്തും എന്റെ ഇടതുവശത്തും എനിയ്ക്കു മുകളിലും എനിയ്ക്കു കീഴെയും നീ പ്രകാശം പരത്തിത്തരേണമേ. അടിയനെ അങ്ങയുടെ പ്രകാശത്തിൽ നിമജ്ജനം ചെയ്യേണമേ.”*

ഈ പ്രാർത്ഥന നമുക്ക് ഒരു പ്രചോദനമായിരിക്കണം. മനുഷ്യന്റെ സർവ്വപ്രധാനമായ ജീവിതലക്ഷ്യം നന്മയുടെ പരിപൂർണ്ണതയിലെത്തുക എന്നതാണെന്നും അതു നമ്മെ ദൈവത്തിന്റെ ദൃഷ്ടിയിൽ ആദരണീയമായ ഒരു പദവിയിലേക്കുയർത്തുമെന്നും വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചിരിയ്ക്കുന്നു. ഓരോ സത്യവിശ്വാസിയുടേയും ആത്യന്തികമായ അഭിലാഷം അതായിരിക്കണം.

***വിശുദ്ധ ഖുർആനിൽ പറയുന്നു: “തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വച്ചേറ്റവും***

***ബഹുമാന്യൻ നിങ്ങളിൽ വച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു." (49:14)***

മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം സുവ്യക്തമായി തന്നെ വിശുദ്ധ ഖുർആനിൽ പറഞ്ഞിരിയ്ക്കുന്നു. ഏറ്റവും മികച്ച സാന്മാർഗ്ഗിക പ്രവൃത്തികൾ ചെയ്യാനായി നാം ഓരോ നിമിഷവും പരിശ്രമിച്ചുകൊണ്ടേയിരിക്കണം എന്നു വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. അങ്ങനെയിരിക്കെ നമ്മുടെ മറ്റേതെങ്കിലും ആഗ്രഹങ്ങൾക്ക് മുൻഗണന കൊടുക്കേണ്ട ആവശ്യമെന്താണ്? തീർച്ചയായും നമുക്ക് ജീവിതാഭിലാഷങ്ങൾ ഇല്ലാതെയല്ല. പക്ഷേ ഏറ്റവും തീവ്രമായി നമുക്കുണ്ടായിരിയ്ക്കേണ്ട അഭിലാഷം സദാചാരമൂല്യങ്ങൾ വളർത്തിയെടുക്കുക എന്നതാണ്. അതിനുള്ള ഒരു മാർഗ്ഗമായിട്ടാണ് റമസാൻ മാസത്തിൽ വ്രതമനുഷ്ഠിക്കാനുള്ള ആജ്ഞ അല്ലാഹു നമുക്കു തന്നിരിയ്ക്കുന്നത്.

***"വിശ്വാസികളേ! നിങ്ങൾക്കു മുമ്പുള്ളവർക്കു നിർബന്ധമാക്കപ്പെട്ടിരിക്കുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിയ്ക്കുന്നു. നിങ്ങൾ (ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽ നിന്നും സുരക്ഷിതരാകും വിധം) ദോഷബാധയെ സൂക്ഷിയ്ക്കുവാൻ വേണ്ടി."*** (2:184)

അല്ലാഹുവിന്റെ ഈ മാർഗ്ഗദർശനം മനസ്സിൽ സൂക്ഷിച്ചു കൊണ്ട് നാം എപ്പോഴും ഏറെ ഔത്സുക്യത്തോടെയും പ്രതീക്ഷയോടെയും റമസാൻ മാസത്തിന്റെ വരവും കാത്തിരിയിക്കുകയും ഏറെ ശുഷ്കാന്തിയോടെ വ്രതമനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. രോഗം, യാത്ര അങ്ങനെ ചില പ്രത്യേക സാഹചര്യങ്ങളിൽ ഉള്ളവർക്ക് അല്ലാഹു ഇക്കാര്യത്തിൽ ഇളവും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചു തന്നിട്ടുമുണ്ട്.

ഇന്നു ഭൂരിഭാഗം ജനങ്ങളും സാമ്പത്തികമായ അഭിവൃദ്ധി നേടിയെടുക്കാനുള്ള തിടുക്കത്തിലാണ്. അവരുടെ എല്ലാ ശ്രമങ്ങളും ശ്രദ്ധയും ഉത്കണ്ഠയും ഇക്കാര്യത്തിൽ മാത്രമായി തീരുന്നു. സ്വർണ്ണത്തിനു മുന്നിൽ വെള്ളി എന്ന പോലെ നിസ്സാരമാണ് ധാർമ്മിക മൂല്യങ്ങൾക്കു മുന്നിൽ സ്വർണ്ണവും സമ്പത്തും എന്ന യാഥാർത്ഥ്യം അവർ മറന്നുപോകുന്നു.

വിശുദ്ധ ഖുർആനിൽ മനുഷ്യനെപ്പറ്റി ഇപ്രകാരം പറഞ്ഞിരിയ്ക്കുന്നു.

***"ധനത്തോടുള്ള സ്നേഹത്തിൽ വളരെ തീവ്രതയുള്ളവനാണവൻ."*** (100:9)

സമ്പത്തുണ്ടായിരിക്കുന്നതു നല്ലതു തന്നെ. പക്ഷേ അതോടൊപ്പം തന്നെ, പണം കൊണ്ടു നേടിയെടുക്കാനാവാത്ത ചില ധാർമ്മിക ഗുണവിശേഷങ്ങളുണ്ട്. അവ നമുക്കു നഷ്ടമാകുന്നുണ്ടോ എന്ന് പല പ്രാവശ്യം നാം വിലയിരുത്തേണ്ടതുണ്ട്.

യഥാർത്ഥ സമ്പദ് സമൃദ്ധിയെപ്പറ്റി വിശുദ്ധ ഖുർആനിൽ അല്ലാഹു (റ) ഇപ്രകാരം പറഞ്ഞിരിയ്ക്കുന്നു. ***"പരിശുദ്ധിയാർജ്ജിക്കുകയും തന്റെ നാഥന്റെ നാമം സ്മരിക്കുകയും എന്നിട്ടു നമസ്കരിക്കുകയും ചെയ്തവർ തീർച്ചയായും വിജയം പ്രാപിച്ചു."*** (87: 15, 16)

ശരീരത്തിന് ആരോഗ്യം എന്ന പോലെയാണ് ആത്മാവിനു നന്മ നിറഞ്ഞ പ്രവൃത്തികൾ എന്ന വസ്തുത നാം ഓർത്തിരിയിക്കേണ്ടതാണ്. ശാരീരികാരോഗ്യം കാത്തു സൂക്ഷിയ്ക്കാനായി ജനങ്ങൾ എന്തും ചെയ്യുന്നു. ഭക്ഷണം നിയന്ത്രിയ്ക്കാനും വ്യായാമം ചെയ്യാനുമൊക്കെ ഉത്സുകരാകുന്നു. എന്തെങ്കിലും അസ്വാസ്ഥ്യം വന്നാലുടനെ തന്നെ ഏറ്റവും പ്രഗത്ഭനായ ഡോക്ടറെ കണ്ടെത്തി ഉപദേശം സ്വീകരിയ്ക്കുന്നു. പക്ഷേ, ഇക്കൂട്ടർ പൊതുവേ തങ്ങളിലെ ജീവചൈതന്യത്തിന് ആത്മീയ പരിപോഷണം നൽകുന്ന കാര്യത്തിൽ തികച്ചും അശ്രദ്ധരാണ് എന്നു മാത്രമല്ല അവർ ആദ്ധ്യാത്മികമായി തങ്ങൾക്കുള്ള തകരാറുകൾക്ക് ശരിയായ പ്രതിവിധി തേടി പോകാറുമില്ല.

എല്ലാ നന്മകളെ കുറിച്ചും പ്രതിപാദിക്കുന്ന പരിപൂർണ്ണമായ ഒരു ധർമ്മസംഹിതയാണ് ഇസ്‌ലാം മതം നമുക്കു പ്രദാനം ചെയ്തിരിക്കുന്നത്. അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ട് ആ നന്മകൾ നമ്മിൽ വളർത്തിയെടുക്കാൻ പരിശ്രമിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. അതു നമ്മെ തന്നെ സഹായിക്കലാണ്. അതിനായി ശ്രമിക്കുന്നവരെ അല്ലാഹു സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

ഇസ്‌ലാമികാദ്ധ്യാപനമനുസരിച്ചു നമ്മുടെ ചിന്തകളെയും പ്രവൃത്തികളെയും ശരിയായ രീതിയിൽ നിയന്ത്രിക്കുക എന്നതാണ് സദാചാരബോധം വളർത്തിയെടുക്കാൻ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിച്ചിരിയ്ക്കുന്നത്. സ്നേഹം ഒരു ധാർമ്മികഗുണമാവുന്നത് അത് സന്ദർഭോചിതമായും ശരിയായ രീതിയിലും പ്രകടിപ്പിയ്ക്കപ്പെടുമ്പോഴാണ്. അല്ലാതെ നിസ്സർഗ്ഗമായതോ തെ റ്റായ ദിശയിലേക്കുള്ളതോ ആണെങ്കിൽ സ്നേഹം ഒരു ധാർമ്മിക ഗുണമല്ല. ഉദാഹരണത്തിനു മൃഗങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങൾക്കു നൽകുന്ന സ്നേഹവും സംരക്ഷണവും നിസ്സർഗളമായതാണ്. പ്രകൃത്യാ ഉള്ളതാണ്. അതൊരു നന്മ നിറഞ്ഞ പ്രവൃത്തിയായി പരിഗണിയ്ക്കപ്പെടുന്നില്ല. അമ്മ തന്റെ സ്വന്തം കുഞ്ഞിന് വേണ്ടുന്ന

തെല്ലാം വാങ്ങിക്കൊടുക്കുന്നു. ഇഷ്ടമുള്ളതൊക്കെ ചെയ്യാൻ അനുവാദം നൽകുന്നു. സ്നേഹവും വാത്സല്യവും കോരിച്ചൊരിയുന്നു. അതും 'സ്നേഹം' എന്ന ധാർമ്മികഗുണത്തിന് ഒരു ദൃഷ്ടാന്തമല്ല. അതുപോലെ തന്നെ മറ്റൊരുവന്റെ ഭാര്യയെ, അവളോടുള്ള വികാര പാരവശ്യം കൊണ്ടോ പ്രണയം കൊണ്ടോ സ്വന്തമാക്കി കൂടെ താമസിപ്പിയ്ക്കുന്നതിനും 'സ്നേഹം' എന്ന വാക്ക് അനുയോജ്യമല്ല. മാതൃസ്നേഹം, കമിതാക്കൾ തമ്മിലുള്ള സ്നേഹം എന്നതിനൊക്കെ അപ്പുറം 'സ്നേഹം' എന്ന സദ്ഗുണത്തിന് അർത്ഥവ്യാപ്തിയുണ്ട്.

**ധാർമ്മികപുരോഗതിയുടെ ഘട്ടങ്ങൾ**

മറ്റുള്ളവരോടു പെരുമാറുന്നതിനും ഇടപഴകുന്നതിനും ആവശ്യമായ മൂന്നു പ്രത്യേക ഘട്ടങ്ങളിലേക്ക് വാഗ്ദത്ത മസീഹ് (അ) നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിയ്ക്കുന്നു. ഒന്നാമത്തെ ഘട്ടത്തിന് ആവശ്യമായിട്ടുള്ളത് നമ്മോട് മറ്റുള്ളവർ എങ്ങനെ പെരുമാറണം എന്നു നാം ആഗ്രഹിക്കുന്നുവോ അതുപോലെ അവരോടു പെരുമാറുക എന്നതാണ്. നന്മയ്ക്കു നമ്മൾ നന്മ തിരിച്ചു കൊടുക്കണം. രണ്ടാം ഘട്ടത്തിനു വേണ്ടത്, നമ്മൾ സ്വീകരിച്ചിട്ടുള്ളതിനേക്കാൾ ഏറെ നന്മയും മെച്ചമായ പെരുമാറ്റവും മറ്റുള്ളവർക്കായി കാഴ്ചവെക്കുക അല്ലെങ്കിൽ തിരിച്ചു നൽകുക എന്നതാണ്. എന്നാൽ മൂന്നാം ഘട്ടത്തിൽ, നമുക്ക് എന്തെങ്കിലും തിരിച്ചുകിട്ടണം എന്നു ചിന്തിയ്ക്കുക പോലും ചെയ്യാതെ മറ്റുള്ളവർക്കു സേവനവും നന്മയും ചെയ്യുകയാണു വേണ്ടത്. നമ്മോട് ഏതെങ്കിലും തരത്തിലുള്ള കടപ്പാട് ഉണ്ടെന്ന് ഒരു സൂചന പോലും നാം നമ്മുടെ സഹായം സ്വീകരിക്കുന്ന വ്യക്തിയ്ക്ക് ഒരിയ്ക്കലും കൊടുക്കാൻ പാടില്ല. ഒരമ്മയ്ക്കു കുഞ്ഞിനോടുള്ള സ്നേഹം പോലെ, ഈ മാനസികാവസ്ഥ സ്വാഭാവികമായി വരണം. അത്രയേറെ അകൃത്രിമമായ, അല്ലെങ്കിൽ സഹജമായ ഒരു മാനസികാവസ്ഥയാണ് നാം മറ്റുള്ളവരെ സഹായിക്കുന്ന കാര്യത്തിൽ വളർത്തിയെടുക്കേണ്ടത്.

**ധാർമ്മികമൂല്യങ്ങൾ:**

ഒരുപാടു വ്യക്തിപരമായ ഗു ണഗണങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ആത്മാഭിമാനം, പ്രതിപക്ഷബഹുമാനം, അനുകമ്പ, സഹാനുഭൂതി, സത്യസന്ധത, ക്ഷമാശീലം, ലാളിത്യം, ശുചിത്വം, സൗമ്യപ്രകൃതം, വിപദിധൈര്യം, സന്മനസ്സ്, മഹാമനസ്കത, സഹനശക്തി, സ്ഥിരചിത്തത, സ്ഥിരോത്സാഹം, ദീനദയാലുത്വം, ദാനശീലം, വിനയം, ആതിഥ്യമര്യാദ, കാരുണ്യം, നീതിനിഷ്ഠ, ആത്മസംയമനം, സംതൃപ്താവസ്ഥ, ഊർജ്ജസ്വലത, സഹായമനസ്കത, കൃതജ്ഞത, പാതിവ്രത്യം, സഹിഷ്ണുത, സ്നേഹം, നിസ്വാർത്ഥത – ഇങ്ങനെ നമുക്കുണ്ടായിരിയ്ക്കേണ്ട ഒരുപാടു നല്ല ഗുണങ്ങൾ ഉണ്ട്. ഇക്കാര്യത്തിൽ മുഹമ്മദു നബി(സ)യെ കഴിഞ്ഞു മറ്റൊരു ഉദാഹരണമില്ല. നബി(സ) തിരുമേനിയുടെ സവിശേഷഗുണങ്ങളെ സ്തുതിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) എഴുതിയ ഒരു കവിത ഇതു സുവ്യക്തമാക്കുന്നു.

"എത്ര മഹാനായ മനുഷ്യൻ!
എന്തൊരു ആകർഷകത!
അദ്ദേഹത്തിന്റെ ശ്വാസനിശ്വാസങ്ങൾക്കു പൂക്കളുടെ സുഗന്ധം!
ആ മുഖത്തു ദൈവം ദൃശ്യമാകുന്നു!
അതാണാ പുണ്യാത്മാവിൻ സവിശേഷത.
അതാണാ മഹാത്മൻ തൻ യഥാർത്ഥ സ്ഥിതി.
സവിശേഷഗുണാതിരേകത്താൽ മറ്റാരേക്കാളും
സ്നേഹിയ്ക്കപ്പെട്ടവനായിടുന്നൂ....
സമീപസ്ഥൻ, കുലീനൻ, ഉദാരമതി,
ദൈവവിശ്വാസികൾ തൻ ഉറ്റസുഹൃത്ത്,
അനുപമമായ ഉത്കൃഷ്ടത, മഹത്വം,
തേജസ്സ്, ആത്മസൗന്ദര്യം!
അത്യുത്തമസൃഷ്ടി മുഹമ്മദുതന്നെ
മഹാന്മാരുടെ ചൈതന്യസ്രോതസ്സ്,
തെരഞ്ഞെടുക്കപ്പെട്ടവരിൽ വിശിഷ്ടൻ,
സകല നന്മകളുടേയും സംഗമസ്ഥലം
എക്കാലത്തെയും അനുഗ്രഹങ്ങൾ
കുടിയിരിക്കുന്ന വിളനിലം
അല്ലാഹുവിൻ ഗുണഗണ സ്വരൂപം
ആ മഹാത്മാവിലൂടെ മാത്രമല്ലോ കരഗതം!
ഭക്തരുടെ, വിശുദ്ധരുടെ, ഉത്കൃഷ്ടവ്യക്തികളുടെ
അഭിമാനഭാജനം!
ആദരിയ്ക്കപ്പെട്ടവരിൽ അഗ്രഗണ്യൻ!
കാലമല്ല സർവഗുണസമ്പുഷ്ടിയാണ്
ഉത്കൃഷ്ടതയ്ക്കാധാരം എന്നതല്ലോ യാഥാർത്ഥ്യം.

നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം തന്നെ ആരാധനയും ധാർമ്മികമൂല്യങ്ങൾ വളർത്തിയെടുക്കലുമാണെന്ന് വിശുദ്ധ ഖുർആനെ ആസ്പദമാക്കി വ്യക്തമാക്കിക്കഴിഞ്ഞുവല്ലോ. അതിനാൽ നമ്മുടെ നിലനി

*(ശേഷം 34- ൽ)*

എം. നദീം അഹ്മദ് സിദ്ധീഖ്

ലേഖനം

# മതനിന്ദ: റസൂൽ തിരുമേനി(സ)യുടെ പ്രതികരണം (തുടർച്ച)

**തന്നെ പീഡിപ്പിച്ച ജനതയോടും അങ്ങേയറ്റം സ്നേഹവായ്പോടെയാണ് റസൂൽ തിരുമേനി(സ) പെരുമാറിയത്. അവിടുന്ന് അവരോട് യാതൊരു പ്രതികാരവും ചെയ്തില്ല.**

ഇസ്ലാമിലെ ഒന്നാം ഖലീഫയായ ഹദ്റത്ത് അബുബക്കറി(റ)നെ ഒരമുസ്ലിം അതികഠിന മായ രീതിയിൽ റസൂൽ തിരുമേനി (സ) യുടെ സാന്നിദ്ധ്യത്തിൽ ശകാരിക്കുകയുണ്ടായി. നബി(സ) സമീപത്തിരിക്കുന്നുണ്ടായിരുന്നു. ഈ ശകാരം കേട്ടുകൊണ്ട് അബുബക്കർ (റ) സഹനത്തോടെ നിശ്ശബ്ദനായി ഇരുന്നു. ഇത് നിരീക്ഷിച്ചുകൊണ്ടിരുന്ന തിരുമേനി(സ) മന്ദഹസിച്ചു. ഒടുവിൽ ആ അമുസ്ലിമിന്റെ *ഭർത്സനം അങ്ങേയറ്റമെത്തിയപ്പോൾ അബൂബക്കർ(റ) മറുപടി പറയാൻ തുടങ്ങി. അപ്പോൾ നബി തിരുമേനി(സ) എഴുന്നേറ്റ് നടന്നുപോയി. പിന്നീട് അബൂബക്കർ (റ) നബി തിരുമേനി(സ) യോട് അന്വേഷിച്ചു. 'അല്ലയോ, പ്രവാചകരേ, ഈ വ്യക്തി എന്നെ ചീത്ത പറഞ്ഞുകൊണ്ടിരുന്നപ്പോൾ താങ്കൾ അവിടെ തന്നെ ഇരിക്കുകയും മന്ദഹസിക്കുകയും ചെയ്തു. പക്ഷേ, ഞാൻ മറുപടി പറയാൻ തുടങ്ങിയപ്പോൾ താങ്കൾ എഴുന്നേറ്റു നടന്നുപോയി. ഇതെന്തുകൊണ്ടായിരുന്നു? 'നബി തിരുമേനി(സ) മറുപടി പറഞ്ഞു'. താങ്കൾ ശാന്തനായിരുന്നപ്പോൾ, താങ്കൾക്കു വേണ്ടി മലക്കുകൾ മറുപടി പറയുന്നുണ്ടായിരുന്നു. താങ്കൾ സംസാരിക്കാൻ തുടങ്ങിയപ്പോൾ മലക്കുകൾ പോയി. പകരം ശൈത്താൻ പ്രത്യക്ഷപ്പെട്ടു. പിന്നെ, എനിക്കെങ്ങനെ അവിടെ ഇരിക്കാൻ സാധിക്കും?.*

നബി(സ)യുടെ ജീവിതകാലത്ത് ഒരു ജൂതനും ഒരറബിയും തമ്മിൽ താന്താങ്ങളുടെ പ്രവാചകന്മാരെ സംബന്ധിച്ച് ശണ്ഠ കൂടി. തന്റെ അവകാശവാദം സ്ഥാപിക്കാൻ മുസ്ലിം അവലംബിച്ച രീതി ആ ജൂതന്റെ വികാരങ്ങളെ വ്രണപ്പെടുത്തി. ആ ജൂതൻ ഇതേക്കുറിച്ച് നബി(സ) തിരുമേനിയോട് പരാതി പറഞ്ഞപ്പോൾ തിരുമേനി (സ) മുസ്ലിമിനെ ഇപ്രകാരം ശാസിച്ചു. *'മൂസയുടെ മേൽ എന്നെ ഉയർത്തിക്കാട്ടരുത്'* ഇതായിരുന്നു തന്റെ അനുയായികളിൽ നിന്ന് നബി തിരുമേനി (സ) ആവശ്യപ്പെട്ട മര്യാദയുടെ ഉന്നതനിലവാരം. മക്ക കീഴടക്കിയശേഷം (അമുസ്ലിംകൾ സമാധാനപരമായി മുസ്ലിംകൾക്ക് കീഴടങ്ങിയശേഷം) തന്നെയും അനുയായികളെയും വാക്കുകൾ കൊണ്ടും ശാരീരികമായും നിഷ്കരുണം പീഡിപ്പിച്ച മുഴുവൻ ജനതക്കും നബി (സ) തിരുമേനി പൊതുമാപ്പ് നൽകി. തന്റെ ഈ കാരുണ്യത്തെ യൂസുഫ് നബി(സ) തന്റെ സഹോദരന്മാരോട് കാണിച്ച കാരുണ്യവുമായി താരതമ്യപ്പെടുത്തുകയും പരമാർശിക്കുകയും ചെയ്തു. മറ്റു വാക്കുകളിൽ പറഞ്ഞാൽ മക്കക്കാരുടെ ക്രൂരതകൾക്കും പീഡനങ്ങൾക്കും മുമ്പിൽ നബിതിരുമേനി(സ)യുടെ ആദ്യത്തെ പ്രതികരണം പൊറുത്തുകൊടുക്കലും മൃദുലതയുമായിരുന്നു.

പൊതുമാപ്പു കൊടുക്കുന്ന നയത്തിൽ നിന്നും വളരെ അപൂർവ്വമായൊരപവാദം ഇക്രിമക്ക് വധശിക്ഷ വിധിച്ചതായിരുന്നു. അയാൾ മുസ്ലിംകൾക്ക് നേരെ അമിതമായ അക്രമം കാണിക്കുകയും നിരവധി പേരെ വധിക്കുകയും ചെയ്തിരുന്നു. ഇതിനുള്ള പ്രതികാരം ഭയന്ന് ഇക്രിമ മക്കയിൽ നിന്ന് ഓടിപ്പോയിരുന്നു. എന്നിരിക്കിലും, ഇക്രിമയുടെ ഭാര്യ കരുണ യാചിച്ചുകൊണ്ട് നല്കിയ അപേക്ഷ പ്രകാരം തിരുനബി(സ) ഇക്രിമ

ക്കും മാപ്പു നല്കുകയും പൊറുത്തുകൊടുക്കുകയും ചെയ്തു. ഇക്രിമ മക്കയിലേക്ക് മടങ്ങിയെത്തിയപ്പോൾ, തനിക്ക് യഥാർത്ഥത്തിൽ മാപ്പു നല്കിയിട്ടുണ്ടോ എന്ന് നബി തിരുമേനി(സ)യോടു ചോദിച്ചു. അതിന് ഇസ്‌ലാം മതത്തിലേ പരിവർത്തനം ചെയ്യേണ്ടതുണ്ടോ എന്നും ചോദിച്ചു. താൻ യഥാർത്ഥത്തിൽ മാപ്പു നല്കിയിട്ടുണ്ടെന്ന് തിരുനബി(സ) അറിയിച്ചു മതപരിവർത്തനത്തിന്റെ ആവശ്യമില്ല എന്നും പറഞ്ഞു. ആ നിമിഷം സ്വന്തം ഇച്ഛ പ്രകാരം ഇക്രിമ ഇസ്‌ലാം മതമാശ്ലേഷിച്ചു. അത്തരത്തിലുള്ള ഒരു ഹൃദയവിശാലത നബി(സ) തിരുമേനി അല്ലാഹുവിന്റെ സത്യപ്രവാചകനാണെന്നതിന് തെളിവാണെന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ മനഃപരിവർത്തനം.

മുൻ വിവരിച്ച പ്രകാരമുള്ള ഉദാഹരണങ്ങൾ കൊണ്ട് നിറഞ്ഞതായിരുന്നു നബി(സ) തിരുമേനി (സ)യുടെ ജീവിതം. ഈ ഉദാഹരണങ്ങൾ കാണിക്കുന്നത് ദുർഭാഷണത്തിന് ഇസ്‌ലാം മാപ്പ് നല്കുന്നില്ലെങ്കിലും ഭാഷണ സ്വാതന്ത്ര്യത്തിന് നിയന്ത്രണമേർപ്പെടുത്തുന്നില്ല എന്നുമാണ്. എന്തെന്നാൽ ദൈവം മാത്രമാണ് അന്തിമമായ കണക്കെടുക്കുന്നവൻ. ഇസ്‌ലാമിൽ സ്നേഹവും സഹാനുഭൂതിയും നിറഞ്ഞിരിക്കുന്നു. അതിൽ മതസ്വാതന്ത്ര്യവും മനഃസാക്ഷി സ്വാതന്ത്ര്യവും നിലനിർത്തുകയും ചെയ്യുന്നു.

ഡാനിഷ് കാർട്ടൂൺ വിവാദത്തെ സംബന്ധിച്ച് നമുക്കറിയാം. ഏപ്രിൽ 2003ൽ ക്രിസ്റ്റോഫർ സീൽ എന്ന ആർട്ടിസ്റ്റ് 'ജില്ലന്റ് പോസ്റ്റൺ' എന്ന വർത്തമാനപ്പത്രത്തിന് കാർട്ടൂൺ പരമ്പര അയച്ചുകൊടുത്തു. അതിൽ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് പ്രത്യക്ഷത്തിൽ വളരെ ലാഘവത്തോടെ ചിത്രീകരിച്ചിരുന്നു. ഇതിന് വായനക്കാർ ഒരു വിലയും കല്പിക്കില്ലെന്നും ചിലപ്പോൾ വായനക്കാർ അതിന്റെ പേരിൽ ഒച്ചപ്പാടുണ്ടാക്കാൻ സാധ്യതയുണ്ടെന്നും പറഞ്ഞ് പത്രാധിപർ അവ നിരസിച്ചു. രണ്ടര വർഷങ്ങൾക്കുശേഷം അതേ പത്രാധിപർ നബി തിരുമേനി(സ)യെ ക്കുറിച്ചുള്ള കാർട്ടൂണുകൾ പ്രസിദ്ധീകരിക്കാൻ അനുമതി നൽകി. തങ്ങൾ എന്താണ് ചെയ്യുന്നതെന്നും അത് കാരണം ഒച്ചപ്പാടുണ്ടാവുമെന്നും ജില്ലൻറ് പോസ്റ്റണിന് നല്ലപോലെ അറിയാമായിരുന്നു. ഡെൻമാർക്കിൽ അങ്ങനെത്തന്നെ സംഭവിക്കുകയും ചെയ്തു. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ അവർ ധിക്കാരപൂർവ്വം വിമർശനം അവഗണിച്ചു. 500 മില്യൻ ഡോളർ നഷ്ടമുണ്ടാക്കുന്നവിധം വിദേശത്തെ ഡാനിഷ് ക്ഷീരോല്പന്നങ്ങളുടെ വില്പന ബഹിഷ്കരിക്കപ്പെട്ടപ്പോൾ ആവിഷ്കാരസ്വാതന്ത്ര്യം സാമ്പത്തികപ്രതിസന്ധിക്ക് വഴിമാറിക്കൊടുത്തു. അങ്ങനെ ജില്ലന്റ് പോസ്റ്റനും ഡാനിഷ് പ്രധാനമന്ത്രിയും ക്ഷമാപണം നടത്തി.

കൂടാതെ, നമുക്കറിയാം മുസ്‌ലിംകൾ ലോകത്തെല്ലായിടത്തും വളരെ സംസ്കാരപൂർണ്ണവും സമാധാനപരവുമായ നിലയിൽ പ്രതിഷേധം രേഖപ്പെടുത്തി. എന്നാൽ ഒരു ന്യൂനപക്ഷം നടത്തിയ അക്രമങ്ങളിൽ മാത്രമാണ് മാധ്യമങ്ങൾ ശ്രദ്ധ ചെലുത്തിയത്. മുസ്‌ലിം രാജ്യങ്ങളിൽ പലേടത്തും ഭയാനകവും അക്രമാസക്തവുമായ കലാപങ്ങളാണ് അരങ്ങേറിയതെന്ന് സമ്മതിച്ചേ തീരൂ. ശ്രദ്ധേയമായ ഒരു കാര്യം യൂറോപ്പിലൊരിടത്തും യൂറോപ്യൻ മുസ്‌ലിംങ്ങൾ ഇത്തരം അക്രമാസക്തമായ കലാപങ്ങൾ നടത്തിയില്ല എന്നതാണ്. മാധ്യമങ്ങളിൽ കാണപ്പെട്ട ഇരട്ടത്താപ്പ് ശ്രദ്ധിക്കാതിരിക്കവയ്യ. യേശുവിനെ (അ) സംബന്ധിച്ച കാർട്ടൂണുകൾ പ്രസിദ്ധീകരണത്തിന് വന്നപ്പോൾ അവയുടെ ആപേക്ഷികമൂല്യവും അവ മറ്റുള്ളവർക്ക് ഉപദ്രവകരമാവും എന്ന ചിന്തയുമായിരുന്നു. പത്രാധിപരുടെ ആശങ്കകൾ യേശുവിന്റെ പ്രശ്നം വന്നപ്പോൾ ആവിഷ്കാരസ്വാതന്ത്ര്യനിയന്ത്രണം ന്യായീകരിക്കപ്പെട്ടു. എന്നാൽ നബി തിരുമേനിയെ(സ)ക്കുറിച്ചുള്ള കാർട്ടൂൺ വിവാദം വന്നപ്പോൾ ആവിഷ്കാരസ്വാതന്ത്ര്യം ഒരിക്കലും നിയന്ത്രിക്കപ്പെട്ടില്ല. ചുരുങ്ങിയത് ക്ഷീരോല്പന്നങ്ങളുടെ കയറ്റുമതിയെ ബാധിക്കുന്നതുവരെയെങ്കിലും അതു നിലനിന്നു. തീർച്ചയായും യഹൂദവർഗ്ഗവിരുദ്ധമായ ഏറ്റവും നിസ്സാരമായ ഒരു സൂചനയെങ്കിലും കാർട്ടൂണുകളിലുണ്ടായിരുന്നെങ്കിൽ അത് സാർവ്വലൌകികമായ രീതിയിൽ തന്നെ അപലപിക്കപ്പെടുമായിരുന്നു.

കാർട്ടൂണിനോടുള്ള പ്രതിഷേധ സൂചകമെന്ന നിലയിൽ നടന്ന എല്ലാ അക്രമത്തേയും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ശക്തമായി അപലപിക്കുന്നു. ഈ ആക്രമണം സ്വാഭാവികവും മനുഷ്യത്വപരവുമായ ഒരു പ്രതികരണമാണെന്ന് പറഞ്ഞു നിരവധി മുസ്‌ലിംകൾ ഇതിനോട് അനുഭാവം പ്രകടിപ്പിക്കുകയുണ്ടായി. അല്ലെങ്കിൽ ലോകം മുഴുവൻ മുസ്‌ലിംകൾ അനുഭവിക്കുന്ന പീഡനത്തിന്റേയും എളിമത്തരത്തിന്റേയും കാരണമാണെന്നു പറഞ്ഞു. എന്നിരിക്കിലും, അക്രമപരമായ അത്തരം പ്രതിഷേധങ്ങൾക്കും സ്വത്തുനശിപ്പിക്കലിന്നും ഒരു ന്യായീകരണവുമില്ലെന്നാണ് ഞങ്ങളുടെ വീക്ഷണം. ഒരാൾ ഇത്തരം 'സ്വാഭാവിക' പ്രതികരണം അവലംബിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് ഇസ്‌ലാമികം എന്നും വിശുദ്ധ ഖുർആനും തിരുചര്യകൾക്കും അനുസൃതമായ ഇസ്‌ലാമികാദർശം എന്നു പറയരുത്.

ഇത്തരം പ്രതിഷേധങ്ങളിലും അക്രമങ്ങളിലും ഏർപ്പെടുന്നതിന് പകരം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അവരുടെ ഇസ്‌ലാമിക ബാദ്ധ്യത സംബന്ധിച്ച് ശ്രദ്ധാലുക്കളായി. കാർട്ടൂൺ പ്രസിദ്ധീകരിച്ചശേഷം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹു ...) ഡെൻമാർക്ക് സന്ദർശിക്കുകയും ഒരു സ്വീകരണയോഗത്തിൽ ഡാനിഷ് പത്രപ്രതിനിധികളേയും ഡാനിഷ് ഗവൺമെന്റ് ഉദ്യോഗസ്ഥരേയും അഭിസംബോധന ചെയ്തു. ഈ പ്രസംഗം പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയും അതൊരു പൊതുരേഖയായിത്തീരുകയും ചെയ്തു. കാർട്ടൂണുകൾ പ്രകോപനപരമാവുന്നതെന്തുകൊണ്ടാണന്ന് അദ്ദേഹം വിവരിച്ചു. വളരെ മാന്യമായും ആർദ്രമനസ്കനായുംകൊണ്ട് അത്തരം പ്രവർത്തനങ്ങളുടെ അധാർമികത അദ്ദേഹം വിശദീകരിച്ചു. നന്മ ഉപദേശിക്കുകയും മര്യാദപൂർണ്ണമായ നിർദ്ദേശങ്ങൾ അവരുടെ മുന്നിൽ സമർപ്പിക്കുകയും ചെയ്തു. ഉച്ചത്തിലുള്ള പൊതുപ്രസ്താവനയും ഇറക്കിയില്ല. ഡാനിഷ് കാർട്ടൂൺ വിവാദത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രതികരിച്ചത് വിശുദ്ധ ഖുർആന്റേയും തിരുസുന്നത്തുകളുടേയും അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. തുടക്കം മുതൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നടപടിക്രമം ഇതായിരുന്നു. ഇസ്‌ലാമിനെതിരിലുള്ള ആക്രമണങ്ങൾ അഹ്മദികൾ ഒരിക്കലും തന്നെ ബലപ്രയോഗം കൊണ്ട് നേരിട്ടിട്ടില്ല. അഹ്മദികളുടെ മുദ്രാവാക്യം **'എല്ലാവരോടും സ്നേഹം, ആരോടും വെറുപ്പില്ല'** എന്നതാണ്. സംവാദത്തിനും ആരോപണങ്ങൾ ഖണ്ഡിക്കാനും അവൻ സാഹിത്യവും മാധ്യമങ്ങളും യുക്തിസംവാദങ്ങളും ഉപയോഗപ്പെടുത്തുന്നു. വാഗ്ദത്ത മസീഹ് (അ) അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ പറഞ്ഞിട്ടുള്ള ഇത് പേന കൊണ്ടുള്ള ജിഹാദിന്റെ കാലമാണെന്നാണ്. തൂലിക വാളിനേക്കാൾ ശക്തമാണ്.

**വിവ. കെ വി. ഹസ്സൻകോയ**, കോഴിക്കോട്

■

---

*(31-ൽ നിന്ന് തുടർച്ച)*

ല്പിന്റെ ഉദ്ദേശ്യശുദ്ധിയെ അവഗണിയ്ക്കുന്നത് വലിയ വിഡ്ഢിത്തമാണ്. കാരണം, അങ്ങനെയായാൽ നമ്മൾ ഇരുലോകങ്ങളിലും നഷ്ടപ്പെട്ടവരായിപ്പോകും. മറ്റെതെല്ലാം നേടിയെടുത്താലും അവയേക്കാളൊക്കെ ഉന്നതവും പ്രതിഫലദായകവുമായത് സദാചാരമൂല്യങ്ങൾ വളർത്തിയെടുക്കുക എന്നതാണ്. അതു നമുക്ക് സംതൃപ്തിയും സന്തോഷവും തരുന്നു. വലിയ സ്ഥാനമാനങ്ങൾക്കോ സമ്പത്തിനോ ഒന്നും ആ മാനസികാവസ്ഥ നൽകാൻ കഴിയില്ല എന്നതാണു വസ്തുത. (തുടരും)

**അവലംബം** : **The Review of Religions December 2008.**

**വിവർത്തനം : ഡോ. ഹസീനാ മസൂദ് ഫസിൽ.**

---

*(28-ൽ നിന്ന് തുടർച്ച)*

ബുദ്ധിജീവികൾക്കും സാധാരണ ക്കാർക്കും മനസ്സിലാവും. ഈ വചനത്തിൽ മനുഷ്യന്റെ ധാർമ്മികവും അദ്ധ്യാത്മികവുമായ എല്ലാ സമ്പൂർ ണ്ണ ഗുണങ്ങളെപറ്റിയും സംഗ്രഹിച്ചിരിക്കുന്നു. ഒരു അഹ്മദിയെ സംബന്ധിച്ചേടത്തോളം കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശങ്ങൾ സമ്പൂർണ്ണമായും അനുധാവനം ചെയ്താൽ അത് അയാളെ സംരക്ഷിക്കുന്നതാണ്. ഖിലാഫത്ത് എന്നത് അനുഗൃഹീതമായ ഒരു സ്ഥാപനമാണ്, അല്ലാഹുവിൽ നിന്നുള്ള സമ്മാനം. നമ്മുടെ ഇസ്‌ലാമിക മൂല്യങ്ങൾ വളർത്തുവാനും പാലിക്കാനും കഴിയുന്ന ഒരു സ്ഥാപനമാണ്. അദ്ദേഹത്തിന്റെ കല്പനകൾ നാം അവഗണിക്കുകയാണെങ്കിൽ നമ്മുടെ ധാർമ്മികപതനത്തിന് യാതൊരു ന്യായീകരണവുമില്ല.

ആധുനികലോകത്തിന്റെ തിന്മകളെപ്പറ്റി നാം ബോധവാന്മാരാകേണ്ടതുണ്ട്. ഇത്തരം തിന്മകളിൽ നിന്നും പരിശുദ്ധരായി ജീവിക്കലാണ് ആധുനിക കാലത്തെ ജിഹാദ്. സ്വയം സംസ്കരിച്ചുകൊണ്ട് നാം മുന്നോട്ട് പോകണം. നമ്മുടെ മതത്തിന്റെ സുന്ദരമായ അദ്ധ്യാപനങ്ങൾ നാം അത് ജീവിതത്തിൽ പകർത്താതെ അന്യന് മനസ്സിലാക്കൊടുക്കാൻ സാധ്യമല്ല. ഖുർആൻ പറയുന്നു;

വിശ്വസിക്കുകയും അല്ലാഹുവി**ന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവൻ അറിയുക. അല്ലാഹുവിന്റെ സ്മരണ കൊണ്ടു മാത്രമേ മനസ്സമാധാനം കൈവരിക്കുകയുള്ളൂ.** (13:29)

ഈ മനോഹരമായ ഖുർആൻ വചനം അഗാധമായ ഒരു സത്യം വെളിപ്പെടുത്തുന്നു. അധിക മനുഷ്യരും ഈ ലോകത്തെ തുച്ഛമായ ങ്ങൾക്ക് വേണ്ടി പരക്കം പായുന്നവരാണ്. അവന്റെ ഹൃദയത്തിൽ എപ്പോഴും ആധിയാണ്. പക്ഷേ ദൈവത്തെ അന്വേഷിക്കുന്നവർ അവനിലേക്ക് തിരിയുന്നു. അധിമായി അവന്റെ ഹൃദയം ശാന്തഭരിതമായിത്തീരുന്നു. ഇത് കാണിക്കുന്നത് മനുഷ്യന്റെ ആന്തരപ്രകൃതി ദൈവികാന്വേഷണത്തിനു ആശി ക്കുന്നു. ആ ലക്ഷ്യം പ്രാപിക്കപ്പെട്ടുകഴിഞ്ഞാൽ മനുഷ്യന് പൂർണ്ണശാന്തി ലഭിച്ചു തുടങ്ങും. ■

ജലാലുദ്ദീൻ കല്പേനി

ലേഖനം

മനുഷ്യൻ - തേനീച്ചക്കും എട്ടുകാലിക്കുമിടയിൽ - 2

# മുസ്‌ലിം കക്ഷി നേതാക്കളുടെ പോര്

## മുസ്‌ലിംകക്ഷി നേതാക്കളുടെ പരസ്പര ശത്രുത മുസ്‌ലിം സമുദായത്തെ ലജ്ജാകരമായ ഒരു പതനത്തിലെത്തിച്ചിരിക്കുന്നു

പാകിസ്താനിലെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകൻ മലയാളിയായ ബി.എം. കുട്ടിയുടെ വാക്കുകൾ കഷ്ടം!! വർഷംതോറും ഇന്ത്യയിൽ കൊല്ലപ്പെടുന്നതിനേക്കാൾ അധികം മുസ്‌ലിംകൾ പാകിസ്താനിൽ കൊല്ലപ്പെടുന്നുണ്ട്. ആ കൊലകൾ നടത്തുന്നത് മുസ്‌ലിംകൾ തന്നെയാണ് എന്നോർക്കണം. സുന്നി-ശിയാ വഴക്കുകളുടെ കാര്യം എല്ലാവർക്കുമറിയാം. മറ്റ് മതസംഘടനകൾ തമ്മിലും ആ സംഘടനകൾക്കകത്തും പോരാട്ടങ്ങളുണ്ട്. വിവിധ രാഷ്ട്രീയകക്ഷികൾ തമ്മിലുള്ള തെരുവ് യുദ്ധങ്ങൾ വേറെ. അവിടെ കലാപം നടക്കുന്നത് മുസ്‌ലിംകൾ തമ്മിൽ തമ്മിൽ തന്നെയാണ്." (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2008 ഏപ്രിൽ 13)

റസൂൽ(സ)യുടെ ഖൈറുൽ ഉമ്മത്തിന് വന്നുഭവിക്കുമെന്ന് തിരുമേനി തന്നെ പ്രസ്താവിച്ച എല്ലാ അടയാളങ്ങളും ഇന്ന് അക്ഷരംപ്രതി പുലർന്നുകഴിഞ്ഞതായി എല്ലാവിഭാഗം മുസ്‌ലിംകക്ഷികളും ഒരേപോലെ സമ്മതിച്ചുകഴിഞ്ഞതായി മേൽകാണിച്ച അവരുടെ ഉദ്ധരണികൾ തന്നെ സാക്ഷിയാണല്ലോ.

**ഉലമാക്കന്മാരുടെ അവസ്ഥ:**

അണികളെ നന്മയിലേക്ക് നയിക്കേണ്ട ഓരോ കക്ഷിയിലേയും ഉലമാക്കളുടെ അവസ്ഥ എന്താണെന്ന് ഇനി നോക്കാം. ഈ ഉലമാക്കൾക്ക് സമുദായത്തെ മുന്നോട്ട് നയിക്കാനും ഖൈറുൽ ഉമ്മത്ത് എന്ന വിശേഷണത്തിനർഹരാകുംവിധം നന്മയുടെ നിറകുടമാക്കാനും അൽപമെങ്കിലും സാധിച്ചിട്ടുണ്ടോ? ഉണ്ടായിരുന്നെങ്കിൽ ഈ സമുദായത്തെപ്പറ്റി മുകളിൽ കാണിച്ചവിധം വിലപിക്കേണ്ടി വരികയില്ലായിരുന്നുവല്ലോ. ഇന്നത്തെ ഉലമാക്കളെപ്പറ്റി റസൂൽ തിരുമേനി പറഞ്ഞതെന്താണ്? *"....അവരുടെ പണ്ഡിതന്മാർ ആകാശത്തിന് കീഴിൽ ഏറ്റവും ദുഷിച്ചവരായിരിക്കും. അവരിൽ നിന്നാണ് കുഴപ്പം ഉൽഭവിക്കുക. അവരിൽ തന്നെ അത് ചെന്നെത്തുകയും ചെയ്യും...."* (ഹദീസ്)

(ഉദ്ധരണി: അഹ്‌ലുസ്സുന്നത്തി വൽ ജമാഅ: കെ. കുഞ്ഞീതുമദനി, കെ.എൻ.എം. പ്രസിദ്ധീകരണം) ഈ ഹദീസ് പുലർന്നുവോ ഇല്ലെ എന്ന് നമുക്ക് പരിശോധിക്കാം.

"പള്ളിയിൽ സംഘർഷം; ഇമാമിനെ നറുക്കെടുപ്പിലൂടെ തീരുമാനിച്ചു" എന്ന തലക്കെട്ടിൽ 'മാധ്യമം' പത്രത്തിന്റെ റിപ്പോർട്ട് കാ ണുക. "പെരിന്തൽമണ്ണ: ഇരുവിഭാഗം മുജാഹിദ് പ്രവർത്തകർ ഇന്നലെ പെരിന്തൽമണ്ണ സലഫി ജുമാ മസ്ജിദിൽ ഏറ്റുമുട്ടി. ആര് ഖുതുബ നടത്തണമെന്നതിനെച്ചൊല്ലിയുള്ള തർക്കമാണ് ഏറ്റുമുട്ടലിൽ കലാശിച്ചത്. പോലീസ് ഇടപെട്ട് നറുക്കെടുപ്പിലൂടെയാണ് ഇമാമിനെ തീരുമാനിച്ചത്. ഇന്നലെ ഉച്ചയോടെ തങ്ങളുടെ പക്ഷക്കാർ ഇമാം ആകണമെന്ന ശാഠ്യത്തിൽ....." (മാധ്യമം)

വായനക്കാരുടെ ബുദ്ധിയും ചിന്തയും ആർക്കും പണയപ്പെടുത്തിയില്ലെങ്കിൽ ചിന്തിക്കുക. പോലീസ് ഇടപെട്ട് നറുക്കെടുപ്പിലൂടെ ഇമാമിനെ തെരഞ്ഞെടുക്കലാണോ ഇസ്‌ലാമിന്റെ കൽപന. ഇമാം എങ്ങനെയുള്ള ആളായിരിക്കണം; ആരായിരിക്കണം എന്നൊക്കെ വ്യക്തമായി തിരുമേനി(സ) പറഞ്ഞിട്ടും അത് കൂട്ടാക്കാതെ അടിപിടി നടത്തി മുസ്‌ലിംകൾ ഉൾപ്പെടെയുള്ള പോലീസിന്റെ സാന്നിധ്യത്തിൽ തീരുമാനം കൈക്കൊള്ളേണ്ട ഗതികേടിലേക്കാണല്ലോ ഈ 'ഖൈറുൽ ഉമ്മത്ത്' എത്തിനിൽക്കുന്നത്. ഇവരുടെ പ്രവൃത്തിയുടെ ഫലം അൻകബൂത്തിന്റെ വീട് പോലെ ദുർബലമായതാണെന്നതിൽ ആർക്കാണ് സംശയം. അതേപത്രത്തിലെ മറ്റൊരു വാർത്തയുടെ തലക്കെട്ട് ഇങ്ങനെ. "മഞ്ചേരിയിലും അടിപിടി; ജില്ലാ കമ്മിറ്റി ഓഫീസ് പൂട്ടി." വാർത്ത ഇതായിരുന്നു. "മഞ്ചേരി: പെരിന്തൽമണ്ണയിലെ സംഘർഷത്തിന്റെ തുടർച്ചയായി മഞ്ചേരിയിൽ ഇരുവിഭാഗം മുജാഹിദ് പ്രവർത്തകർ ഏറ്റു

മുട്ടിയതിൽ എട്ട് പേർക്ക് പരുക്കേറ്റു. മഞ്ചേരി ഇസ്‌ലാഹി കാമ്പസ് പരിസരത്ത് വെച്ചാണ് അടിപിടിയുണ്ടായത്. തുടർന്ന് പോലീസ് താൽക്കാലികമായി ഇസ്‌ലാഹി കാമ്പസ് അടച്ചിട്ടിരിക്കയാണ്. അസർ നമസ്കാരം കഴിഞ്ഞ് കാമ്പസ് പള്ളിയിൽ നിന്ന് പുറത്തിറങ്ങുന്ന സമയത്താണ് ഇരുകൂട്ടരും തമ്മിൽ അടിയുണ്ടായത്." (മാധ്യമം)

സ്വയം നന്നാവാൻ കഴിയാത്തവർക്ക് എങ്ങനെ മറ്റുള്ളവരെ നന്നാക്കാൻ കഴിയും. മറ്റൊരു മുസ്‌ലിം പത്രമായ 'ചന്ദ്രിക'യിൽ "മലബാറിലെ രാഷ് ട്രീയ പ്രസംഗം വിവാദമായി" എന്ന തലക്കെട്ടിൽ വന്ന വാർത്ത കാണുക. "പറവൂർ: പറവൂർ ടൗണിലെ ശറഫുൽ ഇസ്‌ലാം മസ്ജിദിൽ ഇന്നലെ നടന്ന ജുമാ ഖുത്തുബാ വിശ്വാസികളിൽ അമ്പരപ്പുളവാക്കി. സോളിഡാരിറ്റി (ജമാഅത്തെ ഇസ്‌ലാമിയുടെ യുവജനസംഘടന) നേതാവും മന്നം ഇസ്‌ലാമിയാ കോളേജിലെ ജീവനക്കാരനുമായ 'കുട്ടി ഇമാമി'ന്റെ വഴിവിട്ട പരാമർശങ്ങൾ രാഷ്ട്രീയക്കാരുടെ കവലപ്രസംഗം പോലെയായി ഇമാമിന്റെ ഖുതുബാ പ്രസംഗം പാർട്ടിയുടെ സംസ്ഥാന അധ്യക്ഷൻ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളെപ്പോലും ആക്ഷേപിക്കുന്നത് വരെ നീണ്ട പ്രസംഗം." (ചന്ദ്രിക)

തേനീച്ച (നഹ്ൽ) യുടെ അച്ചടക്കവും അനുസരണവും ഐക്യവും കണ്ടുപിടിക്കാൻ ഉപദേശിച്ചിട്ടും അതിനെപ്പറ്റി ചിന്തിക്കാൻ ഉലമാക്കന്മാർക്ക് സമയമില്ലേ.

"മുജാഹിദുകൾക്കിടയിലെ ഭിന്നിപ്പ് ആദർശപരം തന്നെ: കേരളാ ജംഇയ്യത്തുൽ ഉലമ" എന്ന തലക്കെട്ടിൽ 'ചന്ദ്രിക'യിൽ വന്ന വാർത്ത. "കോഴിക്കോട്: മുജാഹിദ് പ്രസ്ഥാനത്തിൽ ഈയിടെയുണ്ടായ ഭിന്നിപ്പിന്റെ അടിസ്ഥാന കാരണം ആദർശം തന്നെയാണെന്നും വിഘടിച്ചുപോയവരുടെ മറിച്ചുള്ള പ്രചാരണം വസ്തുതക്ക് നിരക്കാത്തതാണെന്നും മുജാഹിദ് പണ്ഡിത സംഘടനയായ കെ.ജെ.യു. നിർവാഹകസമിതിയോഗം വ്യക്തമാക്കി. കേരള മുസ്‌ലിം നവോത്ഥാനത്തിന് നായകത്വം വഹിച്ച മഹത്തായ പ്രസ്ഥാനത്തിൽ ആദർശരംഗത്തും സംഘടനാരംഗത്തും ബോധപൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിച്ച വിഘടിതർ പ്രശ്നപരിഹാരരംഗത്ത് നിരന്തരം തടസ്സങ്ങൾ സൃഷ്ടിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും യോഗം അഭിപ്രായപ്പെട്ടു......" (ചന്ദ്രിക)

അതേ പത്രത്തിൽ "മുജാഹിദ് ഭിന്നിപ്പ് ആദർശപരമെന്നാണ് തെളിയിക്കണമെന്ന്" എന്ന തലക്കെട്ടിൽ വന്ന വാർത്ത

"മുജാഹിദ് പ്രസ്ഥാനത്തിലുണ്ടായ ഭിന്നിപ്പ് ആശയപരം തന്നെയെന്ന് അവകാശപ്പെടുന്നവർ അത് തെളിയിക്കാൻ തുറന്ന സംവാദത്തിന് തയ്യാറാണോ എന്ന് കേരളാ ജംഇയ്യത്തുൽ ഉലമാ സംസ്ഥാന പ്രസിഡണ്ട് സി.പി. ഉമ്മർ സുല്ലമിയും ജനറൽ സെക്രട്ടറി എം. അബ്ദുൾ ഹമീദ് മദനിയും പ്രസ്താവയിൽ ചോദിച്ചു... എന്നാൽ ചില വ്യക്തികളിലുണ്ടായ ജീർണ്ണതകളെയും സ്വാർത്ഥതാൽപര്യങ്ങളെയും അത് സംഘടനയിലേക്ക് വ്യാപിക്കുന്നത് കണ്ടപ്പോൾ എതിർ ത്തിട്ടുണ്ട് എന്ന വസ്തുത ഞങ്ങൾ നിഷേധിക്കുന്നില്ല. ഇല്ലാത്ത ആദർശവ്യതിയാനമാരോപിച്ച് സ്ഥാനമാനങ്ങൾ നേടാനും അധികാരസ്ഥാനങ്ങൾ കയ്യടക്കാനുമാണ് മറുവിഭാഗം ശ്രമിച്ചുകൊണ്ടിരിക്കുന്നത്." (ചന്ദ്രിക)

"ഇസ്‌ലാമിന്റെ അടിസ്ഥാന സിദ്ധാന്തമായ ലാ ഇലാഹ ഇല്ലല്ലാഹുവിൽ, അഥവാ തൗഹീദിൽതന്നെയാണ് കേരളാ മുസ്‌ലിംകൾ ഭിന്നിച്ചിരിക്കുന്നത്." (ജമാഅത്തെ ഇസ്‌ലാമി പരിവർത്തനത്തിലൂടെ - മുഹമ്മദലി സുല്ലമി പേ. 105) "വഹാബികളും മുസ്‌ലിംകളും തമ്മിൽ ശാഖാപരമായ കാരണങ്ങളാൽ വേറിട്ട് നിൽക്കുന്നവരാണെന്ന് ഒരു വിഭാഗം ആളുകൾ ധരിച്ചിട്ടുണ്ട്. അത് ശരിയല്ല. തികച്ചും അടിസ്ഥാനപരമായ കാരണങ്ങളാലാണ് വഹാബികൽ ഇസ്‌ലാമിന്റെ മുഖ്യധാരയിൽ നിന്ന് പുറത്തുപോയത്." (വഹാബി - വഞ്ചനയുടെ കാണാപ്പുറങ്ങൾ' - ഹനീഫ് ഫൈസി നെല്ലിക്കാട്ടിരി)

പട്ടിക്കാട് ജമാഅത്തെ: നൂരിയ്യ: സമ്മേളനത്തിൽ റഹ്മത്തുള്ള ഖാസിമി മുത്തേടം എന്ന ഇ.കെ. സുന്നി പണ്ഡിതൻ എ.പി. ഉസ്താദിനെതിരെ പ്രസംഗിച്ചത് ഇങ്ങനെ:

"എ.പി. വിഭാഗമെന്നത് ഉളുപ്പില്ലാത്ത ഖൗമാണ്. (അപ്പോൾ സദസ്സിൽ നിന്നും തക്ബീർ മുഴങ്ങി) നിങ്ങൾ തക്ബീർ ചൊല്ലാൻ വേണ്ടി പറയുകയാണെന്ന് വിചാരിക്കട്ടെ. ഉളുപ്പുണ്ടെങ്കിൽ അവൻ പലിശക്കെതിരെ കാമ്പയിൻ നടത്തുമായിരുന്നോ? മലയാളത്തിൽ ഉളുപ്പ് എന്നൊരു വാക്കുണ്ട്. അതയാൾക്കില്ലേ?.... അയാൾ പറഞ്ഞത് രണ്ട് കോടി ഞാൻ പലിശകൾ കൊടുത്തു. ബാക്കി പലിശക്കുള്ള പണം എന്റെ കയ്യിലുണ്ട്. നിങ്ങൾ മറന്നോ? അയാളും അയാളെ പേറിയോനും നാറും. രണ്ട് ശുദ്ധിയുള്ളവർക്കാണ് തസ്കിയത്ത് ചെയ്യാൻ അർഹത. ലൈംഗിക ശുദ്ധിയും, സാമ്പത്തിക ശുദ്ധിയും. രണ്ടും ഇയാൾക്കില്ല. (വീണ്ടും തക്ബീർ) ഇയാൾ എങ്ങിനെയാണ് തസ്കിയത്ത് നടത്തുക. എന്നെക്കൊണ്ട് പറയിപ്പിക്കണ്ട... ഇയാൾ നായയേക്കാൾ മോശമാ

*(ശേഷം 41-ൽ)*

എം. മുബാറക്ക് അഹ്മദ്, കരുനാഗപ്പള്ളി

ലേഖനം

# അത്ഭുതങ്ങൾ നിറഞ്ഞ ആകാശം

## ആകാശത്തിൽ നമുക്ക് ദൃശ്യവും അദൃശ്യവുമായ അനേകം വസ്തുക്കളുണ്ട്

ചന്ദ്രികയും മറ്റു വെളിച്ചങ്ങളും ഇല്ലാത്ത രാത്രികളിൽ ആകാശത്തു വടക്കു കിഴക്കുഭാഗത്തു ഒരു വെളുത്ത മേഘപാളി പോലെ ഇതിനെ നഗ്ന നേത്രം കൊണ്ടു കാണാൻ കഴിയും. ആഡ്രോമീഡയെ കാണാൻ ആഡ്രോമീഡനക്ഷത്രരാശിയിൽ അതായത് നമ്മുടെ ആകാശ ഗംഗയിൽ നക്ഷത്രങ്ങൾ കൊണ്ട് പണിത് തുറന്നിട്ടിരിക്കുന്ന ഒരു വാതായനം ഉണ്ട്. അതിനുള്ളിലൂടെ നോക്കിയാൽ ആഡ്രോമീഡയെ കാണാൻ കഴിയും. കേരളത്തിൽ ഉള്ളവർക്കു നവമ്പർ ഡിസമ്പർ മാസങ്ങളിൽ ആകാശത്തിന്റെ വടക്കുകിഴക്കു മൂലയ്ക്കായ് ഇത് ദർശിക്കാം. കൃത്യമായി പറഞ്ഞാൽ സന്ധ്യയ്ക്ക് തലയ്ക്കുമുകളിലായി വരുന്ന പെഗാസസ് (Square of Pegasus - ഭാദ്രപഥം) എന്ന നക്ഷത്ര രാശിയെ തുടർന്നു വടക്കുകിഴക്കു ഭാഗത്തായുള്ള ആഡ്രോമീഡരാശിയിലെ (ആഡ്രോമീഡയെ കാണുന്ന ജനൽ ഇവിടെ ആയതിനാലാണ് ആകാശഗംഗയിലുള്ള ഈ നക്ഷത്ര രാശിയ്ക്ക് ഈ പേരു വന്നത്) അൽമാക് എന്ന യുഗ്മതാരത്തിനും ശോഭയേറിയ മിറാക്കിനും ഇടയിലൂടെ നോക്കുമ്പോൾ ഏറ്റവും തിളക്കമാർന്ന ആൽഫാ ആഡ്രോമീഡെ അഥവാ അൽഫെറാറ്റ്സ് പെഗാസസ് ഗണത്തിന്റെ വടക്കു കിഴക്കേ മൂലക്കുള്ള ബീറ്റാ ആൻഡ്രോമീഡേ നക്ഷത്രത്തിന്റെ വടക്കുകിഴക്കുമാറി ഒരുപാൽ പാട പോലെ ആഡ്രോമീഡ ഗാലക്സിയെ നഗ്നനേത്രം കൊണ്ടു കാണാം. ദൂരദർശിനിയുടെ സഹായത്താൽ സർപ്പിള കരങ്ങളെയും മറ്റു നക്ഷത്രങ്ങളെയും കൂടുതൽ മനോഹരമായി കാണാൻ കഴിയും.

1924ൽ ഹബിൾ, വാക്കർ ദൂരദർശിനി ഉപയോഗിച്ചു ആഡ്രോമീഡയിലെ ചരനക്ഷത്രങ്ങളുടെ ചിത്രങ്ങൾ എടുക്കുകയുണ്ടായി. 1940ലും 1955ലുമായി വാൾട്ടർ ബാദേ ഈ ഗാലക്സിയെ സംബന്ധിച്ച് നക്ഷത്രങ്ങളെ വേർതിരിച്ച് കൂടുതൽ വിവരങ്ങൾ നല്കുകയുണ്ടായി. ഇവിടെയും വൻതോതിൽ അദൃശ്യ പിണ്ഡം (Dark marks) ഒളിഞ്ഞുകിടക്കുന്നതായും വ്യക്തമായി.

ആകാശഗംഗയും അഡ്രോമീഡയും ലോക്കൽഗ്രൂപ്പ് ഗാലക്സികളിൽപെട്ടതാണെന്ന് മുൻപ് സൂചിപ്പിച്ചിരുന്നുവല്ലൊ. ഇതിൽ 35 ഗാലക്സികളാണുള്ളത്. സ്കൾപർ, സെന്റാറസ് എന്നിവ ലോക്കൽഗ്രൂപ്പ് ഗാലക്സികളാണ്. ഈ ഗ്രൂപ്പിൽപ്പെട്ട വിദൂരത്തുനിൽക്കുന്ന പ്രകാശതീവ്രത കുറഞ്ഞു കുള്ളൻഗാലക്സികളെക്കുറിച്ച് ഇനിയും വിവരങ്ങൾ കിട്ടേണ്ടതായിട്ടാണിരിക്കുന്നത്. ഈ വിഭാഗത്തിന്റെ ആകെ പ്രകാശത്തിന്റെ 90 ശതമാനവും ആകാശഗംഗ, ആഡ്രോമീഡ ഗാലക്സികളിൽ നിന്നുമാണ്.

### ആകാശത്ത് വൻമതിലുകളും മുറികളും

ഒരു ഗ്രൂപ്പിൽ 50ഓ അതിലധികമോ ഗാലക്സികളുണ്ടെങ്കിൽ അതിനെ ഗാലക്സി ക്ലസ്റ്റർ എന്നു വിളിക്കുന്നു. 1958ൽ ജോർജ്ജ് ആബേൽ 1682 ഗാലക്സി ക്ലസ്റ്ററുകളെ ഉൾപ്പെടുത്തി ഒരു കാറ്റലോഗ് തയ്യാറാക്കി (Abell Catalogue). നമ്മുടെ ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന വിർഗോക്ലസ്റ്ററിൽ വലുതും ചെറുതുമായ 2500 ഗാലക്സികളുണ്ട്. ഇതിൽനിന്നും 90 എം.പി.സി. ദൂരത്തുള്ള മറ്റൊരു വലിയ ഗാലക്സി ക്ലസ്റ്ററാണ് കോമക്ലസ്റ്റർ, ഗാലക്സി ക്ലസ്റ്ററുകൾ ചേർന്ന് സൂപ്പർ ക്ലസ്റ്ററുകൾ ഉണ്ടാവുന്നു. "വിർഗോ സൂപ്പർ ക്ലസ്റ്റർ, ഹൈഡ്രെ സൂപ്പർ ക്ലസ്റ്റർ, കോമ സൂപ്പർ ക്ലസ്റ്റർ തുടങ്ങി എണ്ണമറ്റ സൂപ്പർക്ലസ്റ്ററുകളുണ്ട് നമ്മുടെ ഈ ഒരൊറ്റ പ്രപഞ്ചത്തിൽ തന്നെ. ഇതെല്ലാം പ്രപഞ്ചത്തിൽ വലിച്ചുവാരി എറിഞ്ഞിരിക്കുകയല്ല. കോടാനുകോടി നക്ഷത്രങ്ങ

ളെയും മറ്റു ദൃശ്യവസ്തുക്കളെയും പേറി നില്ക്കുന്ന ഗാലക്സി ക്ലസ്റ്ററുകൾ കൊണ്ട് പ്രപഞ്ചത്തിൽ വൻ മതിലുകളും അവയ്ക്കുള്ളിൽ വിശാലമായ മുറികളും, അതിവിശാലമായ അതായതു മനുഷ്യഭാവനയിൽ ഒതുങ്ങാത്തത്ര വിസ്താരമേറിയ മുറികൾ തിരിച്ചിട്ടിരിക്കുന്നു എന്നു കേട്ടാൽ ആരാണ് അത്ഭുതപ്പെടാത്തത്. ഈ മുറികളുടെ ഉൾവശം പൂർണ്ണമായും ശൂന്യമല്ല. ചുമരുകളായ ഗാലക്സി ക്ലസ്റ്ററുകൾ കഴിഞ്ഞാൽ 90 ശതമാനത്തിൽ അധിക സ്ഥലവും അദൃശ്യവസ്തുക്കളിൽപ്പെട്ട ഇരുണ്ട പദാർത്ഥം ആണ്. ഇതിന്നുള്ളിൽ സ്രഷ്ടാവ് എന്താണ് ഒളിപ്പിച്ചു വച്ചിരിക്കുന്നത് എന്ന് ഒരു സൃഷ്ടിയ്ക്കും അറിയില്ല.

എല്ലാ വസ്തുക്കളെയും ചില നിശ്ചിതവ്യവസ്ഥകളനുസരിച്ചാണ് നാം സൃഷ്ടിച്ചിരിക്കുന്നത് (54:50) പ്രപഞ്ചത്തിലെ ദൃശ്യാദൃശ്യവസ്തുക്കളെ വെറുതെ വലിച്ചുവാരി എറിഞ്ഞിരിക്കുകയല്ല എന്നു മുകളിൽ വായിച്ചുവല്ലൊ.

**(അവൻ) അദൃശ്യകാര്യങ്ങൾ അറിയുന്നവനാണ്. അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തികൊടുക്കുന്നതല്ല.** (72:27)

മനുഷ്യന് അല്പജ്ഞാനം മാത്രമെ നല്കിയിട്ടുള്ളൂ എന്ന് 17:85ലും പ്രസ്താവിച്ചിട്ടുള്ളതാണ്. നമ്മുടെ ഭൗതിക പ്രപഞ്ചത്തിൽ തന്നെ അജ്ഞാതവും അദൃശ്യവുമായ വിശാലമേഖലകളുണ്ടെന്നിരിക്കെ അദൃശ്യമായ പരലോകത്തെക്കുറിച്ച് നിഷേധിക്കാൻ എന്താണ് ന്യായം. അദൃശ്യമായ സ്വർഗ്ഗത്തിൽ നിങ്ങൾക്കായ് ഏതെല്ലാം വസ്തുക്കളാണ് ഒരുക്കി ഒളിപ്പിച്ചുവച്ചിരിക്കുന്നത് എന്ന ഖുർആനിക അധ്യാപനത്തിന്റെ പ്രസക്തി എത്ര കണ്ടു വർദ്ധിക്കുന്നുണ്ടെന്നൊ. ഇതുപോലെ ഒളിഞ്ഞുനിൽക്കുന്ന മറ്റൊരു അദൃശ്യയാഥാർത്ഥമാണ് നരകവും.

'.................. **അവന്റെ അറിവിൽപെട്ട ഒരു കാര്യവും അവൻ ഉദ്ദേശിച്ചതല്ലാതെ മനുഷ്യൻ അറിയുക ഇല്ല.' അവന്റെ സിംഹാസനം (ആധിപത്യം – അറിവ്) പ്രപഞ്ചങ്ങളിലും ഭൂമിയിലും വ്യാപിച്ചുനില്ക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല....'** (2:256)

''**ഒരു വസ്തുവിന്റെയും ഭണ്ഡാരം നമ്മുടെ പക്കൽ ഇല്ലാതില്ല. പക്ഷെ സുനിശ്ചിതമായ ചില അളവുകളനുസരിച്ചേ നാം അവയെ (മനുഷ്യർക്കും മറ്റും) വിട്ടുകൊടുക്കുകയുള്ളൂ.** (15:22)

**തീർച്ചയായും സർവ്വലോക സൃഷ്ടാവും സർവ്വതും അറിയുന്നവനും നിന്റെ രക്ഷിതാവും തന്നെയാണ്.** (5:87)

**'പ്രപഞ്ചഭൂമികളെയും അവയ്ക്കിടയിലുള്ള വസ്തുക്കളെയും ന്യായമായ ആവശ്യാർത്ഥം തന്നെയാണ് നാം സൃഷ്ടിച്ചിരിക്കുന്നത്** (15:86)

'.................. **അവൻ സർവ്വപ്രപഞ്ചങ്ങളുടെയും നാഥനാണ്.'** (41:10)

### രണ്ടു കുള്ളന്മാർ

ആന്ഡ്രോമീഡയെക്കാൾ ആകാശഗംഗയോട് ഏറ്റവും അടുത്തുകിടക്കുന്ന രണ്ടു കുള്ളൻ ഗാലക്സികളുണ്ട്. മുൻപ് പറഞ്ഞ വിഖ്യാത അറബി (പേർഷ്യൻ) ജ്യോതിശാസ്ത്രജ്ഞൻ അൽസൂഫി) നൂറ്റാണ്ടുകൾക്കു മുൻപ് അദ്ദേഹത്തിന്റെ കിത്താബ്അൽ സുവർ അൽ കവാകിബ് (Book of the fixed stars) ൽ പശു / കാള എന്നർത്ഥത്തിൽ 'അൽബഖർ' എന്ന പേരു നല്കിയിരിക്കുന്ന വൻമെഗ്ലാനിക് മേഘവും ചെറുമെഘല്ലാനിക് മേഘവും (Small Megallanic Cloud - SMC) ആണിവ. എന്നാൽ 1519ൽ ഫെർഡിനന്റ് മെഗല്ലൻ തന്റെ സഞ്ചാരത്തിനിടയിൽ ഇതിനെ കണ്ടതായി അറിയിച്ചതിനെതുടർന്നു അദ്ദേഹത്തിന്റെ പേരു ഇതിനു നല്കി.

170000 പ്രകാശവർഷം അകലെ നില്ക്കുന്ന LMC ആണ് ആകാശഗംഗയോട് ഏറ്റവും അടുത്തു നിൽക്കുന്നത്. ഇതിന്റെ വ്യാസം 30000 പ്രകാശവർഷത്തിനടുത്തുവരും. ദക്ഷിണാർദ്ധഗോളത്തിൽ കൂടുതൽ ദൃശ്യമാവുന്ന ഡൊറാഡൊ, മെൻസ എന്നീ രാശികൾക്കിടയിലൂടെ ഇതിനെ നേരിട്ടുകാണാം. ഇപ്പോൾ ഇത് ആകാശഗംഗയുടെ ഉപഗ്രഹ ഗാലക്സി പോലെ പരിക്രമണം ചെയ്യുന്നുണ്ട്. ഭാവിയിൽ ഇത് ആകാശഗംഗയിൽ വന്നു ചേരാനും മതി. ഇപ്പോൾ തന്നെ രണ്ടിനും ഇടയ്ക്ക് നക്ഷത്രാന്തരപദാർത്ഥങ്ങൾ കൊണ്ടുള്ള ഒരു പാഠം ഉണ്ടായികഴിഞ്ഞിരിക്കുന്നു. അനവധി നക്ഷത്രങ്ങൾക്കു ജന്മം നൽകുവാൻ കഴിയുന്ന ടറന്റുല നെബുല ഉൾപ്പെടെ 400ലധികം ഗ്രിഹീയ നെബുലകളും ഇതിലുണ്ട്. ഇപ്പോഴും ധാരാളം നവതാരങ്ങൾ ജനിച്ചുകൊണ്ടിരിക്കുന്നു. ആകാശഗംഗയിൽ കാണാത്ത തരം അറുപതോളം നീല ഗ്ലോബുലർ ക്ലസ്റ്ററുകൾ 700 ഓളം ഈ ഗാലക്സിയിൽ കണ്ടെത്തിയിട്ടുണ്ട്. ഏറ്റവും അവസാനമായുണ്ടായ സൂപ്പർനോവ സ്ഫോടനം 1987 എ. ഈ ഗാലക്സിയിലായിരുന്നു.

### ചെറുമെഗല്ലാനിക് മേഘം (SMC)

പതിനയ്യായിരം പ്രകാശവർഷം വിസ്തൃതിയുള്ളതും, അറുപതിനായിരം പ്രകാശവർഷം പിറായി

ലേക്കു വ്യാപിച്ചുകിടക്കുന്നതും നമ്മളിൽ നിന്നും 1,90,000 പ്രകാശ വർഷം അകലെ സ്ഥിതി ചെയ്യുന്നതുമായ ഈ ഗാലക്സിയ്ക്ക്, ആകാശഗംഗയുടെ മൊത്തം പിണ്ഡത്തിന്റെ രണ്ടുശതമാനം മാത്രമെയുള്ളൂ. ടക്കാന രാശിയിലൂടെ ഇതിനെ കാണാം. ആകാശഗംഗയെ ചുറ്റിക്കൊണ്ടിരിക്കുന്ന ഈ ഗാലക്സിയിലും വൻതോതിൽ നക്ഷത്രരൂപീകരണം നടക്കുന്നുണ്ട്.

## തവിട്ടുകുള്ളന്മാർ (SMC)

ഒരു ആകാശഗോളം നക്ഷത്രമായി മാറണമെങ്കിൽ സൂര്യന്റെ 0.084 മടങ്ങു പിണ്ഡമെങ്കിലും ഉണ്ടായിരിക്കണം. ഇതിൽ കുറവുള്ള നക്ഷത്രങ്ങൾ നക്ഷത്രപരിണാമത്തിൽ പൂർണ്ണ നക്ഷത്രമാകുന്നതിൽ പരാജയപ്പെടുകയും തീരെ മങ്ങിയ ശോഭയോടുകൂടി ഗ്രഹവുമല്ല നക്ഷത്രവുമല്ല എന്ന അവസ്ഥയിൽ നിലകൊള്ളുന്നു. ഇതിനെ തവിട്ടുകുള്ളന്മാർ എന്ന് പറയുന്നു. 2500 ഡിഗ്രി സെൽഷ്യസിലും താഴെ ഊഷ്മാവുള്ള ഇതിന് വ്യാഴത്തിന്റെ 80 ഇരട്ടി വലിപ്പം ഉണ്ടാവും. ഇത് അധികവും നഗ്നനേത്രങ്ങൾക്ക് അദൃശ്യവും ആയിരിക്കും. ഓരോ ഗാലക്സികളിലും നക്ഷത്രങ്ങൾക്കു തുല്യ എണ്ണം തവിട്ടു കുള്ളന്മാരും ഉണ്ടെന്നാണ് ശാസ്ത്രജ്ഞന്മാരുടെ കണക്കുകൂട്ടൽ.

ഇതുവരെ കണ്ടെത്തിയതിൽ വെച്ച് ഏറ്റവും വലിയ നക്ഷത്രം V.Y. കാനിസ് മെജോറിസ് (V.Ys. Canis Majoris) ആണ്. 4900 പ്രകാശവർഷം അകലെ നില്ക്കുന്ന ഇതിന് സൂര്യന്റെ 2100 ഇരട്ടി വലിപ്പമുണ്ട്. ഏറ്റവും പ്രായമേറിയ നക്ഷത്രം H.E. 152, 3 – 0901 ആണ്. 1320 കോടി വർഷമാണ് ഇതിന്റെ പ്രായം.

ഈ ഒരു പ്രപഞ്ചത്തിലെ ബില്യൺ കണക്കായ ഗാലക്സികളിൽ കേവലം രണ്ടു ഗാലക്സികളെയും അവയുടെ രണ്ട് ഉപഗാലക്സികളെയും വളരെ ചുരുക്കി മാത്രമെ ഇവിടെ പ്രതിപാദിച്ചിട്ടുള്ളൂ.

Our galaxy is only one of some hundred thousand million / galaxies that can be seen using modern telescope and each galaxy itself containing some hundred thousand million stars. എന്നാണ് അമേരിക്കൻ അസ്ട്രോണമറായ എഡ്വിൻ ഹബ്ബിന്റെ സിദ്ധാന്തത്തെപ്പറ്റി സ്റ്റീഫൻ ഹാക്കിങ്ങ്സ് പ്രസ്താവിച്ചിട്ടുള്ളത്. (ഇപ്പോൾ ഇതിനെക്കാൾ എത്രയോ മടങ്ങു നക്ഷത്രങ്ങളെ ഓരോ ഗാലക്സിയിലും കണ്ടെത്തി കഴിഞ്ഞിരിക്കുന്നു).

'നക്ഷത്രനിബിഡമായ ആകാശത്തെ കൊണ്ട് സത്യം (ഖുർആൻ)

## ഇരട്ട നക്ഷത്രങ്ങൾ

ആകാശത്തു കാണുന്ന മറ്റൊരു അതിശയമാണ് നാം നോക്കുമ്പോൾ ഒറ്റ നക്ഷത്രമായി കാണുന്ന പലതും ഇരട്ട നക്ഷത്രങ്ങളാണെന്നുള്ള വസ്തുത. ചിലപ്പോൾ ഒറ്റ നക്ഷത്രമായിട്ടാണ് ദൃശ്യമാവുക. ഇതിനെ ഇരട്ട നക്ഷത്രങ്ങ (Bindries) ളെന്ന് പറയും. ഇതു പലപ്പോഴും ഭൂമിയിൽ നിന്നും വ്യത്യസ്ത ദൂരങ്ങളിലാണെങ്കിലും ഒന്നിന് അടുത്തായി മറ്റൊന്നു കാണുമ്പോൾ രണ്ടും കൂടി ഒരു നക്ഷത്രമായിട്ടേ നമുക്കു കാണപെടുകയുള്ളൂ. ഇവയെ Visual binaries എന്നു പറയും. സപ്തർഷി മണ്ഡലത്തിലെ അരുന്ധതി (Mizar) വസിഷ്ഠൻ (Alcor) എന്നിവ ദൃശ്യ ഇരട്ടകളാണ്. കൂട്ടു നക്ഷത്രങ്ങളിൽ ഒന്നിന്റെ കാന്തിവാനവും ഭാരവും മറ്റേതിനെ അപേക്ഷിച്ചു വളരെ കൂടുതലുള്ളതിന് ഉദാഹരണമാണ് നാം ആകാശത്തു കാണുന്ന ഏറ്റവും തിളക്കമാർന്നതും കാഴ്ചയിൽ ഏറ്റവും വലുതുമായ സിറിയസ് Aയും സിറിയസ് Bയും.

## ആകാശക്കണ്ണാടി

പ്രപഞ്ചത്തിലെ വിദൂരവസ്തുക്കളുടെയും, ഗാലക്സികളുടെയും പ്രതിബിംബങ്ങൾ കാണിക്കുന്ന പ്രതിഭാസം ഗുരുത്വ ലൻസിങ്ങ് (gravitational lensing) എന്ന് അറിയപ്പെടുന്നു.

ദൂരെയുള്ള ക്വാസാറിൽ നിന്നോ, ഗാലക്സിയിൽ നിന്നോ വരുന്ന പ്രകാശം അടുത്തുള്ള ഗാലക്സികളുടെയോ തമോഗർത്തങ്ങളുടെയോ സാന്നിദ്ധ്യം മൂലം ഐൻസ്റ്റൈൻ സാമാന്യ ആപേക്ഷികതാസിദ്ധാന്തമനുസരിച്ച് വക്രതയ്ക്കു വിധേയമാവുകയും പ്രകാശപാതയ്ക്ക് വ്യതിചലനം സംഭവിച്ച്, വിദൂരവസ്തുവിന്റെ നേരിട്ടുള്ള പ്രതിബിംബവും ഇതിനു പുറമെ ലെൻസിങ്ങിലൂടെയുള്ള പ്രതിബിംബവും ഉണ്ടാവാറുണ്ട്. ലെൻസായി പ്രവർത്തിക്കുന്ന വസ്തു ഗാലക്സി ക്ലസ്റ്റർ ആണെങ്കിൽ അനവധി പ്രതിബിംബങ്ങളും ഉണ്ടാവാറുണ്ട്. 1937ൽ ഫ്രിറ്റ് സ്വിക്കിയാണ് ഈ പ്രതിഭാസം ആദ്യമായി അവതരിപ്പിച്ചത്. തുടർന്ന് ഡെനിസ് വാൻഷ്, റേവെയ്മൻ, റോബർട്ടു കാൽസ്വെൽ എന്നിവർ നടത്തിയ കൂട്ടായ പഠനഫലമായി ഒരു ഇരട്ട ക്വാസാറിനെയും അതിന്റെ (0957+561) പ്രതിബിംബവും 1979ൽ കണ്ടെത്തുകയുണ്ടായി. മെക്സിക്കോയിലെ Cosmic Lens Allsky Survey (CLASS) എന്ന സ്ഥാപനം ഇപ്രകാരമുള്ള 22 ലെൻസിങ്ങ് സംവിധാനങ്ങൾ 2009 വരെ കണ്ടെത്തിയിട്ടുണ്ട്. (തുടരും) ■

കുറിപ്പുകൾ

മുസാഫിർ

# അമേരിക്ക ഇറാഖിൽ ചെയ്തത്

സദ്ദാം ഹുസൈന്റെ ഭീകരഭരണത്തിൽ നിന്നും ഇറാഖികളെ മോചിപ്പിക്കാനാണെന്ന് പറഞ്ഞാണ് അമേരിക്ക ഇറാഖ് അധിനിവേശം നടത്തുകയും സദ്ദാം ഹുസൈനെ തൂക്കിക്കൊല്ലുകയും ചെയ്തത്. ആ അമേരിക്ക ഇറാഖിൽ ചെയ്തത് മനുഷ്യമനസ്സിനെ കിടിലം കൊള്ളിക്കുന്ന മൃഗീയ പീഡനങ്ങളും നരഹത്യയുമാണ്. അപസർപകരീതിയിൽ അന്വേഷണാത്മകമായി വസ്തുതകൾ പുറത്തുകൊണ്ടുവരുന്ന മാധ്യമസ്ഥാപനമായ 'വിക്കിലീക്സ്' വെബ്സൈറ്റാണ് ഒക്ടോബർ 23 ശനിയാഴ്ച ഞെട്ടിപ്പിക്കുന്ന ഈ വിവരങ്ങൾ പുറത്ത് വിട്ടത്. ഇതിനു മുമ്പ് യു.എസ്. സേന അഫ്ഗാനിസ്ഥാനിൽ നടത്തിയ നരവേട്ടകളെ പറ്റിയും ഇതേ വെബ്സൈറ്റ് വിവരങ്ങൾ വെളിപ്പെടുത്തിയിരുന്നു.

2004 മുതൽ 2009 വരെയുള്ള കാലയളവിൽ പട്ടാള ചെക്ക് പോയിന്റുകളിൽ യാതൊരു പ്രകോപനവുമില്ലാതെ പിഞ്ചു ബാലികമാരടക്കം സ്ത്രീകളുൾപ്പെടെയുള്ളവരെ നിർദ്ദയം വെടിവെച്ച് കൊലപ്പെടുത്തുക മൃഗീയമായ പീഡനം നടത്തുക, ജയിലിൽ വെച്ച് മർദ്ദിക്കുക മുതലായ ക്രൂരതകൾ പല അമേരിക്കൻ പട്ടാളക്കാരുടേയും വിനോദമായിരുന്നുവത്രെ. ഇത്തരത്തിലുള്ള നൂറുകണക്കിന് വിവരങ്ങളാണ് രേഖകളിലുള്ളത്. യു.എസ്. ചരിത്രത്തിലെ ഏറ്റവും വലിയ സൈനികരഹസ്യച്ചോർച്ചയായി ഇത് വിവരിക്കപ്പെടുന്നു. ആറുവർഷക്കാലയളവിൽ ഇറാഖിൽ 1,09,032 പേർ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടതായാണ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്. ഇതിൽ 66,081 പേർ സാധാരണ സിവിലിയന്മാരാണ്.

വിക്കിലീക്സ് ചോർത്തിയ രേഖകൾ ആഴ്ചകൾക്ക് മുമ്പേ ദി ന്യൂയോർക്ക് ടൈംസ്, ലണ്ടനിലെ ദി ഗാർഡിയൻ, ഫ്രാൻസിലെ മോണ്ടെ, ജർമനിയിലെ ഡെൻ സ്പീഗൽ എന്നീ പത്രങ്ങൾക്കും അൽ ജസീറ ടെലിവിഷൻ ചാലനിലും നൽകിയിരുന്നു. ശരീരത്തിൽ കൊടിയ പീഡനമേറ്റ പാടുകളോടെ 95 തടവുകാരെ ഒരു ഇടുങ്ങിയ തടവറയിൽ കണ്ണുകെട്ടിയിരുത്തി നടത്തിയ നടുക്കുന്ന പീഡനങ്ങൾ ഒരു രേഖയിൽ വിവരിക്കുന്നുണ്ട്. കൂട്ടമർദ്ദനം, വീടുകൾക്കേനേരെ വിമാനങ്ങളിൽ നിന്നും ആക്രമണം, ഊഹാതീതവും മനുഷ്യമനസ്സിന് ഉൾക്കൊള്ളാൻ കഴിയാത്തതുമായ മാരകമായ ഭേദ്യങ്ങൾ മുതയായ എണ്ണിയാലൊടുങ്ങാത്ത ഭയാനകക്രൂരതകളാണ് യു.എസ്. സൈന്യം ഇറാഖിൽ ചെയ്തതെന്ന് വിക്കീ ലീക്സ് പറയുന്നു. ഗ്വണ്ടനാമോയിലും അബൂഗുറൈബിലെയും കിരാതമായ ചോദ്യം ചെയ്യൽ മുറകളുടെ പേരിൽ ഇത് വരെ അമേരിക്ക പ്രതിക്കൂട്ടിലായിട്ടില്ല. ലോകത്ത് മനുഷ്യാവകാശധ്വംസനമുണ്ടായാൽ സടകുടഞ്ഞെഴുന്നേറ്റ് അവിടേക്ക് കുതിക്കുന്ന അമേരിക്ക പറയുന്നതും ചെയ്യുന്നതും തമ്മിലുള്ള അന്തരം ഭീകരമാണ്.

സദ്ദാമിനെതിരെ പടനയിച്ച അമേരിക്ക ഒരു യുദ്ധനിയമവും പാലിച്ചില്ല. ഈ കിരാതകൃത്യങ്ങൾ യുദ്ധകുറ്റകൃത്യങ്ങളിൽപ്പെടുന്നതാണ്. അന്താരാഷ്ട്ര ക്രിമിനൽ കോടതി (ICC) അമേരിക്കയുടെ ഈ കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യേണ്ടതുണ്ട്. 2006ൽ അന്താരാഷ്ട്ര ക്രിമനൽ കോടതിയുടെ മുമ്പിൽ ഇറാഖ് അധിനിവേശം നിയമാനുസൃതമാണോ എന്ന പരാതി വളരെയധികം പേർ ഉന്നയിച്ചിരുന്നു. ഈ പരാതി പരിശോധിക്കാൻ അന്താരാഷ്ട്ര ക്രിമിനൽ കോടതിക്ക് അധികാരമില്ല. അത് പോലെ യുദ്ധകുറ്റകൃത്യങ്ങളെ സംബന്ധിച്ച പരാതിയും ഉന്നയിക്കപ്പെട്ടിരുന്നു. അന്ന് മതിയായ തെളിവില്ല എന്ന് പറഞ്ഞ കോടതി അതെല്ലാം തള്ളുകയാണുണ്ടായത്. ഇപ്പോൾ വീക്കീലീക്സ് പുറത്ത് വിട്ട യു.എസ്. സൈനിക രേഖകൾ യു.എസ്. അതിക്രമങ്ങൾക്ക് മതിയായ തെളിവ് നൽകുന്നു. അന്താരാഷ്ട്രാ ക്രിമിനൽ കോടതി അമേരിക്കൻ സൈന്യത്തെ വിചാരണക്ക് വിധേയമാക്കുമോ എന്നാണ് ലോകത്തിന് അറിയേണ്ടത്.


അധികാരത്തിന്റേയും ശക്തിയുടേയും സമ്പത്തിന്റേയും ബലത്തിൽ ദുർബലരേയും നിസ്സഹായ

# കേരള മജ്‌ലിസുകൾക്ക് അംഗീകാരം

ഖാദിയാൻ : ദേശീയ മജ്‌ലിസ് അൻസാറുല്ലാഹ് ഖുദ്ദാമുൽ അഹ്മ ദിയ്യാ സമ്മേളനങ്ങളിൽ ഏറ്റവും നല്ല അൻസാർ ഖുദ്ദാം മജ്‌ലിസു കളെ തിരഞ്ഞെടുത്തതിൽ കേരള ത്തിലെ മജ്‌ലിസുകൾ മുന്നിട്ടു നിന്നു. ഏറ്റവും നന്നായി പ്രവർ ത്തിച്ച മജ്‌ലിസ് അൻസാറുല്ലായുടെ നഗര/ഗ്രാമ മജ്‌ലിസുകളിൽ ഖലീ ഫത്തുൽ മസീഹ് തിരഞ്ഞെടുത്ത 10 വീതം മജ്‌ലിസുകളിൽ നഗരവി ഭാഗത്തിൽ കേരളത്തിൽ നിന്നുള്ള മജ്‌ലിസുകളുടെ പേരും ബ്രാക്ക റ്റിൽ സ്ഥാനവും യഥാക്രമം: മാത്തോട്ടം (4) എറണാകുളം (5) കോഴിക്കോട് (6) കൊച്ചി (7) കരു നാഗപ്പള്ളി (9) എടപ്പാൾ (10) ഗ്രാമ വിഭാഗത്തിൽ ചേലക്കര (3), കരു ളായി (5), ഐരാപുരം (7) മഞ്ചേ ശ്വരം (8) മാത്ര (9) ആദിനാട് (10) എന്നിവർക്കും മേഖലാവിഭാഗത്തിൽ എറണാകുളം (2) തിരുവനന്തപുരം (3) കോഴിക്കോട് (5) സ്ഥാനവും കര സ്ഥമാക്കിയതായി അൻസാറുല്ല കേരള സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ് അറിയിച്ചു.

### ഖുദ്ദാമുൽ അഹ്മദിയ്യാ

അഖിലേന്ത്യാ തലത്തിൽ മജ്‌ ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഏറ്റവും നല്ല രണ്ടാമത്തെ സോ ണൽ ഖായിദായി സി. ഷെമിം സാഹിബ് (കോഴിക്കോട്) നോർത്ത് ഇലാഖാ ഖായിദ്, കേരളം തിരഞ്ഞെ ടുക്കപ്പെട്ടു. ഏറ്റവും നല്ല മജ്‌ലിസി നുള്ള രണ്ടാം സ്ഥാനം മാത്തോട്ടം, ഏഴാം സ്ഥാനം കരുളായി, പത്താം സ്ഥാനം കോഴിക്കോടും കരസ്ഥമാ ക്കിയതായി കേരള നോർത്ത് ഇലാഖാ ഖായിദ് സി. ഷമീം സാഹിബ് അറിയിച്ചു.



സി. ഷെമിം
(നോർത്ത് ഇലാഖാ ഖായിദ്, കേരള)

---

രേയും അടിച്ചമർത്തി ലോകം കീഴ ടക്കാൻ ഇറങ്ങി പുറപ്പെട്ടവരെല്ലാം സനാതനമായ ദൈവികനിയനിയതി യുടെ പ്രഹരമേറ്റ് മണ്ണോട് ചേർന്നു പോയ ചരിത്രം അമേരിക്കയും പാശ്ചാത്യ നാഗരികതയും തിരിച്ചറി യേണ്ടതുണ്ട്. സുഖസമൃദ്ധിയിൽ ആറാടിനിന്ന് ക്രൂരതയും മർദ്ദനവും കൊണ്ട് ഇരുണ്ട അദ്ധ്യായങ്ങൾ ചരി ത്രത്തിൽ എഴുതിച്ചേർത്തവർ അവ സാനം എല്ലാം നഷ്ടപ്പെട്ട് മണ്ണടി ഞ്ഞുപോയവരാണ്. ഈ ചരിത്രം വിവരിച്ചുകൊണ്ട് ഖുർആൻ പറ യുന്നു:

**'എന്നിട്ട് അദ്ദേഹം പ്രാർത്ഥിച്ചു: "തീർച്ചയായും ഇക്കൂ ട്ടർ കുറ്റവാളികളായ ജനതയാകു ന്നു... നിശ്ചയമായും അവർ മുക്കി ക്കൊല്ലപ്പെടുന്ന ഒരു സൈന്യമാ ണ്. എത്രയെത്ര ഉദ്യാനങ്ങളും അരുവികളുമാണ് അവർ ഉപേക്ഷി ച്ചുപോയത്. എത്രയെത്ര കൃഷി സ്ഥലങ്ങളും എത്രയെത്ര മനോഹ രമായ വാസസ്ഥലങ്ങളും എത്ര യെത്ര സുഖസൗകര്യങ്ങളും അവ രതിൽ ആനന്ദിച്ചുകൊണ്ടിരിക്കുക യായിരുന്നു. അതങ്ങനെ തന്നെ യാണ്. അതെല്ലാം മറ്റൊരു ജന തക്ക് നാം അനന്തരാവകാശമായി നൽകി. അപ്പോൾ ആകാശവും ഭൂമിയും അവർക്കുവേണ്ടി കര ഞ്ഞില്ല. അവർ അവധി നൽകപ്പെ ട്ടവരായതുമില്ല.** (44:30) ■

---

*(36-ൽ നിന്ന് തുടർച്ച)*

ണെന്നാമ് റാസി തഫ്സീറിൽ പറ ഞ്ഞത്." (സെൻസിംഗ് - മാർച്ച് 2008. പേ. 150

മുകളിലെ ഉദ്ധരണികളിലെ വിശദീകരണത്തിനൊന്നും ഈ ലേഖകൻ മുതിരുന്നില്ല. വായനക്കാർ സത്യാന്വേഷികളും അല്ലാഹുവി നോട് ഭയമുള്ളവരുമാണെങ്കിൽ വി. ഖുർആനിലൂടെ അല്ലാഹു പറഞ്ഞ തനുസരിച്ച് അവർ ചിന്തിക്കട്ടെ. ഈ ഉമ്മത്തിന്റെ അധഃപതനത്തെപ്പറ്റി റസൂൽ(സ) നടത്തിയ പ്രവചന ങ്ങൾ, പിന്നീട് ഇന്നത്തെ മുസ്‌ലിം ഉമ്മത്തിലും പണ്ഡിതന്മാരിലും കണ്ടുവരുന്ന മൂല്യശോഷണത്തി ന്റെ രീതി താരതമ്യപഠനം നടത്തു ക. ഖൈറുൽ ഉമ്മത്തിന്റെ പാതയിൽ തന്നെയാണോ ഈ ഉമ്മത്ത് ചരി ച്ച്കൊണ്ടിരിക്കുന്നത്? ഇവരുടെ ആലിംകൾ ഫിത്ന സൃഷ്ടിക്കു കയും അത് അവരിലേക്ക് തന്നെ തിരിച്ചുപോകുകയും ചെയ്യുന്നത് എത്ര സത്യമായി പുലർന്നു. ഇവർ റസൂൽ തിരുമേനി(സ)യുടെ തിരുവ രുൾ പ്രകാരം ആകാശത്തിന് താഴെ ഏറ്റവും നികൃഷ്ടജന്തുവായി അധഃ പതിച്ചിട്ടില്ലേ? ചിന്തിക്കുക. ■

വാർത്തകൾ

# പ്രധാനമന്ത്രി മൻമോഹൻസിംഗ് പ്രൊ. അബ്ദുസ്സലാമിനെ അനുസ്മരിക്കുന്നു




ഹൈദരാബാദ് : ഒക്ടോബർ 19. പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് പാകിസ്താൻ നോബൽ സമ്മാന ജേതാവ് പ്രൊഫ. അബ്ദുസ്സലാമിനെ ആദരാഞ്ജലികളർപ്പിക്കുകയും താൻ അബ്ദുസ്സലാമുമായി ഒന്നിച്ചു പ്രവർത്തിച്ച കാംബ്രിഡ്ജ് ദിനങ്ങൾ അനുസ്മരിക്കുകയും ചെയ്തു. 'ദ അക്കാദമി ഓഫ് സയിൻസ് ഫോർ ഡവലപ്പിങ്ങ് വേൾഡ്'ന്റെ 21-ാം ജനറൽ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തേർഡ് വേൾഡ് അക്കാദമി ഓഫ് സയിൻസ് എന്ന പേരിൽ ആരംഭിച്ച ഈ അന്തർദ്ദേശീയ സ്ഥാപനത്തിന്റെ സ്ഥാപകനാണ് പ്രൊഫ. അബ്ദുസ്സലാം. അബ്ദുസ്സലാം അത്യുജ്ജ്വലനായ ഭാവനാസമ്പന്നായിരുന്നുവെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു.

മനുഷ്യനാഗരികതയുടെ മുന്നോട്ടുള്ള ഗതിയിൽ മൂന്നാം ലോകരാജ്യത്തിലെ ശാസ്ത്രജ്ഞന്മാർ ഐക്യത്തോടെ പ്രവർത്തിക്കേണ്ടതിനെ സംബന്ധിച്ച് പ്രൊഫ. അബ്ദുസ്സലാമിന് വ്യക്തമായ കാഴ്ചപ്പാടും അവരുടെ കഴിവിൽ അഗാധ വിശ്വാസവുമുണ്ടായിരുന്നു. ഇതാണ് 1983ൽ തേർഡ് വേൾഡ് അക്കാദമി ഓഫ് സയിൻസ് സ്ഥാപിക്കാൻ അബ്ദുസ്സലാമിന് പ്രചോദനമായതെന്ന് പ്രധാനമന്ത്രി മൻമോഹൻസിങ്ങ് പറഞ്ഞു.

1950 മുതൽ അബ്ദുസ്സലാമിനെ അടുത്തറിയാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. കാംബ്രിഡ്ജിൽ സെന്റ് ജോൺസ് കോളേജിൽ ഞാൻ അന്ന് ബിരുദവിദ്യാർത്ഥിയായിരുന്നു. പ്രൊഫ. സലാം സെന്റ് ജോൺസ് കോളേജിലെ ഫെലോയും ആയിരുന്നു. പിന്നീട് താൻസാനിയൻ പ്രസിഡണ്ടായിരുന്നു. പ്രൊഫ. ജൂലിയസ് നരേരെ തലവനായുള്ള സൗത്ത് കമ്മീഷൻ റിപ്പോർട്ടിന്റെ പ്രവർത്തനങ്ങൾക്കായി ഞങ്ങൾ ഒന്നിച്ച് പ്രവർത്തിക്കുകയുണ്ടായി എന്ന് മൻമോഹൻ സിങ്ങ് അനുസ്മരിച്ചു.

ഈ ആവശ്യാർത്ഥം നിരവധി തവണ ഞാൻ അബ്ദുസ്സലാമിനെ സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഗാധമായ വിവേകം അതിവിപുലമായ ജ്ഞാനവും വാസ്തവത്തിൽ അസാധാരണമായിരുന്നു. ഈ മഹാനായ നേതാവിന് ഞാൻ എന്റെ വിനീതമായ ആദരാഞ്ജലികളർപ്പിക്കുന്നു. നമുക്കെല്ലാം ഫലമെടുക്കാൻ കഴിയുന്ന സഹകരണത്തിന്റേയും പങ്കാളിത്വത്തിന്റേയും പാത അദ്ദേഹമാണ് കാണിച്ചുതന്നത്. 1943 വിൻസ്റ്റൺ ചർച്ചിൽ ഹാർഡ്വാർഡ് യൂനിവേഴ്സിറ്റിയിൽ വെച്ച് പറഞ്ഞു: 'ഭാവിയിലെ സാമ്രാജ്യം മനസ്സുകളുടെ സാമ്രാജ്യമാണ്'. ചർച്ചിലിന്റെ ഈ പ്രവചനം അബ്ദുസ്സലാമിനേക്കാൾ നന്നായി ഗ്രഹിച്ചവരില്ലായിരുന്നു. ഈ തലമുറയിലെ ഏറ്റവും അസാധാരണമായ ഒരു ശാസ്ത്രപ്രതിഭയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി പറഞ്ഞു. വിജ്ഞാന സാമ്രാജ്യം കെട്ടിപടുക്കാൻ സലാമിനെപ്പോലെ നിരവധി സ്ത്രീപുരുഷന്മാരെ നമുക്കാവശ്യമുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. (Yahoo India News 'Manmohan Singh pays tributes to Pakistani Scientist Abdul Salam')

* 1979ൽ ഫിസിക്സിൽ നോബേൽ സമ്മാനം നേടിയ അബ്ദുസ്സലാം ലോകപ്രശസ്തനായ ശാസ്ത്രജ്ഞനും സമർപ്പിതനായ അഹ്മദിയുമായിരുന്നു. ■



പ്രൊഫ. അബ്ദുസ്സലാം